# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ഡിസംബർ 15 | ദീപം 55 | നാളം 40 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


### ജി 20 ന് ഇന്ത്യൻ നായകത്വം

# പുതിയ ലോകക്രമത്തിന് വഴി തുറക്കുമോ?




തോമസ് കുഴിഞ്ഞാലിൽ




ജി 20 കൂട്ടായ്മയുടെ അധ്യക്ഷപദം ഡിസംബർ ഒന്നാം തീയതി ഇന്ത്യ ഏറ്റെടുത്തതോടെ നമ്മുടെ രാജ്യത്തിനു നയതന്ത്രബന്ധങ്ങളുടെ ചരിത്രത്തിൽ 2023 നിർണായകവർഷമായി മാറുകയാണ്. വ്യാവസായികവളർച്ചയെറിയതും വളർന്നുവരുന്നതുമായ പത്തൊമ്പതു രാജ്യങ്ങളും യൂറോപ്യൻ യൂണിയനിലെ 28 രാജ്യങ്ങളും ചേർന്ന 47 രാഷ്ട്രങ്ങളുടെ ഈ കൂട്ടായ്മയുടെ നേതൃത്വം കൈവന്നത് ഇന്ത്യയുടെ ചരിത്രത്തിലെ നാഴികക്കല്ലാണ്.

ലോകജനസംഖ്യയുടെ 65 ശതമാനവും ആഗോളവ്യാപാരത്തിന്റെ 75 ശതമാനവും ആകെ ജിഡിപിയുടെ 85 ശതമാനവും കൈകാര്യം ചെയ്യുന്നത് ജി 20 രാജ്യങ്ങളാണ്. ഇക്കാരണത്താൽ, കൂട്ടായ്മയിലെ അംഗങ്ങൾ എടുക്കുന്ന തീരുമാനങ്ങളും നടപ്പാക്കുന്ന നയപരിപാടികളും ലോകസമ്പദ്‌വ്യവസ്ഥയെ നേരിട്ടു ബാധിക്കുന്നവയാണ്.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം ജി 20 ന്റെ അധ്യക്ഷപദം വളരെ പ്രാധാന്യമർഹിക്കുന്നുണ്ട്. ലോകം ഇപ്പോൾ അഭിമുഖീകരിക്കുന്ന സങ്കീർണമായ പ്രശ്നങ്ങളിൽ ഈ കൂട്ടായ്മയുടെ നിലപാടുകൾ ഏവരും ഉറ്റുനോക്കുകയാണ്. ലോകരാജ്യങ്ങൾ ഏറ്റവും കടുത്ത സാമ്പത്തികമാന്ദ്യത്തിലേക്കു കൂപ്പുകുത്തുന്നുവെന്നു മാത്രമല്ല, പല ദരിദ്രരാജ്യങ്ങളും ഭീമമായ കടക്കെണിയിലും കുടുങ്ങിക്കിടക്കുന്നു. യുക്രെയ്നുമേലുള്ള റഷ്യൻ ആക്രമണം വലിയ പ്രതിസന്ധിയാണു സൃഷ്ടിച്ചിരിക്കുന്നത്. ആഗോളതാപനംമൂലമുള്ള കാലാവസ്ഥാവ്യതിയാനത്തിന് അടുത്ത ഭാവിയിലെങ്ങും പരിഹാരം കാണാമെന്ന പ്രതീക്ഷയും അസ്തമിച്ച നിലയിലാണ്.

'ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി' എന്നതാണ് ജി 20 രാജ്യങ്ങളുടെ അടുത്തവർഷത്തെ മുദ്രാവാക്യം. ഇതിനെ 'വസുധൈവ കുടുംബകം' എന്ന് ഇന്ത്യയും വിശേഷിപ്പിക്കുന്നു. നമ്മുടെ അമ്മയായ ഭൂമിയെ സംരക്ഷിക്കുന്നതിനും നമ്മുടെ കുടുംബങ്ങളിൽ ഐക്യം സൃഷ്ടിക്കുന്നതിനും നമ്മുടെ ഭാവിയെക്കുറിച്ചു പ്രതീക്ഷ പകരുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കും. സഹസ്രാബ്ദങ്ങൾ പഴക്കമുള്ള നമ്മുടെ രാജ്യത്തിന്റെ പാരമ്പര്യം അടിസ്ഥാനമാക്കി സുസ്ഥിരവും പരിസ്ഥിതിസൗഹൃദവുമായ ഒരു ജീവിതരീതിയാണ് സ്വീകരിക്കേണ്ടത്. ലോകം ഇന്ന് അഭിമുഖീകരിക്കുന്ന തീവ്രവാദവും പകർച്ചവ്യാധികളും കാലാവസ്ഥാവ്യതിയാനംപോലുള്ള സങ്കീർണപ്രശ്നങ്ങളും പരിഹരിക്കാനുള്ള കർമപദ്ധതികൾക്കു രൂപംനൽകേണ്ടതുണ്ട്. ജനാധിപത്യത്തിന്റെ മാതാവെന്നനിലയിൽ ആജ്ഞയിലൂടെയല്ലാതെ ദശലക്ഷക്കണക്കായ സ്വതന്ത്ര ശബ്ദങ്ങളെ സമന്വയിപ്പിച്ച് ഒരുമയുടെയും സാഹോദര്യത്തിന്റെയും ഒരു പുതുലോകം കെട്ടിപ്പടുക്കേണ്ടതുണ്ടെന്നും ജി 20 ന്റെ അധ്യക്ഷപദം ഏറ്റെടുത്ത ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രസ്താവിച്ചു. ലോകത്തെ മുഴുവൻ ഒന്നായിക്കണ്ട് എല്ലാവരുടെയും ഉന്നതിക്കായി പ്രവർത്തിക്കാനായിരിക്കും തന്റെ രാജ്യം ശ്രദ്ധിക്കുകയെന്നും മോദി സൂചിപ്പിച്ചു.

'ഐക്യത്തിന്റെയും പ്രത്യാശയുടെയും മാർഗങ്ങളിലൂടെ രാജ്യങ്ങൾക്കിടയിലുള്ള വൈരം അവസാനിപ്പിക്കാൻ ഈ അധ്യക്ഷപദം ഉപയോഗിക്കും. വർത്തമാനകാലത്തെ ആഗോളനയത്തിൽ കരുത്തുറ്റ രാഷ്ട്രീയസ്വാധീനം ചെലുത്താൻ ജി 20 രാഷ്ട്രങ്ങൾക്കു കഴിയുമെന്നാണു പ്രത്യാശിക്കുന്നത്. ഭക്ഷ്യസുരക്ഷ, പൊതുജനാരോഗ്യം, സുസ്ഥിരവികസനം, കാലാവസ്ഥാവ്യതിയാനം, ഡിജിറ്റൽ പരിവർത്തനം തുടങ്ങിയവയിലെ പ്രശ്നങ്ങൾക്കു പരിഹാരം നിർദേശിക്കാനും നമുക്കു കഴിയും' മോദി കൂട്ടിച്ചേർത്തു.


▶10


# അംഗപരിമിതർ അടിമകളെന്നോ?




സിജോ പൈനാടത്ത്


തുല്യതയും സമത്വവും സമഭാവനയും ഘോഷിക്കപ്പെടുന്ന വർത്തമാനകാലത്ത്, ജനനംമുതൽ മരണംവരെ പരാശ്രയമില്ലാതെ ജീവിക്കാൻ കഴിയാത്ത ഒരു വിഭാഗത്തെ കൃത്യമായി മാറ്റിനിറുത്തിയിരിക്കുന്ന നാടായി നമ്മുടെ കേരളവും ഭാരതവും മാറുകയാണോ? തങ്ങളുടേതല്ലാത്ത കാരണത്താൽ ഭിന്നശേഷിക്കാരുടെ ഗണത്തിൽ എണ്ണപ്പെട്ടവരെ ചേർത്തുനിർത്തി കരുത്തുപകരാൻ കടമയുണ്ട് സർക്കാരുകൾക്ക്. എന്നാൽ, സർക്കാർസംവിധാനങ്ങൾ അവരോടു പുലർത്തുന്ന തെറ്റായ സമീപനത്തിന്റെ ഒടുവിലത്തെ ഉദാഹരണമാവുകയാണ്, ഭിന്നശേഷിക്കാർക്കുള്ള ക്ഷേമപെൻഷൻ, ഇൻഷുറൻസ് പദ്ധതികളുടെ നിലവിലെ സ്ഥിതി.

**പെൻഷൻ നിഷേധിക്കുന്നു**

റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് 2016 പ്രകാരം, 18 വയസ്സുവരെ ഭിന്നശേഷിക്കാർക്ക്, വിവിധ ഘട്ടങ്ങളിലായി താത്കാലികസർട്ടിഫിക്കറ്റാണ് നിലവിൽ മെഡിക്കൽ ബോർഡ് നൽകുന്നത്. ഈ സർട്ടിഫിക്കറ്റ് ആധാരമാക്കി 40 ശതമാനത്തിനു മുകളിൽ വൈകല്യമുള്ള ബിപിഎൽ കാർഡ് അംഗങ്ങൾക്കും ലക്ഷത്തിൽ താഴെ വരുമാനമുള്ളവർക്കും സാമൂഹികക്ഷേമ പെൻഷൻപദ്ധതിയിലെ വികലാംഗ പെൻഷൻ ലഭിച്ചിരുന്നു.

എന്നാൽ, പുതിയ നിയമമനുസരിച്ച് പതിനെട്ടു വയസ്സുവരെയുള്ള ഭിന്നശേഷിക്കാർക്കു വൈകല്യം സംബന്ധിച്ചു മെഡിക്കൽ ബോർഡ് നൽകുന്ന താത് കാലികസർട്ടിഫിക്കറ്റ് വികലാംഗക്ഷേമപെൻഷൻ വിതരണത്തിനു മാനദണ്ഡമാകില്ലെന്നാണു സംസ്ഥാന സർക്കാരിന്റെ നിലപാട്. ഇതുവരെ പെൻഷൻ ലഭിച്ചിരുന്ന ആയിരക്കണക്കിനു ഭിന്നശേഷിക്കാർക്കാണു പഞ്ചായത്തുവകുപ്പിന്റെ പുതിയ ഉത്തരവുപ്രകാരം ആനുകൂല്യം നിഷേധിക്കപ്പെടുന്നത്.

**അനീതിയുടെ ഉത്തരവ്**

മെഡിക്കൽ ബോർഡ് നൽകുന്ന താത്കാലികവൈകല്യം എന്നു രേഖപ്പെടുത്തിയ, കാലാവധി രേഖപ്പെടുത്താത്ത സർട്ടിഫിക്കറ്റിന്മേൽ വികലാംഗക്ഷേമപെൻഷൻ അനുവദിക്കാനാകില്ലെന്നു പഞ്ചായത്തുവകുപ്പ് അഡീഷണൽ ഡയറക്ടർ എം.പി. അജിത് കുമാർ സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കു നൽകിയ സർക്കുലറിൽ വ്യക്തമാക്കുന്നു. ഇവർക്കു സ്ഥിരവൈകല്യം എന്നു രേഖപ്പെടുത്തിയ യുണീക് ഡിസെബിലിറ്റി ഐഡി കാർഡ് (യുഡിഐഡി) ലഭിക്കുമ്പോൾ മാത്രമേ വികലാംഗപെൻഷൻ അനുവദിക്കാവൂ എന്നും ഉത്തരവിലുണ്ട്. അതിനർഥം പതിനെട്ടുവയസ്സുവരെ ഭിന്നശേഷിക്കാർക്കു പെൻഷൻ കിട്ടില്ലെന്നുതന്നെയാണ്.


▶12

# ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾക്ക് പ്രൗഢോജ്ജ്വലസമാപനം



ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലിയാഘോഷസമാപനസമ്മേളനം ഭരണങ്ങാനത്ത് മൂവാറ്റുപുഴ രൂപതാമെത്രാൻ റവ. ഡോ. യൂഹാന്നോൻ മാർ തെയഡോഷ്യസ് ഉദ്ഘാടനം ചെയ്യുന്നു.

പാലാ: ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനതല പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾക്കു സംഘടനയുടെ ജന്മഭൂമിയായ പാലാ രൂപതയിലെ ഭരണങ്ങാനത്ത് ആവേശോജ്ജ്വലസമാപനം. സംസ്ഥാന പ്രസിഡന്റ് ബേബി പ്ലാശ്ശേരിയുടെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം മൂവാറ്റുപുഴ രൂപതാമെത്രാൻ ഡോ. യൂഹാന്നോൻ മാർ തെയഡോഷ്യസ് ഉദ്ഘാടനം ചെയ്തു.

മിഷൻലീഗ് സംസ്ഥാനസമിതി ഏർപ്പെടുത്തിയ പി.സി. അബ്രഹാം പല്ലാട്ടുകുന്നേൽ (കുഞ്ഞേട്ടൻ) പുരസ്കാരം സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റീസ് കുര്യൻ ജോസഫിനും, ഫാ. ജോസഫ് മാലിപ്പറമ്പിൽ പുരസ്കാരം റവ. ഫാ. അബ്രഹാം പോണാട്ടിനും ബിഷപ് സമ്മാനിച്ചു.

സംസ്ഥാനഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ ആമുഖപ്രഭാഷണം നടത്തുകയും സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ സന്ദേശം വായിക്കുകയും ചെയ്തു.

പാലാ രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ, സംസ്ഥാന ജനറൽ സെക്രട്ടറി ജിന്റോ തകിടിയേൽ, ദേശീയ പ്രസിഡന്റ് ബിനോയി പള്ളിപ്പറമ്പിൽ, പാലാ രൂപത പ്രസിഡന്റ് ഡോ. ജോബിൻ റ്റി. ജോണി തട്ടാംപറമ്പിൽ, സംസ്ഥാന വൈസ് ഡയറക്ടർ സി. ലിസ്നി എസ്.ഡി, സംസ്ഥാന ജനറൽ ഓർഗനൈസർ അരുൺ ജോസ് പുത്തൻപുരയ്ക്കൽ തുടങ്ങിയവർ സംസാരിച്ചു. അന്തർദേശീയ, ദേശീയ, സംസ്ഥാന, രൂപത, മേഖല, ശാഖാ ഭാരവാഹികളും പ്രവർത്തകരും പങ്കെടുത്ത യോഗത്തിൽ 2021-22 പ്രവർത്തനവർഷത്തെ മികച്ച രൂപത, മേഖല, ശാഖകൾക്കുള്ള അംഗീകാരപത്രങ്ങൾ സമ്മാനിച്ചു.

സമാപനസമ്മേളനത്തിനു മുന്നോടിയായി മേലമ്പാറ ദീപ്തി ഭവൻ ജങ്ഷൻ, ഇടപ്പാടി കുരിശുപള്ളി ജങ്ഷൻ എന്നിവിടങ്ങളിൽനിന്നും ഭരണങ്ങാനത്തേക്കു പതിനായിരങ്ങൾ പങ്കെടുത്ത പ്രേഷിതറാലി നടത്തി. ഇടപ്പാടിയിൽനിന്നാരംഭിച്ച റാലി സെന്റ് ജോസഫ് പള്ളി വികാരി റവ. ഫാ. ഓസ്റ്റിൻ കച്ചിറമറ്റവും സംസ്ഥാന പ്രസിഡന്റ് ബേബി പ്ലാശേരിയും ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു. ദീപ്തിഭവനിൽനിന്നാരംഭിച്ച റാലി എം.എസ്.റ്റി. ഡയറക്ടർ ജനറൽ റവ. ഫാ. ആന്റണി പെരുമാനൂരും രൂപത പ്രസിഡന്റ് ഡോ. ജോബിൻ തട്ടാംപറമ്പിലും ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു. സംസ്ഥാനത്തെ വിവിധ രൂപതകളിൽനിന്നുള്ള പ്രതിനിധികളും പാലാ രൂപതയിലെ എല്ലാ ശാഖകളിൽനിന്നുമുള്ള കുട്ടികളും അധ്യാപകരും കോരിച്ചൊരിയുന്ന മഴയെ അവഗണിച്ച് റാലിയിൽ പങ്കെടുത്തു. വിശുദ്ധരുടെ വേഷവിധാനങ്ങളണിഞ്ഞെത്തിയ കുഞ്ഞുമിഷനറിമാരുടെയും വാദ്യഘോഷങ്ങളുടെയും അകമ്പടിയോടെ നടത്തിയ റാലിയിൽ കുട്ടികളും മുതിർന്നവരും ആവേശത്തോടെ പങ്കെടുത്തു.

രൂപത വൈസ് ഡയറക്ടർ സി. മോനിക്ക എസ്.എച്ച്., രൂപത ഭാരവാഹികളായ ലിന്റു ടോമി, അഗസ്റ്റിൻ കടുക്കുന്നേൽ, ഷൈനി ജോസഫ്, അമൽ വാക്കാട്ടിൽപുത്തൻപുരയിൽ, ദിയ ഫ്രാങ്ക്സൺ തുടങ്ങിയവർ നേതൃത്വം നൽകി.



മഹാത്മാഗാന്ധി നാഷണൽ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ പാലാ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ലോയേഴ്സ് ചേമ്പർ റ്റട്ടിൽ സ്ഥാപിച്ച മഹാത്മാഗാന്ധി പ്രതിമ അനാവരണം ചെയ്ത ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പ്രതിമയിൽ പുഷ്പാർച്ചന നടത്തുന്നു. മാണി സി കാപ്പൻ എം എൽ എ, മുനിസിപ്പൽ ചെയർമാൻ ആന്റോ ജോസ് പടിഞ്ഞാറേക്കര, ഫൗണ്ടേഷൻ ചെയർമാൻ എബി ജെ ജോസ്, സാംജി പഴേപറമ്പിൽ, കൗൺസിലർ ലിജി ബിജു, സാബു എബ്രാഹം, ലിയ മരിയ ജോസ് തുടങ്ങിയവർ സമീപം.



പാലാ രൂപത ടീച്ചേഴ്സ് ഗിൽഡ് കുട്ടികൾക്കു നൽകുന്ന ലഹരിവിരുദ്ധ പ്രതിജ്ഞാക്കാർഡിന്റെ വിതരണോദ്ഘാടനം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു. ഫാ. ബെർക്കുമാൻസ് കുന്നുംപുറം, ഫാ. ജോൺ കണ്ണന്താനം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജോർജ് വരകുകാലാപറമ്പിൽ,

## ബനീഞ്ഞക്കവിതകൾ കാവ്യാത്മകമായി ആധ്യാത്മികതയെ പ്രതിഷ്ഠിക്കുന്നു

### മാർ ജോസഫ് കല്ലറങ്ങാട്ട്

പാലാ: വായനക്കാരുടെ ഹൃദയത്തിൽ ഇരിപ്പിടം നേടി കാവ്യാത്മകമായി ആധ്യാത്മികതയെ പ്രതിഷ്ഠിക്കുന്നവയാണ് ബനീഞ്ഞക്കവിതകളെന്നും ഈ കവിതകൾ ക്രിസ്തുവിനെ മുന്നിൽനിർത്തി ലൗകികതയെ എപ്രകാരം ജയിക്കണമെന്നുള്ള ഉത്തരം നൽകുന്നുവെന്നും പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. സിസ്റ്റർ മേരി ബനീഞ്ഞാ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ബനീഞ്ഞാ അനുസ്മരണസമ്മേളനത്തിന്റെ ഉദ്ഘാടനവും അവാർഡുസമർപ്പണവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു ബിഷപ്. പാലായിലെ സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന സമ്മേളനത്തിൽ ബനീഞ്ഞാ സാഹിത്യ അവാർഡ് തേക്കിൻകാട് ജോസഫിനും വാനമ്പാടി അവാർഡ് ഫാ. ജസ്റ്റിൻ ഒസിഡിക്കും ബിഷപ് സമ്മാനിച്ചു. സമ്മേളനത്തിൽ ഫൗണ്ടേഷൻ ചെയർമാനും പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസുമായ മോൺ. ജോസഫ് തടത്തിൽ അധ്യക്ഷത വഹിച്ചു. ഫൗണ്ടേഷൻ വൈസ് ചെയർപേഴ്സനും സിഎംസി പാലാ പ്രൊവിൻഷ്യൽ സുപ്പീരിയറുമായ ഡോ. സിസ്റ്റർ സിജി തെരേസ് ആമുഖപ്രഭാഷണവും കുറവിലങ്ങാട് ദേവമാതാകോളജ് മലയാളവിഭാഗം തലവൻ ഡോ. സിബി കുര്യൻ അനുസ്മരണപ്രഭാഷണവും നടത്തി.



സി. മേരി ബനീഞ്ഞാ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ പാലാ സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ബനീഞ്ഞാ അനുസ്മരണസമ്മേളനം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്

# കൺമുന്നിൽ പൊലിയുന്ന ജീവിതങ്ങൾ!



റ്റോം ജോസ് തഴുവംകുന്ന്

**ചില ടൂവീലറുകളുടെ പരസ്യംകണ്ടാൽ തോന്നും ഈ വാഹനങ്ങളെല്ലാം അഭ്യാസത്തിനുള്ളതാണെന്ന്. അതുകൊണ്ടുതന്നെയാകണം അഭ്യാസത്തിന്റെ യുവമനസ്സുകൾ ഇതിൽ ആകൃഷ്ടരായി നിരത്തിലൂടെ പായുന്നത്. യാത്ര ചെയ്യാനുള്ളതു മാത്രമാണ് വാഹനങ്ങളെന്ന മിനിമം വിചാരം നമുക്കുണ്ടാകണം. വാഹനനിർമാതാക്കൾക്കും ഉണ്ടാകണം. ചില വാഹനങ്ങൾ മരണദൂതിന്റെ 'മുഖച്ഛായ'യുമായി വിപണിയിലെത്തുന്നുണ്ട്; വേഗവും വിലയുമാണ് ആകർഷണീയത. പക്ഷേ, അപകടം നിത്യസംഭവമാകുന്നു. എങ്ങോട്ടാണീ ഓട്ടം?!**



റോഡപകടങ്ങൾ നമ്മെ ഞെട്ടിക്കാറുണ്ട്; പക്ഷേ, ഞെട്ടൽവിട്ടു നാം വളരെ വേഗം 'വന്ന വഴി'യിലേക്കുതന്നെ തിരിച്ചുപോകുന്നു. അപകടങ്ങൾക്കുപിറകേ നിയമങ്ങളും സടകുടഞ്ഞെഴുന്നേൽക്കുന്നു; സാവധാനം നിശ്ശബ്ദമാകുന്നു. നിയമത്തെയും ഭരണക്കാരെയും പൊതുപ്രവർത്തകരെയും ഇതൊന്നും ബാധിക്കാത്തതുപോലെ! എന്തുകൊണ്ടാണ് അപകടകാരണങ്ങളിലേക്ക് അന്വേഷണവും പഠനവും ഉണ്ടാകാത്തത്?

അപകടങ്ങളിൽ മരണപ്പെടുന്നത് ഏറെയും യുവാക്കളാണ്. ഓരോ കുടുംബത്തിന്റെയും അത്താണിയായിരുന്നവർ! നമ്മുടെ വാഹനങ്ങളും റോഡുകളും നിയമങ്ങളുമൊന്നും ബലമുള്ളതും സുരക്ഷിതത്വമുള്ളതുമല്ല. ജീവിതം അടിച്ചുപൊളിക്കുന്ന ആധുനികതയുടെ 'ട്രെൻഡിൽ' നമ്മുടെ മക്കൾ പെട്ടുപോകുന്നത് ആശങ്കയുളവാക്കുന്നതാണ്.

നിരത്തിൽ പൊലിയുന്ന ജീവിതങ്ങൾക്ക് ഇൻഷുറൻസ് കല്പിക്കുന്ന വിലയ്ക്കപ്പുറം 'വില'യുണ്ടെന്നറിയണം. റോഡപകടങ്ങളെ നിസ്സാരമായി കാണരുത്. വിദേശരാജ്യങ്ങളുടെ 'വികസിത'ഭാവത്തെ വാനോളം പുകഴ്ത്താൻ നമ്മുടെ 'വികസന'ത്തിന് ഒട്ടും മടിയില്ല! എന്നാൽ, അവിടെയൊക്കെ ഇത്രമാത്രം ജീവൻ നിരത്തിൽ പൊലിയുന്നുണ്ടോ? അവിടത്തെ റോഡുകൾ ഇവിടത്തെ റോഡുപോലെയാണോ?

നിരത്തിലെ കുഴിയടയ്ക്കണമെങ്കിൽ ഒരു അപകടം 'അനിവാര്യം' എന്നതിലേക്കു നാം തരംതാഴുന്നു. ഖജനാവ് ശൂന്യമാണെങ്കിലും ആർഭാടത്തിനും സുഖജീവിതത്തിനും അഴിമതിക്കും കുറവില്ല. അനുവദിക്കുന്ന പണം റോഡുനിർമാണത്തിനു മുമ്പേ 'കമ്മി'യാക്കുന്ന 'കൈമടക്കുവിതരണം' നാടിന്റെ ശാപമാണ്. റോഡ് നന്നായി പണിതീർത്താലുടൻതന്നെ 'കേബിളുകാരും വെള്ളക്കാരും' നിരത്തുകൾ പലവിധം കുഴിക്കാനായിട്ടിറങ്ങും; നമ്മുടെ വകുപ്പുകൾക്കൊന്നും ഏകോപനസ്വഭാവമില്ല. റോഡുനിർമാണത്തിലെ സർക്കാർവകുപ്പുകളുടെ ദീർഘവീക്ഷണമില്ലായ്മയും ഏകോപനമില്ലായ്മയും ചർച്ചയാകുമ്പോഴും ഒരാൾ മറ്റൊരാളെ പഴിചാരി രംഗം ഭംഗിയാക്കും. നാം ടെക്നോളജിയിൽ അഹങ്കരിക്കുന്നവരാണ്.

വാഹനങ്ങളുടെ ടെക്നോളജിയും നിരത്തുകളുടെ 'ടെക്നോളജി'യും തമ്മിൽ ഇവിടെ ബന്ധമുണ്ടോ? വിമാനംപോലെ പായുന്ന വാഹനത്തിനു യോജിക്കുന്ന നിരത്തുകൾ നമുക്കുണ്ടോ? ചില ടൂവീലറുകളുടെ പരസ്യംകണ്ടാൽ തോന്നും ഈ വാഹനങ്ങളെല്ലാം അഭ്യാസത്തിനുള്ളതാണെന്ന്. അതുകൊണ്ടുതന്നെയാകണം അഭ്യാസത്തിന്റെ യുവമനസ്സുകൾ ഇതിൽ ആകൃഷ്ടരായി നിരത്തിലൂടെ പായുന്നത്. യാത്ര ചെയ്യാനുള്ളതു മാത്രമാണ് വാഹനങ്ങളെന്ന മിനിമം വിചാരം നമുക്കുണ്ടാകണം. വാഹനനിർമാതാക്കൾക്കും ഉണ്ടാകണം. ചില വാഹനങ്ങൾ മരണദൂതിന്റെ 'മുഖച്ഛായ'യുമായി വിപണിയിലെത്തുന്നുണ്ട്; വേഗവും വിലയുമാണ് ആകർഷണീയത. പക്ഷേ അപകടം നിത്യസംഭവമാകുന്നു. എങ്ങോട്ടാണീ ഓട്ടം?!

ജീവനു വില കല്പിക്കുന്ന യാത്രകൾ സാധ്യമാക്കുന്ന വാഹനങ്ങളും നിരത്തുകളും അഴിമതിയില്ലാത്ത പൊതുമരാമത്തുവികസനവും നമുക്കുണ്ടാകണം. നിരത്തുകൾ ശാസ്ത്രീയമാകണം. സിൽവർലൈനുകളും എക്സ്പ്രസ് ഹൈവേകളുമല്ല; മറിച്ച്, സുരക്ഷിതയാത്രയ്ക്കു യുക്തമായ 'സേഫ് ലൈനുകൾ' ആണ് ഉണ്ടാകേണ്ടത്. യാത്രക്കാരെ സുരക്ഷിതയാത്രയ്ക്കു സജ്ജമാക്കുന്ന തരത്തിൽ നിയമങ്ങൾ ശക്തമാക്കുകയും വേണം. ചെറുപ്രാണികളെ കുടുക്കുന്ന ചിലന്തിവലപോലെ നിയമങ്ങൾ ദുർബലമാകരുത്; വല പൊട്ടിച്ചു കടന്നുകളയാൻ നിയമലംഘകരെ അനുവദിക്കുകയുമരുത്. മുഖം നോക്കാതെയും രാഷ്ട്രീയ ഇടപെടലുണ്ടാകാതെയും നിയമങ്ങൾ നടത്താൻ നിയമപാലകരെ അനുവദിക്കണം. ജീവന്റെ വിലയ്ക്ക് വലുപ്പച്ചെറുപ്പങ്ങളില്ലെന്നറിയണം.

നിയമപാലനത്തിനു രാപകലുകളും അവധിദിനങ്ങളുമില്ലെന്നുറപ്പിക്കണം. സദാ നേരവുമുണ്ടാകേണ്ട ജാഗ്രതയുടെ പേരാണു നിയമം. അനുസരിക്കാൻ സന്നദ്ധരായ സമൂഹമുള്ളപ്പോഴാണ് നിയമങ്ങൾക്ക് അർഥമുണ്ടാകുന്നത്. നിയമത്തെ നിയമംകൊണ്ടുതന്നെ മറികടക്കാനുള്ള വ്യഗ്രതയും സാക്ഷരതയും നാം തിരുത്തണം. യാത്രയിൽ അപരനെ മാനിക്കാൻ നാം പഠിക്കണം; വിലയേറിയ വാഹനവും വില കുറഞ്ഞ വാഹനവും നിരത്തിലുണ്ടെന്നും എല്ലാറ്റിലും മനുഷ്യരാണ് യാത്രക്കാരെന്നും അറിയാനുള്ള മനസ്സിന്റെ വിശാലതയും നമുക്കുണ്ടാകണം. വാഹനമോടിക്കാനുള്ളതു മാത്രമാണ് ലൈസൻസ്; അതും അപകടരഹിതമായിത്തന്നെ; അതല്ലാതെ 'മനഃപൂർവമല്ലാത്ത നരഹത്യ'യിലേക്ക് അശ്രദ്ധമായി നിരത്തിലൂടെ 'പറക്കാ'നല്ല!!

ഈ കൊച്ചുസംസ്ഥാനത്തിന് ആവശ്യമായ നിരത്തുകൾ ഇന്നുണ്ട്. പക്ഷേ, അപകടരഹിതവും ജീവനു സുരക്ഷയൊരുക്കുന്നതുമാകണം നിരത്തുകളുടെ ആസൂത്രണം. നിരത്തുകളുടെ പൊതു ഉത്തരവാദിത്വം സർക്കാരുകൾക്കാകണം; പ്രാദേശികഭരണസമിതികളുടേതെന്നു പറഞ്ഞ് ഗ്രാമീണറോഡുകളുടെ കാര്യക്ഷമതയിൽ വീഴ്ചയുണ്ടാകരുത്. സർക്കാരും ഖജനാവിലെ പണവും ഈ നാടിന്റെ വികസനവും 'നമ്മുടെ' കാര്യമെന്നു ചിന്തിക്കാനുള്ള വിശാലമനസ്സ് എല്ലാവർക്കുമുണ്ടാകണം. കോൺട്രാക്ടറും എൻജിനീയറും മന്ത്രിമാരും ഒപ്പം കൂലിപ്പണിക്കാരും സഞ്ചരിക്കുന്നത് നമ്മുടെ നിരത്തുകളിലൂടെ തന്നെയാണ്. അപകടം ആർക്കും 'സ്വന്ത'മല്ല; മറിച്ച്, സുരക്ഷിതമായി ലക്ഷ്യസ്ഥാനത്തേക്കു സഞ്ചരിക്കാനാണ് മനസ്സും പദ്ധതികളും ക്രമീകരിക്കപ്പെടേണ്ടത്. ■

PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 9778137731
Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPERGRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA

# മരുഭൂമിയിൽ ഈശോയോടൊപ്പം

*കർദിനാൾ റോബർട്ട് സറാ രചിച്ച 'ആദ്ധ്യാത്മികജീവിതത്തിന്റെ മതബോധനം' എന്ന ഗ്രന്ഥത്തെക്കുറിച്ച് ഒരു പഠനം.*

6



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**ഈശോ മരുഭൂമിയിൽ**

ഈശോ ജോർദാനിലെ മാമ്മോദീസായ്ക്കുശേഷം, ഉടൻതന്നെ ദൈവരാജ്യം പ്രഘോഷിച്ചുതുടങ്ങിയില്ല. അവിടുന്ന് നാല്പതുദിനരാത്രങ്ങൾ മരുഭൂമിയിൽ ചെലവഴിച്ചു. മരുഭൂമിയുടെ ഏകാന്തതയും നിശ്ശബ്ദതയും ആന്തരികാനുസ്മരണങ്ങൾക്കും ധ്യാനത്തിനും അപരിത്യാജ്യമായ ബാഹ്യവ്യവസ്ഥകളാണ്. അതോടൊപ്പം, ഉപവാസത്തിനും ശാരീരികസംയമനത്തിനും മരുഭൂമിയിലെ വാസം വേദിയായി.

പ്രാരംഭകൂദാശകൾവഴി (മാമ്മോദീസാ, തൈലാഭിഷേകം, വിശുദ്ധകുർബാന) നമുക്കു ലഭിച്ച അനുഗ്രഹങ്ങളെക്കുറിച്ചു ധ്യാനിക്കാൻ ശബ്ദകോലാഹലങ്ങളിൽനിന്നകന്നു വ്യാപരിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈശോ നമ്മെ പഠിപ്പിക്കുന്നത്. മരുഭൂമിയിൽ, ദൈവത്തിന്റെ നിശ്ശബ്ദതയിൽ പ്രവേശിച്ച് ദൈവവചനമാകുന്ന ഈശോമിശിഹായെ ശ്രവിക്കാൻ കഴിവുള്ളവരാകണം.

ഇസ്രായേൽജനം നാല്പതുവർഷം മരുഭൂമിയിൽ ജീവിച്ചത് ഒരു പുതിയ ജീവിതത്തിനൊരുക്കമായിട്ടാണ്. ഈശോ നാല്പതുദിവസം മരുഭൂമിയിൽ കഴിച്ചത് ഒരു പുതിയ ദൈവജനത്തെ ഒരുക്കാനായി പിതാവായ ദൈവത്തോടു പ്രാർഥിച്ചുകൊണ്ടാണ്. ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ഒരു ജനത്തെ സ്വതന്ത്രരാക്കിയത് നാല്പതുവർഷത്തെ മരുഭൂമിയാത്രയാണ്. പുതിയ ദൈവജനത്തെ അവരുടെ അടിമത്തങ്ങളിൽനിന്നും തെറ്റായ തഴക്കങ്ങളിൽനിന്നും വിമോചിപ്പിക്കുകയായിരുന്നു ഈശോയുടെ ദൗത്യം.

ആന്തരികമായ നിശ്ശബ്ദതയിലും ഏകാന്തതയിലും മനുഷ്യഹൃദയം ശുദ്ധീകരിക്കപ്പെടുകയും ദൈവവചനമാകുന്ന ഈശോയെ സ്വീകരിക്കാൻ സജ്ജമാക്കപ്പെടുകയും ചെയ്യുന്നു.

ആത്യന്തികമായി നോക്കുമ്പോൾ, ആത്മീയജീവിതത്തിന് പ്രാർഥന എത്രമാത്രം പ്രധാനപ്പെട്ടതാണെന്ന് നമ്മൾ തിരിച്ചറിയുന്നത് ഈ മരുഭൂമിയനുഭവത്തിലൂടെയാണ്. വാക്കുകൾകൊണ്ടെന്നതിലധികമായി കണ്ണീരുകൊണ്ടും നെടുവീർപ്പുകൊണ്ടുമാണ് നമ്മൾ പ്രാർഥിക്കേണ്ടതെന്ന് വിശുദ്ധ ആഗസ്തീനോസിനെ ഉദ്ധരിച്ച് കർദിനാൾ സറാ പഠിപ്പിക്കുന്നു.

**ദൈവവചനം, നമ്മുടെ അസ്തിത്വത്തിന്റെ ആധാരം**

മരുഭൂമിയിൽ ഈശോ ഉച്ചരിച്ചതായി സുവിശേഷങ്ങൾ രേഖപ്പെടുത്തുന്ന വാക്യങ്ങൾ തിരുലിഖിതങ്ങളിൽനിന്നുള്ള ഉദ്ധരണികളാണ്. ഈശോയുടെ അധരങ്ങളിൽ ഈ വാക്കുകൾ പുതിയ ഒരു ശക്തി പ്രകടമാക്കുന്നു. ഈശോയെ നമ്മൾ അറിയുന്നത് തിരുവചനങ്ങളിലൂടെയാണ്. അതുകൊണ്ടാണ് 'തിരുലിഖിതങ്ങളുടെ അജ്ഞത ഈശോയെ സംബന്ധിച്ച അജ്ഞതയാണെ'ന്ന് വി. ജെറോം പറഞ്ഞിട്ടുള്ളത്.

വിശുദ്ധ ലിഖിതങ്ങളിലാണ്, സ്വർഗസ്ഥനായ പിതാവ് തന്റെ മക്കളെ അത്യന്തസ്നേഹത്തോടെ നിരന്തരം കണ്ടുമുട്ടുന്നതും അവരോട് സംഭാഷിക്കുന്നതുമെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ദൈവാവിഷ്കരണത്തെപ്പറ്റിയുള്ള പ്രമാണരേഖ ഉദ്ബോധിപ്പിക്കുന്നു.

ഈ ദൈവവചനം ഇന്നത്തെ മനുഷ്യനോട് അവന്റെ എല്ലാ സങ്കീർണതയിലും സംവദിക്കുന്നു എന്ന ബോധ്യമുണ്ടായിരിക്കേണ്ടതാണ്. ആത്മീയഗ്രന്ഥങ്ങൾ ധാരാളം വായിക്കുകയും വിശുദ്ധഗ്രന്ഥം കുറച്ചുമാത്രം വായിക്കുകയും ചെയ്യുന്ന തെറ്റായ ഒരു പ്രവണതയെക്കുറിച്ച് ഹാൻസ് ഊർസ് വോൺ ബൽത്താസർ എന്ന ദൈവശാസ്ത്രജ്ഞന്റെ നിരീക്ഷണം ഇവിടെ ഗ്രന്ഥകാരൻ പരാമർശിക്കുന്നുണ്ട്.

**പഴയതും പുതിയതുമായ തിരുലിഖിതങ്ങളുടെ ഐക്യം**

പഴയനിയമവും പുതിയനിയമവും ഒരേപോലെ ദൈവാവിഷ്കൃതമാണ്. അവ പരിശുദ്ധാത്മാവിനാൽ നിവേശിതമാണെന്നാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നത്. പഴയനിയമത്തിൽ മറഞ്ഞിരിക്കുന്ന മിശിഹാരഹസ്യം പുതിയ നിയമത്തിൽ അനാവരണം ചെയ്യപ്പെടുന്നു. 'മോശ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു' എന്ന് ഈശോ തന്നെ പറയുന്നുണ്ട് (യോഹ. 5, 46).

ദൈവവചനവ്യാഖ്യാനങ്ങളിലും പ്രഘോഷണങ്ങളിലും വിശുദ്ധഗ്രന്ഥത്തോടുള്ള വിശ്വസ്തതയും ആദരവും പാലിക്കേണ്ടതാണെന്നും കർദിനാൾ സറാ നിരീക്ഷിക്കുന്നുണ്ട്.

**ദൈവവചനം: തിന്മയ്ക്കെതിരെ കോട്ടയും പോരാട്ടത്തിൽ പടവാളും**

പരീക്ഷിക്കപ്പെട്ടപ്പോൾ ഓരോ പ്രലോഭനത്തിനും ദൈവവചനം കൊണ്ട് പ്രതിരോധം തീർക്കുന്ന ഈശോയെയാണ് നാം കാണുന്നത്. സാത്താൻ പരാജിതനാകുന്നതാണ് നാം കാണുന്നത്. (മത്തായി. 4, 1-11).

കർദിനാൾ സറാ എഴുതുന്നു: "ധനാർത്തിയാകുന്ന വിഗ്രഹാരാധനയും അധികാരമോഹവും ലൈംഗികതൃഷ്ണയും കൊടികുത്തിവാഴുന്ന ലോകത്തിൽ, ധാർമികമലിനീകരണവും, വ്യാപകമായ അസത്യവും മനുഷ്യവ്യക്തിയെ നാശത്തിലേക്കു നയിക്കുന്ന നാനാവിധ ദുഷ്ടശക്തികളുടെ സ്വാധീനത്തെയും യുദ്ധവും മറ്റ് അക്രമപ്രവൃത്തികളും ഒഴുക്കുന്ന രക്തപ്പുഴയെയും തടയാൻ ബലവത്തായ ഒരണക്കെട്ടു തീർക്കേണ്ടത് ഇന്നിന്റെ ഏറ്റവും വലിയ അടിയന്തരാവശ്യമാണ്. ദൈവവചനത്തിൽ അടിസ്ഥാനമിടുന്ന ഒരു കോട്ടയ്ക്കു മാത്രമേ തിന്മയെ തടുത്തുനിറുത്താൻ സാധിക്കുകയുള്ളൂ.

തിന്മയ്ക്കെതിരെയുള്ള മനുഷ്യന്റെ പോരാട്ടത്തിൽ ദൈവവചനം 'ഇരുമുനവാളിനെക്കാൾ മൂർച്ചയേറിയതാണ്.' (ഹെബ്രാ. 4, 12).

ദൈവവചനം നമ്മുടെ ആധ്യാത്മികജീവിതത്തിന്റെ പോഷണമാണ്. തുടർച്ചയായ വിശുദ്ധഗ്രന്ഥപാരായണം ആത്മാവിനെ പരിപോഷിപ്പിക്കുകയും പ്രാർഥനാജീവിതത്തെ പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു.

മഹാനായ വിശുദ്ധ ഗ്രിഗറി പറയുന്നതുപോലെ, സർവ്വശക്തനായ ദൈവം മനുഷ്യരായ നമുക്കു സ്നേഹപൂർവം എഴുതിയ കത്തുകളാണെന്ന ചിന്തയോടെ വിശുദ്ധഗ്രന്ഥം പാരായണം ചെയ്യണം.

**പ്രാർഥന**

ഈശോയ്ക്കു മരുഭൂമിയിലെ വാസം ദീർഘമായ പ്രാർഥനയുടെ അവസരമായിരുന്നു. നമുക്ക് പ്രാർഥന എപ്പോഴും എളുപ്പമുള്ള കാര്യമല്ല. ലൗകിക വ്യഗ്രതകൾ കാരണം നമുക്കു പ്രാർഥിക്കാൻ സമയം കണ്ടെത്താനാവുന്നില്ല. ദൈവസ്നേഹത്തിന്റെ അഭാവംമൂലമാണ് പ്രാർഥനയിലൂടെ ദൈവത്തോടൊപ്പം ആയിരിക്കാൻ നമുക്കു സാധിക്കാത്തതെന്ന് ആദ്ധ്യാത്മികപിതാക്കന്മാർ പഠിപ്പിക്കുന്നു.

**പ്രാർഥിക്കുന്ന സഭ**

വ്യക്തിപരമായ കാര്യങ്ങൾക്കു വേണ്ടിമാത്രം പ്രാർഥിച്ചാൽ പോരാ, സഭയൊന്നാകെ ലോകത്തിനുവേണ്ടി പ്രാർഥിക്കണം.

പ്രാർഥനവഴിമാത്രമേ ക്രൈസ്തവസഭയ്ക്ക് ദൈവത്തിനുവേണ്ടി ലോകത്തെ നേടാൻ സാധിക്കുകയുള്ളൂ. പ്രാർഥനയുടെ ശക്തി അടങ്ങിയിരിക്കുന്നത് പ്രാർഥനയിലൂടെ ദൈവം മനുഷ്യനിൽ പ്രവർത്തിക്കുന്നു എന്നതിനാലാണ്.

കർദിനാൾ സറാ തുടർന്ന് എഴുതുന്നു: ആദിപാപംവഴി മനുഷ്യനിൽ ബാധിച്ചിരിക്കുന്ന അനൈക്യത്തിന്റെ വൈറസിനെ നിരന്തരമായ പ്രാർഥനവഴി മാത്രമേ നിർവീര്യമാക്കുവാൻ സാധിക്കുകയുള്ളൂ. "പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന്, നീ എനിക്കുതന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളണമേ." (യോഹ. 17, 11). ഈശോയുടെ പ്രാർഥന ഐക്യത്തിനായുള്ളതായിരുന്നു.

പ്രാർഥനയുടെ കാര്യത്തിൽ ഈശോതന്നെയാണ് നമുക്കു മാതൃക. എത്ര തിരക്കുനിറഞ്ഞ ദിവസമായാലും രാത്രിയാകുമ്പോൾ ഏകാന്തമായ സ്ഥലത്ത് പ്രാർഥനയിൽ ചെലവഴിച്ച ഈശോയെയാണ് സുവിശേഷങ്ങൾ വരച്ചുകാണിക്കുന്നത്.

പ്രാർഥന ഹൃദയത്തിന്റെ നിശ്ശബ്ദമായ നിലവിളിയാണ്. പാപങ്ങളിൽനിന്നു മോചിപ്പിക്കണമേയെന്നു പ്രാർഥിക്കുന്ന നമ്മൾ ജഡമോഹങ്ങളെ ഉന്മൂലനം ചെയ്യാൻ തയ്യാറാകണം. ഹൃദയശുദ്ധി പ്രാർഥനയ്ക്ക് അനിവാര്യമാണ്. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും" (മത്താ. 5,8). പ്രാർഥനയിൽ നമ്മുടെ വാക്കുകളെക്കാൾ പ്രാധാന്യം ദൈവത്തിന്റെ സ്വരത്തിനാണ്. അതുകൊണ്ടാണ് സോളമൻ 'ശ്രവിക്കുന്ന ഹൃദയ'ത്തിനായി ദൈവത്തോടു യാചിക്കുന്നത് (1 രാജാ. 3,9).

മരുഭൂമിയിലെ കഷ്ടപ്പാടുകൾ വർദ്ധിച്ചുവന്നപ്പോൾ ഇസ്രായേൽ ജനം മോശയ്ക്കെതിരെ തിരിയുകയും ഈജിപ്തിലേക്കു തിരികെപ്പോകാൻ ആഗ്രഹിക്കുകയും ചെയ്തു. അതുപോലെതന്നെ ആദ്ധ്യാത്മികപോരാട്ടം ഉപേക്ഷിച്ച് ലൗകികസുഖങ്ങളിലേക്കു തിരിയാനുള്ള പ്രലോഭനം ഉണ്ടാകാൻ സാധ്യതയുണ്ട്.

പ്രായശ്ചിത്തത്തിന്റെയും പരിഹാരപ്രവൃത്തികളുടെയും പ്രാധാന്യം ഇത്തരുണത്തിൽ ഗ്രന്ഥകാരൻ എടുത്തുപറയുന്നുണ്ട്.



വിശുദ്ധജീവിതം നയിക്കണമെന്നുള്ള ഒരു ക്രൈസ്തവന്റെ തീരുമാനം ഉറപ്പുള്ളതാകണമെങ്കിൽ പ്രാർഥനയിലൂടെ ദൈവഹിതം തിരിച്ചറിയാൻ ശ്രമിക്കണം.

ഈ അധ്യായത്തിന് ഒരു ഉപസംഹാരം എന്നപോലെ കർദിനാൾ സറാ എഴുതുന്നു: "ലോകത്തിന്റെ കോലാഹലങ്ങളിൽനിന്നകന്ന് ദൈവത്തിന്റെ കൺമുമ്പാകെ നമുക്കു വ്യാപരിക്കാം. വിശുദ്ധഗ്രന്ഥവായനയിൽ തീക്ഷ്ണത ഉണ്ടായിരിക്കുകയും പ്രാർഥനയിൽ സ്ഥിരത ഉള്ളവരായിരിക്കുകയും ചെയ്യാം. ഈശോയുടെ അനുഗ്രഹവും പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യസഹായവും നമ്മോടുകൂടി ഉണ്ടാവട്ടെ എന്നു പ്രാർത്ഥിക്കാം." ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



അവിടുത്തെ പ്രവൃത്തി മഹത്തും തേജസ്സുറ്റതുമാണ്; അവിടുത്തെ നീതി ശാശ്വതമാണ്.

സങ്കീർത്തനങ്ങൾ 111:3

**എഡിറ്റോറിയൽ**

# കൊലവിളിരാഷ്ട്രീയത്തിന് കുട പിടിക്കുന്നവർ

**കൊ**ലക്കേസിൽ ശിക്ഷിക്കപ്പെട്ട രാഷ്ട്രീയകുറ്റവാളികളെ അവരുടെ ശിക്ഷാകാലാവധി ഇളവു ചെയ്തു വിട്ടയയ്ക്കാനുള്ള സംസ്ഥാന ആഭ്യന്തരവകുപ്പിന്റെ പുതിയ ഉത്തരവ് ശുഭസൂചനയായി രാഷ്ട്രീയകേരളം കണക്കാക്കുന്നില്ല. ശിക്ഷയിളവിന് അർഹരല്ലാതിരുന്ന രാഷ്ട്രീയക്കൊലക്കേസ് പ്രതികൾക്കു നല്കുന്ന സർക്കാർവക കാരുണ്യപുരസ്കാരം ജനാധിപത്യകേരളത്തിന്റെ ഭാവിഭദ്രതയ്ക്കു ഭീഷണിയുയർത്തുന്നതാണ്. മാത്രമല്ല, രാഷ്ട്രീയവിയോജിപ്പുകൾക്കും അഭിപ്രായാന്തരങ്ങൾക്കും മാരകായുധങ്ങൾകൊണ്ടു മറുപടിപറയുന്ന ചോരസിദ്ധാന്തം സാംസ്കാരികകേരളത്തിനും പ്രബുദ്ധരാഷ്ട്രീയത്തിനും ഭൂഷണമല്ല.

റിപ്പബ്ലിക് ദിനം, സ്വാതന്ത്ര്യദിനം തുടങ്ങിയ വിശേഷാവസരങ്ങളിൽ തടവുകാർക്കു നൽകിയിരുന്ന ശിക്ഷയിളവാണ് രാഷ്ട്രീയക്കൊലക്കേസുപ്രതികൾക്കും ഇപ്പോൾ അനുവദിച്ചിരിക്കുന്നത്. രാഷ്ട്രീയകുറ്റവാളികൾക്കു കൊലക്കേസുകളിൽ പതിന്നാലുവർഷം ശിക്ഷയനുഭവിക്കാതെ ഇളവുനൽകില്ലെന്ന 2018 ലെ ഉത്തരവാണ് ഇവിടെ റദ്ദുചെയ്യപ്പെട്ടിരിക്കുന്നത്. ജീവപര്യന്തം ശിക്ഷയനുഭവിക്കുന്ന രാഷ്ട്രീയത്തടവുകാർക്ക് പുതിയ വ്യവസ്ഥയനുസരിച്ച് ഒരു വർഷംവരെ ഇളവു നൽകാം. ശിക്ഷാകാലാവധിയനുസരിച്ച് പതിനഞ്ചുദിവസംമുതൽ ഒരുവർഷംവരെ ഇളവു ലഭിക്കാവുന്ന വ്യവസ്ഥയാണ് പുതിയ ഉത്തരവിലുള്ളത്.

രാഷ്ട്രീയകൊലപാതകങ്ങൾക്കും അധികാരത്തേർവാഴ്ചകൾക്കും കേളികേട്ട കേരളത്തിൽ, അക്രമരാഷ്ട്രീയത്തിനു മൗനാനുമതി നൽകുന്ന സർക്കാരിന്റെ രാഷ്ട്രീയ അടവുനയമാണ് മറനീക്കി പുറത്തുവന്നിരിക്കുന്നത്. കേരളത്തെ ഞെട്ടിച്ച ടി.പി. ചന്ദ്രശേഖരൻവധം ഉൾപ്പെടെയുള്ള കേസുകളിൽ ശിക്ഷിക്കപ്പെട്ടവരെ വിട്ടയയ്ക്കാനുള്ള സർക്കാരിന്റെ ഗൂഢോദ്ദേശ്യം സൗകര്യപൂർവം നടപ്പാക്കിയിരിക്കുന്നുവെന്ന പ്രതിപക്ഷാരോപണത്തെ തള്ളിക്കളയാനാവില്ല.

2016 മുതൽ 2021 വരെയുള്ള നിയമസഭ കണക്കനുസരിച്ച്, 1861 പേരാണ് രാഷ്ട്രീയകൊലപാതകക്കേസുകളിൽ പ്രതികളായി സംസ്ഥാനത്തെ വിവിധ ജയിലുകളിലുള്ളതെന്നാണ് പ്രതിപക്ഷനേതാവിന്റെ വെളിപ്പെടുത്തൽ. രാഷ്ട്രീയക്രിമിനലുകൾ ജയിലിലായാലും പാർട്ടി ഒപ്പമുണ്ടെന്നും എന്തുവന്നാലും സംരക്ഷിക്കുമെന്നുമുള്ള സന്ദേശമാണ് പുതിയ ഉത്തരവിൽ നിഴലിക്കുന്നത്. മാത്രമല്ല, അവരെ നിയമപരമായോ നിയമവിരുദ്ധമായോ പുറത്തെത്തിക്കാനുള്ള രാഷ്ട്രീയതന്ത്രങ്ങളും അടവുനയങ്ങളും പ്രത്യയശാസ്ത്ര അജണ്ടയുടെ ഭാഗമാണെന്ന് അറിയാത്തവരാരും കേരളരാഷ്ട്രീയത്തിലില്ലതാനും.

അക്രമവും കൊലവിളിയുമൊന്നുമില്ലാത്ത സംശുദ്ധമായ ഒരു രാഷ്ട്രീയത്തെ കണികണ്ടുണരാൻ കേരളം ഇനി എത്രനാൾ കാത്തിരിക്കണം! രാഷ്ട്രനിർമാണപ്രക്രിയയിൽ ക്രിയാത്മകപങ്കാളിത്തം ആഗ്രഹിക്കുന്ന ഒരു രാഷ്ട്രീയവിദ്യാർഥിയുടെ ചോദ്യമാവാമിത്. അക്രമരാഷ്ട്രീയത്തെ വേരോടെ പിഴുതെറിയാൻ ഉത്തരവാദിത്വപ്പെട്ട ഭരണകൂടം, രാഷ്ട്രീയക്കൊലയാളികളോട് അവിശുദ്ധചങ്ങാത്തം കൂടുന്നതും അവരുടെ സംരക്ഷകരെപ്പോലെ പെരുമാറുന്നതും ജനാധിപത്യകേരളത്തിനു തീരാക്കളങ്കമാണ്. ക്രിമിനൽ പശ്ചാത്തലമുള്ളവരെ തിരഞ്ഞെടുപ്പിൽനിന്നു മാറ്റിനിറുത്താനും കൊടുംകുറ്റവാളികളുമായി കൂട്ടുകൂടാതിരിക്കാനും രാഷ്ട്രീയയജമാനന്മാർ മാത്രമല്ല, രാഷ്ട്രീയത്തൊഴിലാ ളികളടക്കമുള്ളർ ആർജവം കാണിച്ചാൽ വികസനസ്വപ്നങ്ങളുള്ള ഒരു ഭാവിരാഷ്ട്രത്തെ കണ്ടെത്താനാവും. ആദർശവും അടിത്തറയുമുള്ള രാഷ്ട്രീയപ്രവർത്തകരെയും ധിഷണാശാലികളെയും നാടിന്റെ പുരോഗതിക്കാവശ്യമാണ്. രാഷ്ട്രത്തോടും സമൂഹത്തോടും പ്രതിബദ്ധതയും കൂറുമുള്ള ചെറുപ്പക്കാരുടെ രാഷ്ട്രീയാവബോധവും ദാർശനികതയും നമ്മുടെ ഭാവിരാഷ്ട്രീയത്തെ കൊലവിളികളിൽനിന്ന് എന്നന്നേക്കുമായി മോചിപ്പിക്കാൻ ഇടയാകട്ടെ എന്നു പ്രത്യാശിക്കാം.



## പ്രതികരണം

## ബാങ്ക് ഫ്രോഡുകൾ ഉണ്ടാകുമ്പോൾ

നീണ്ട ഒരു ഇടവേളയ്ക്കുശേഷമാണ് ഒരു വമ്പൻ ബാങ്ക് ഫ്രോഡ് കോഴിക്കോട് വെളിപ്പെടുന്നത്. സഹകരണവെട്ടിപ്പുകളിൽനിന്നും ഭിന്നമായി, കോഴിക്കോട് PNB വെട്ടിപ്പിൽ, '24 മണിക്കൂർ'ന്റെ ഭീഷണി, വന്നതുകൊണ്ട് അന്വേഷണങ്ങൾ തകൃതിയായി നടക്കുന്നു. ഒരു സ്ഥിരതയുമില്ലാത്ത വെളിപ്പെടുത്തലുകൾ അനുദിനം വന്നുകൊണ്ടിരിക്കുന്നു.

ബാങ്ക് ഫ്രോഡ് സമയങ്ങളിൽ തട്ടിപ്പിന്റെ ആഴവും വ്യാപ്തിയും കൃത്യമായി നിശ്ചയിക്കുന്നതിനും ഉത്തരവാദിത്വം ഫിക്സ് ചെയ്യുന്നതിനും പ്രാഥമികാന്വേഷണങ്ങൾ, റിസേർവ് ബാങ്ക്, ഇതരബാങ്കുകളിലെ ഉന്നതഇൻസ്പെക്ടിങ് ടീം തുടങ്ങിയിടത്തുനിന്നുമുള്ള അംഗങ്ങൾതന്നെ നടത്തണം.

ഈ സമയം ഫ്രോഡ് നടന്ന ബാങ്കിലെ ഉദ്യോഗസ്ഥരുടെ മിനിമം ഇടപെടലേ ഉണ്ടാകാവൂ. അവരുടെ കൂടുതൽ ഇടപെടലുകൾ ഉണ്ടായാൽ സത്യം മറയ്ക്കാൻ വിജയകരമായി ശ്രമങ്ങൾ നടക്കും. ഫ്രോഡ്ബ്രാഞ്ചിനെ തീരെ വിശ്വസിക്കാൻ പാടില്ല.

ഈ ഘട്ടത്തിൽ ഏതു ബാങ്കിലും ഇത്തരം ശ്രമങ്ങൾ വിജയിക്കുമെന്നുമാത്രം പറയുന്നു. സർവീസ്കാലം, ബാങ്കിലെ ചെറിയ ചില ഉത്തരവാദിത്വങ്ങളുടെ പിൻബലത്തിൽ പറയുന്നതാണ്.

**അഡ്വ. ഫിലിപ്പ്**
**പഴേമ്പള്ളി, പെരുവ**

## ഇറാനിലെ പെൺശബ്ദം

ശിരോവസ്ത്രത്തെ ചൊല്ലി ഇറാനിൽ പൊട്ടിപ്പുറപ്പെട്ട കലാപത്തെക്കുറിച്ച് തോമസ് കുഴിഞ്ഞാലിൽ എഴുതിക്കണ്ടു. നല്ലൊരു ലേഖനമായിരുന്നത്. ഹിജാബ് അഥവാ ശിരോവസ്ത്രം ശരിയായി ധരിച്ചില്ലെന്നാരോപിച്ച് ഇറാനിലെ സദാചാര പ്പൊലീസ് കസ്റ്റഡിയിലെടുത്ത 22 കാരിയായ മഹ്സ അമിനിയെന്ന കുർദ് യുവതിയുടെ മരണത്തെത്തുടർന്നാണ് ജനരോഷം അവിടെ പൊട്ടിപ്പുറപ്പെട്ടത്. ആയിരക്കണക്കിനു സ്ത്രീകളാണ് മക്കളോടൊപ്പം സമരമുഖത്തെത്തിയത്. ചിലർ രോഷാകുലരായി തങ്ങളുടെ ശിരോവസ്ത്രങ്ങൾ വലിച്ചെറിഞ്ഞ് പൊതുനിരത്തുകളിൽ കൂട്ടിയിട്ടു തീവയ്ക്കുകയും തലമുടി സ്വയം മുറിച്ച് സർക്കാരിനെ പരസ്യമായി വെല്ലുവിളിക്കുകയും ചെയ്തു.

മാറ്റമില്ലാത്തതായി ലോകത്തൊന്നുമില്ല. എത്രയോ വിപ്ലവമുന്നറ്റങ്ങൾക്കു ലോകം സാക്ഷ്യം വഹിച്ചു! തീർച്ചയായും ഇറാനിലെ തെരുവുകളിൽ മുഴങ്ങിയ സ്ത്രീശബ്ദത്തിന്റെ അനുരണനങ്ങൾ കുറേക്കാലത്തേക്കെങ്കിലും ഈ ഭൂമുഖത്ത് അലയടിച്ചുകൊണ്ടേയിരിക്കും. മധ്യകാലത്തിലെ അറുപഴഞ്ചൻ പ്രത്യയശാസ്ത്രങ്ങൾ പഠിക്കാൻ ഞങ്ങളുടെ മക്കൾ നിർബന്ധിക്കപ്പെടുകയില്ല എന്ന അവരുടെ സ്വപ്നം ചിന്തോദ്ദീപകമാണ്.

**രാജി മാത്യു**
**ചങ്ങനാശേരി**

## മത്സ്യത്തൊഴിലാളികൾ നാടിന്റെ അഭിമാനം

വിഴിഞ്ഞം സമരം സർക്കാരും സമരസമിതിയും തമ്മിൽ നടന്ന മാരത്തൺ ചർച്ചയെത്തുടർന്ന് അവസാനിച്ചുവെന്ന വാർത്ത സമാധാനകാംക്ഷികളായ ജനങ്ങളെ സംബന്ധിച്ച് ഏറെ ആശ്വാസകരമായ കാര്യമാണ്. ഇരുവിഭാഗങ്ങളും തങ്ങളുടെ നിലപാടുകളിൽ വിട്ടുവീഴ്ച ചെയ്തുവെന്നാണ് വാർത്തകളിൽനിന്നു മനസ്സിലാകുന്നത്. സമരക്കാരുടെ ഏഴിനആവശ്യങ്ങളെ ഏറെക്കുറെ ഉൾക്കൊള്ളാൻ സർക്കാർ സന്നദ്ധമായെന്നത് ശ്ലാഘനീയമാണ്. തുറമുഖനിർമാണം നിറുത്തിവയ്ക്കണമെന്ന പിടിവാശിയിൽനിന്നു സമരസമിതിയും പിന്മാറി. രണ്ടുകൂട്ടരും തങ്ങളുടെ ഔന്നത്യം കാത്തുസൂക്ഷിച്ചു.

വിഴിഞ്ഞംസമരത്തെ വിഴിഞ്ഞം കലാപമെന്നു മുദ്രകുത്തി മുതലെടുക്കാൻ കോപ്പു കൂട്ടിയിരുന്നവർ ഇതോടെ ഇളിഭ്യരായിരിക്കുകയാണ്. ലത്തീൻസഭയും മത്സ്യത്തൊഴിലാളിജനതയും കേരളത്തിന്റെ പുരോഗതിയിൽ നിർണായകപപങ്കുവഹിച്ചവരാണെന്നു പറയാൻ മുഖ്യമന്ത്രി നിയമസഭയിൽ തയ്യാറായി. അവരെ വിഭാഗീയമായി കാണേണ്ടതില്ല. വാസ്തവത്തിൽ, കേരളസമൂഹത്തിൽ മറ്റാരേക്കാളും മതമൈത്രിയുള്ളവരാണു മത്സ്യത്തൊഴിലാളികൾ. തങ്ങളുടെ വിശ്വാസത്തെ മുറുകെപ്പിടിക്കുമ്പോഴും, പ്രളയകാലത്ത് ജാതിയും മതവും നോക്കാതെ രക്ഷകരായി മുന്നോട്ടു വന്നവരാണവർ എന്ന വലിയ സത്യത്തെ നാം ഒരിക്കലും വിസ്മരിക്കരുത്.

**സോഫി ജയിംസ്**
**പാലാരിവട്ടം**

## പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

ടി.പി. ശാസ്തമംഗലം 'പാട്ടെഴുത്തിലെ പാഠഭേദങ്ങൾ' എന്ന പംക്തിയിൽ നടത്തിക്കൊണ്ടിരിക്കുന്ന ചലച്ചിത്രഗാനനിരൂപണം ശ്രദ്ധയോടെ വായിക്കുന്നു. അദ്ദേഹം നിരൂപണവിധേയമാക്കുന്ന ആധുനികചലച്ചിത്രഗാനങ്ങളുടെ നിലവാരമില്ലായ്മയെപ്പറ്റി ആലോചിക്കുമ്പോൾ ആ ഖണ്ഡന വിമർശനത്തെ എതിർക്കേണ്ടതായിട്ടൊന്നുമില്ല.

മുമ്പൊക്കെ തങ്ങളുടെ ചിത്രത്തിൽ ഉൾപ്പെടുത്തേണ്ട പാട്ടുകളെപ്പറ്റി നിർമാതാക്കളും സംവിധായകരും ഏറെ ചിന്തിച്ചിരുന്നു. വലിയ പ്രാധാന്യം ഗാനത്തിന് അവർ കല്പിച്ചിരുന്നു. അതിന്റെ മെച്ചവുമുണ്ടായി. എത്രയോ അനശ്വരഗാനങ്ങൾ വയലാറിന്റെയും ശ്രീകുമാരൻതമ്പിയുടെയും ഒഎൻവിയുടെയും മറ്റും തൂലികയിൽനിന്നു പിറവിയെടുത്തു! ദേവരാജനും ബാബുരാജും എംകെ അർജുനനും മറ്റും എത്രയോ ഗാനങ്ങൾക്ക് മധുരിമ ചാർത്തി! ഇന്നത്തെ സിനിമാപിടിത്തക്കാർക്ക് പാട്ടിൽ ശ്രദ്ധയില്ല. യുവതലമുറയ്ക്കു കൂത്താടാൻ പറ്റിയ ഈണത്തിൽ മാത്രം അവർ ശ്രദ്ധിക്കുന്നു. ഈണത്തിനനുസരിച്ച് വായിൽവരുന്ന വാക്കുകൾ വെറുതെ പെറുക്കിവയ്ക്കുന്നു. കഷ്ടം! എന്നല്ലാതെ എന്തു പറയാൻ?

**കെ. ജി. പുരുഷോത്തമൻ**
**കായംകുളം**

കഥ



നിഷ ആന്റണി

# ഇയ്യോബിന്റെ ഗർഭിണികൾ

കണ്ണുതുറന്നുണർന്നു പുറത്തേക്കു നോക്കിയപ്പോൾ കിഴക്കുഭാഗത്തെ മലനിരകളിലേക്കു നേർത്ത പുകമഞ്ഞു പരക്കുന്നതാണ് ഈയ്യോബ് കണ്ടത്. കതകു പിടിപ്പിക്കാത്ത ജനാലയഴികൾക്കുള്ളിൽക്കൂടി മഞ്ചൂളം കുത്തി മുറിക്കകത്തേക്കു പ്രവേശിച്ചു.

ഇളംനീലസാരികൊണ്ടു മറച്ച ജനാലയ്ക്കപ്പുറത്തിരുന്ന് ലില്ലി, പിഞ്ഞാണങ്ങളും മൺചട്ടികളും അലുമിനിയത്തിന്റെ ഒന്നു രണ്ടു കലങ്ങളും, വെണ്ണീറും സോപ്പും ഉപയോഗിച്ച് തേച്ചുരച്ചു കഴുകി വൃത്തിയാക്കുകയാണ്. ലില്ലിക്ക് കൂട്ടിനെന്നവണ്ണം കാക്കകൾ വാഴച്ചുവട്ടിലിരുന്നു മൺകലത്തിന്റെ വായ്ക്കുള്ളിലേക്ക് എത്തിനോക്കുന്നു. ഓടുമേഞ്ഞ മറപ്പുരയ്ക്കുള്ളിൽനിന്നു മൂത്തമകൾ ലിച്ചി എന്നു വിളിക്കുന്ന ലിൻസി, മകനെ ഉറക്കെ ചീത്തപറഞ്ഞുകൊണ്ട് കുളിപ്പിക്കുന്നതു കേൾക്കാം.

ലില്ലി ജോബിന്റെ രണ്ടാം ഭാര്യയാണ്.

ആദ്യത്തെ ഭാര്യ സൂസന്ന നാട്ടിൽ ചിക്കുൻഗുനിയ പടർന്നുപിടിച്ചപ്പോൾ ജോബിനെയും രണ്ടു പെൺമക്കളെയും ഭൂമിയിൽ ബാക്കിവച്ചുകൊണ്ടു സ്വർഗത്തിലേക്കു പോയി.

പുട്ടും തേങ്ങാപ്പീരയും പോലെ ഇഴചേർന്നു ജീവിച്ചിരുന്നവരായതുകാരണം തനിച്ചുള്ള ജീവിതത്തിൽ ഈയ്യോബ് കഷ്ടപ്പെട്ടു.

മെക്കാനിസമൊന്നും പഠിച്ചിട്ടില്ലേലും ആ നാട്ടിലെ പണി നന്നായി അറിയാവുന്ന ഏക ഇലക്ട്രീഷ്യൻ അയാളായിരുന്നു. ഈയ്യോബിന്റെ അപ്പനും അമ്മയും ചെറുപ്പത്തിലേ മരിച്ചതുകൊണ്ടു വളർന്നതു മുഴുവൻ ഇടവകപ്പള്ളിയിലെ അച്ചന്മാരുടെ തണലിലായിരുന്നു. അന്തോണീസച്ചനാണ് ഈയ്യോബിനു പൊന്നുപോലൊരു പെമ്പിളയെ അങ്ങ് പാലാ മുത്തോലിയിൽനിന്നു കണ്ടുപിടിച്ച് കെട്ടിച്ചുകൊടുത്തത്. അഴകൊത്ത പെണ്ണായിരുന്നു സൂസന്ന. ഈയ്യോബ് സ്ക്രൂഡ്രൈവറും ചവണയുമായി പണിക്കിറങ്ങുമ്പോൾ സൂസന്ന മുപ്പതു സെന്റിലേക്കിറങ്ങി. അധ്വാനിച്ചുണ്ടാക്കുന്ന പൈസ മുഴുവൻ ഈയ്യോബ് സൂസന്നയെ ഏല്പിച്ചു.

മൂത്തമോൾ ലിച്ചിയെ ആനക്കാമ്പൊയിലുള്ള ഒരു പട്ടാളക്കാരനെക്കൊണ്ടാണു കെട്ടിച്ചുകൊടുത്തത്. പെണ്ണിനെ നെഞ്ചുറപ്പുള്ള ഒരുത്തനെ ഏല്പിക്കണന്ന് ഈയ്യോബിനു നിർബന്ധമായിരുന്നു. പട്ടാളത്തീന്നു പോന്നാലും അധ്വാനിച്ചുജീവിക്കാലോ?

ലിച്ചീടെ കല്യാണം കഴിഞ്ഞ് രണ്ടു വർഷം കഴിഞ്ഞപ്പോഴേക്കും ഇളയവളുടെ പഠനവും ഏതാണ്ട് അവസാനിച്ചു. വളർന്നുവരുന്ന സുന്ദരികളായ പെൺമക്കൾ അപ്പനമ്മമാരുടെ മനസ്സിലെ ഉത്കണ്ഠയെ ആളിക്കത്തിക്കുന്ന തീപ്പൊരിയാണെന്നു ഈയ്യോബിനു തോന്നി. എങ്ങനെയെങ്കിലും പൊന്നിയെക്കൂടി കെട്ടിക്കണം. പക്ഷേ, എടുപിടീന്നുള്ള കല്യാണത്തിനൊന്നും പൊന്നി തയ്യാറല്ലായിരുന്നു. എന്നും വൈകിട്ട് പള്ളിമണി മുഴങ്ങുമ്പം മതിലിനരികിൽ കാണുന്ന ബുള്ളറ്റിന്റെ ഉടമസ്ഥനെ ഒരു നാൾ ഈയ്യോബ് കണ്ടുപിടിച്ചതോടെയാണ് പൊന്നി മനസ്സുതുറന്നത്. ചെറുക്കൻ തറവാടി ആയതുകൊണ്ട് ഈയ്യോബിന് എതിർക്കാനും തോന്നിയില്ല. പ്രശ്നവുമായി ഒരു ദിവസം അയാൾ റോണിച്ചനെ സമീപിച്ചു. എങ്ങനെയെങ്കിലും അപ്പനെ പറഞ്ഞു സമ്മതിപ്പിച്ച് പൊന്നിയെ ഉടൻ തന്നെ കെട്ടിക്കോളാമെന്ന് റോണിച്ചൻ ഈയ്യോബിന്റെ കാലിൽപിടിച്ചു പറഞ്ഞു.

എങ്കിലും കുറച്ചുകാലം എങ്ങനെ പൊന്നിയെ തനിച്ചിരുത്തും?

പഠിക്കാൻ പണ്ടേ മണ്ടിയാണ്.

അങ്ങനെയൊരു ദിവസം അയലോക്കത്തെ വീട്ടിൽ ടി.വി നന്നാക്കാൻ ചെന്നപ്പോഴാണ് ഈയ്യോബിന് മാഞ്ചിയമ്മച്ചി ഒരു ഉപായം പറഞ്ഞുകൊടുത്തത്.

‘ജോബ് വീണ്ടും വിവാഹം കഴിക്കുക... പൊന്നിക്ക് ഒരു കൂട്ടാകട്ടെ.’

കയ്യാലയ്ക്കപ്പുറം മാഞ്ചുവട്ടിലേക്കു വീണുകിടക്കുന്ന കറുത്ത പാറക്കൂട്ടങ്ങൾ മുഴുവൻ നിഴൽരൂപം പ്രാപിച്ച് എഴുന്നേറ്റു നിൽക്കുന്നതായി ഈയ്യോബിനു തോന്നി. ഇരുവഞ്ഞിപ്പുഴയിൽ മുങ്ങിക്കുളിച്ചെങ്കിലും ജോബിന്റെ ശരീരമേ തണുത്തുള്ളൂ. മനസ്സു തണുത്തില്ല.

അടുത്ത ഒരാഴ്ച ജോബ് പണിക്കും പോയില്ല.

പിറ്റേ ഞായറാഴ്ച രണ്ടാം കുർബാനയ്ക്കുശേഷം ജോബ് അന്തോണീസച്ചന്റെ പള്ളിമുറിയിൽ പ്രവേശിച്ചു.

“അച്ചോ... പണിക്കു പോയിട്ട് ദെവസങ്ങളായി. പെണ്ണിനെ ഇട്ടേച്ച് പൊറത്തേക്കിറങ്ങാൻ മനസ്സൊറപ്പില്ല. അവളാണേൽ റോണിച്ചനെ അല്ലാതെ വേറെ ആരേം കെട്ട്യേലെന്നാ പറേന്നത്.”



“ഇയ്യോബേ... താങ്ങാൻ പറ്റുന്നതിനേക്കാൾ അധിക നോവ് ശരീരത്തിലും രക്തത്തിലും സഹിച്ചവനല്ലേടോ നമ്മുടെ കർത്താവ്. ഓരോരുത്തരുടെ പ്രശ്നങ്ങൾക്കുള്ള ഉത്തരങ്ങൾ അവരവർതന്നെ കണ്ടുപിടിക്കണമെടോ. അല്ലാത്തവർ ജീവിതത്തിൽ തോറ്റുപോകും. അല്ലേൽ ആരുടേലും അടിമയായിത്തീരും. എനിക്കു നിന്നെ സഹായിക്കാനുള്ള വഴി പറഞ്ഞുതരാനേ പറ്റൂ... തീരുമാനം എടുക്കേണ്ടത് ഇയ്യോബാണ്.

“അച്ചൻ എന്താണ് പറഞ്ഞു വരുന്നത്?”

“പറഞ്ഞുവരുന്നത് മറ്റൊന്നുമല്ല. വയസ്സ് അമ്പതല്ലേ ആയുള്ളൂ. നീ ഒന്നൂടി കെട്ട്. അപ്പോ നിനക്കും പൊന്നിക്കും കൂട്ടാവും.”

ആകാശത്തിലെ ഇരുൾനിറഞ്ഞ മേഘക്കെട്ടുകളിൽനിന്നും ഒരു പരുന്ത് പറന്നുവന്ന് ഹൃദയം കൊത്തിവലിക്കുന്നതായി ഈയ്യോബിനു തോന്നി. അങ്ങനെ വേനൽ കഴിഞ്ഞപ്പോഴേക്കും ലില്ലി, ഈയ്യോബിന് രണ്ടാം വധുവായി. കരിമ്പ് എന്ന നാട്ടിൻപുറത്തുനിന്നാണ് ലില്ലിയെ ഈയ്യോബിനു കിട്ടിയത്. സൂസന്നയുടെ അത്ര നിറമില്ലെങ്കിലും ലില്ലിയും സൗന്ദര്യമുള്ളവളായിരുന്നു. യുവത്വവും മാംസളതയും നിറഞ്ഞ ശരീരം. നീണ്ട കനത്ത തലമുടി. കടൽപോലെ തിരയിളകുന്ന മിഴികൾ. ഈയ്യോബിനെക്കാൾ പതിനൊന്നു വയസ്സിനിളപ്പം. പൊന്നിയും ലില്ലിയും കാഴ്ചയിൽ ചേച്ചിയും അനിയത്തിയുമാണെന്നേ തോന്നുകയുള്ളൂ.

കല്യാണത്തോടെ ജോബ് സൂസന്നയെ ഹൃദയത്തിന്റെ ഒരു പാതിയിൽ അടച്ചുസൂക്ഷിച്ചു. ലില്ലിയെ അയാൾ നിറഞ്ഞ മനസ്സോടെ സ്നേഹിച്ചു. എങ്കിലും ഭാര്യയെന്ന മുഴുവൻ പദവിയിലേക്ക് ലില്ലിയെ കൈപിടിച്ചുയർത്താൻ ജോബിനായില്ല.

സൂസന്നാ...

നിന്നെ ഓർക്കുമ്പോൾ എന്റെ ഹൃദയത്തിലേക്ക് രക്തം കുതിച്ചൊഴുകുന്നു. ഇരുട്ടിൽ ജോബ് വിലപിച്ചു.

ആശകൾ ഹൃദയത്തിൽ അടക്കിസൂക്ഷിക്കാൻ ഇയ്യോബിന് അറിയാമായിരുന്നു. പക്ഷേ, ലില്ലിയുടെ ആദ്യവിവാഹമായതിനാൽ ജോബ് തന്നോടു കാണിക്കുന്ന അകലമോർത്ത് ലില്ലി ഉള്ളാലേ വിഷമിച്ചു.

കിടപ്പുമുറിയിൽ ഈയ്യോബിന്റെ കൂർക്കംവലികളും ലില്ലിയുടെ നെടുവീർപ്പുകളും മാത്രം തമ്മിൽ അലിഞ്ഞുചേർന്നു. എങ്കിലും ലില്ലി പരാതിപ്പെട്ടില്ല. കാടിന്റെ താളവും കാട്ടുതീയുടെ വന്യതയുമൊക്കെ ചിന്തകളിൽ ആളിപ്പടർന്നുവെങ്കിലും ലില്ലി കൊന്ത ചൊല്ലി, തന്നെത്തന്നെ ഉറക്കി.

ലില്ലി വന്നതുമുതൽ പൊന്നി എപ്പോഴും മുറിക്കുള്ളിൽത്തന്നെ കഴിച്ചുകൂട്ടി. ആയിടെ പുറത്തിറങ്ങിയിരുന്ന എല്ലാ ആഴ്ചപ്പതിപ്പുകളും അവൾ അപ്പനെക്കണ്ടു വാങ്ങിപ്പിച്ചു. അതിലെ മിഴിവേറുന്ന ചിത്രങ്ങൾ മാറത്തിട്ടുകൊണ്ട് പൊന്നി പകൽസ്വപ്നം കണ്ടുറങ്ങി.


എന്നും വൈകുന്നേരമാവുമ്പോൾ മാഞ്ചിയമ്മയോടൊപ്പം പൊന്നിയും ലില്ലിയുംകൂടി പുഴയോരത്തു പോയി കുളിച്ചു. പൊന്നിയുടെ സമൃദ്ധമായ തലമുടിയിൽ ലില്ലി ഇഞ്ച തല്ലി തണുപ്പിച്ച് ഉലച്ചൊഴുക്കി കഴുകി.

ലില്ലിയുടെ നെടുവീർപ്പുകൾ കേൾക്കാതെ വേനലും മഴയും മാറി വന്നുകൊണ്ടിരുന്നു. ഇലപ്പച്ചകളിൽ താരുണ്യംവന്നു നിറയുന്നു. ഇതിനിടയിൽ റോണിച്ചന്റെ അപ്പൻ, കുന്നേൽ തോമാ, കല്യാണാലോചനയുമായി വന്നതാണ് ആകപ്പാടെ ഉണ്ടായ മാറ്റം.

അല്പം ഉഴപ്പനായിരുന്ന റോണിച്ചനെ പെണ്ണുകെട്ടിച്ചാൽ കുറച്ചുകൂടി ഉത്തരവാദിത്വം വരുവായിരിക്കുമെന്ന് തോമാമാപ്പിളയ്ക്കു തോന്നി. അങ്ങനെ രണ്ടു മാസം കഴിഞ്ഞപ്പോഴേക്കും പൊന്നീടെ മനസമ്മതോം കല്യാണോം വളരെ കെങ്കേമമായി കഴിഞ്ഞു. വീടുവിട്ടിറങ്ങാൻനേരം പൊന്നി ലില്ലിയെ കെട്ടിപ്പിടിച്ചു കരഞ്ഞു.

“അവിടെച്ചെന്നാൽ അടുക്കളേൽ കേറി പണിയൊക്കെ ചെയ്യണം ട്ടോ... മോൾടമ്മയെ പറയിപ്പിക്കരുത്.”

*ശേഷം 8–ാം പേജിൽ*




ഡിസംബർ 18
മംഗളവാർത്തക്കാലം
നാലാം ഞായർ

ഉത്പ 24 : 50–67
1 സാമു 1 : 1 – 18
എഫേ 5 : 5 – 21
മത്താ 1 : 18 – 24



# യൗസേപ്പിന്റെ ക്രിസ്മസ്



ഡോ. ജോസഫ്
കരികുളം

ക്രിസ്മസ് യാഥാർഥ്യമാകുന്നത് നിരവധി വ്യക്തികളുടെ ജീവിതത്തിലൂടെയാണ്. രക്ഷാകരപദ്ധതിയുടെ ഉപരഭാക്താവ് മനുഷ്യനാണ് എന്നതുമാത്രമല്ല, ദൈവം മനുഷ്യരിലൂടെ അതു യാഥാർഥ്യമാക്കുന്നു എന്നതും വി. ഗ്രന്ഥം വെളിപ്പെടുത്തുന്നു. രക്ഷാകരചരിത്രത്തിലെ അദ്ഭുതജനനങ്ങൾ പ്രധാനമായും വീക്ഷിക്കപ്പെടുന്നത് അതിനു കാരണഭൂതരാകുന്ന സ്ത്രീകളുടെ പശ്ചാത്തലത്തിലാണ്. അമ്മയെന്ന പുണ്യം രക്ഷാകരപദ്ധതിയിൽ ആദരിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്നു. അവൾക്കൊപ്പം, സൃഷ്ടികർമത്തിൽ പങ്കുകാരാകുന്ന പുരുഷന്മാരെയും ഈ രക്ഷാകരപദ്ധതിയിൽ ഓർമിക്കപ്പെടേണ്ടവരായി വി. ഗ്രന്ഥം മുന്നോട്ടുവയ്ക്കുന്നു. മംഗളവാർത്തക്കാലത്തിന്റെ നാലാം ഞായറാഴ്ചത്തെ വായനകൾ അപ്രകാരം ചില ചിന്തകൾ പങ്കുവയ്ക്കുന്നു; പ്രത്യേകിച്ച്, സുവിശേഷം.

ഇസഹാക്കിന് വധുവിനെ അന്വേഷിച്ചുപോകുന്ന അബ്രാഹത്തിന്റെ ഭൃത്യന്റെ അനുഭവമാണ് ഒന്നാം വായന (ഉത്പ. 24:50–67). ദൈവത്തിന്റെ പദ്ധതിയിലാണ് താൻ പങ്കാളിയാകുന്നതെന്നറിയാതെ തന്നെ ഏല്പിക്കുന്ന ഉത്തരവാദിത്വം ഭംഗിയായി നിർവഹിക്കുന്ന ഭൃത്യൻ! അബ്രാഹത്തിന്റെ വാക്കു കേൾക്കുന്നതിലും യാത്ര പോകുന്നതിലും പെൺകുട്ടിയെ കണ്ടുപിടിക്കുന്നതിലും അവളുടെ കുടുംബാംഗങ്ങളോടു സംസാരിക്കുന്നതിലും അവളെ ഇസഹാക്കിന്റെ അടുത്തെത്തിക്കുന്നതിലും ആ ഭൃത്യൻ കാണിക്കുന്ന ആത്മാർഥതയും തന്മയത്വവും ശ്രദ്ധാർഹമാണ്. യജമാനന്റെ വലിയ സമ്പത്തുമായി സഞ്ചരിക്കുമ്പോഴും അതിനെ ദുരുപയോഗം ചെയ്യുന്നതിലല്ല, അതിനെ പൂർണമായും ഉപയോഗിച്ച് അബ്രാഹത്തിന് സന്തോഷം എത്തിക്കുന്നതിലാണ് അയാളുടെ ശ്രദ്ധ.

ഈ സംഭവങ്ങളിൽനിന്ന് അവൻ അനുഭവിക്കുന്ന ദൈവികസാന്നിധ്യം വ്യക്തിപരമായി ദൈവത്തെ സ്വീകരിക്കുന്നതിലേക്ക് അവനെ എത്തിക്കുന്നു. 'എന്റെ യജമാനനായ അബ്രാഹത്തിന്റെ ദൈവമായ കർത്താവേ' എന്നാണ് തന്റെ ആദ്യ പ്രാർഥനയിൽ അവൻ ദൈവത്തെ വിളിക്കുന്നത് (24:12,27, 42,48). എന്നാൽ, ഒരു ഭൃത്യന്റെ വാക്കുകൾക്ക് റബേക്കായുടെ അപ്പനും സഹോദരനും വലിയ വില കൊടുക്കുന്നതു കണ്ടപ്പോൾ (24:52) അവനുണ്ടായ മാറ്റം വലുതാണ്. അബ്രാഹത്തിന്റെ ദൈവമായ കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവന്റെ ജീവിതത്തിൽ സംഭവിക്കുന്ന അദ്ഭുതത്തെ തിരിച്ചറിയുന്ന ഭൃത്യൻ, ആ ദൈവം ഇനി തന്റെയും ദൈവമാണെന്ന് അംഗീകരിക്കുന്നു (24:56).

ഗർഭം ധരിക്കുന്നതും പരിപാലിക്കുന്നതും വേദന സഹിച്ചു പ്രസവിക്കുന്നതുമെല്ലാം സ്ത്രീകളാണ്. അവരോടൊപ്പം ഓരോ പുരുഷനും ഏറ്റെടുക്കേണ്ട സൃഷ്ടിയുടെ ചില ഭാരങ്ങളുണ്ട്. നല്ല കുഞ്ഞുങ്ങളുടെ ജനനത്തിനായി കുടുംബത്തെ, പ്രത്യേകിച്ച് ഭാര്യയെ ഒരുക്കുകയും അവളെ കരുതുകയും ചെയ്യുക പ്രധാനമാണ്. ദൈവികപദ്ധതിയിൽ ഉൾച്ചേർന്ന് നിശ്ശബ്ദമായി പ്രവർത്തിക്കുകയെന്നതാണ് പലപ്പോഴും അവന്റെ കർത്തവ്യം.

രണ്ടാം വായനയിൽ കാണുന്ന, ഹന്നായുടെ ഭർത്താവായ എല്ക്കാനയും വ്യത്യസ്തനല്ല (1 സാമു. 1:1–18). കുട്ടികളില്ലാതിരുന്ന തന്റെ ഭാര്യ ഹന്നായെ എല്ക്കാന കൂടുതൽ സ്നേഹിച്ചിരുന്നു (1,5) സപത്നി പെനീന്നാ അവളെ വേദനിപ്പിച്ചപ്പോഴൊക്കെയും എല്ക്കാന അവളെ ആശ്വസിപ്പിച്ചിരുന്നു (1:8). ഭർത്താവ് ഭാര്യയെ ഭരിക്കേണ്ടവനോ അവളുടെ ഉടമയോ അല്ല, മറിച്ച്, ഒരുമയുള്ള ജീവിതത്തിലൂടെ തങ്ങൾ ഇരുവരും അധ്വാനിച്ച് ഉരുവാക്കേണ്ട കുടുംബമെന്ന സഭയുടെ അമരക്കാരാണവർ.

ദൈവഹിതത്തിന്റെ പൂർത്തിക്കായി മറിയത്തെ പൂർണമനസ്സോടെ ഭാര്യയായി സ്വീകരിക്കുകയും അവളെയും അവളുടെ ഉദരത്തിലുള്ള ശിശുവിനെയും സംരക്ഷിക്കുകയും ചെയ്തു വി. യൗസേപ്പ് (മത്തായി 1:18–25). പിതാവായ ദൈവത്തിന്റെ ഭൂമിയിലെ സ്ഥാനമാണ് യൗസേപ്പിനു നല്കപ്പെടുന്നത് (1,21). ദൈവം അരൂപിയും അദൃശ്യനുമായതിനാൽ, മനുഷ്യനാകുന്ന തന്റെ പുത്രന് മനുഷ്യനായ ഒരു പിതാവുതന്നെ വേണം. ഇസ്രായേൽജനത്തിന് പിതാക്കന്മാരായി അബ്രാഹവും ഇസഹാക്കും യാക്കോബും മാറിയെങ്കിൽ, രക്ഷയുടെ പൂർത്തീകരണത്തിന്റെ മധ്യസ്ഥന് പിതാവായി യൗസേപ്പു മാറുന്നു.

യൗസേപ്പ് നീതിമാനാകുന്നത് ദൈവത്തിന്റെ ഹിതം തിരിച്ചറിയുമ്പോഴല്ല. തന്റെ ജീവിതത്തിലുടനീളം അവൻ നീതിമാനായിരുന്നു. അതുകൊണ്ടാണ് തന്റെ പുത്രന്റെ വളർത്തുപിതാവായി ദൈവം അദ്ദേഹത്തെ തിരഞ്ഞെടുത്തത് (1:19). മറിയത്തിന്റെ അഭിമാനത്തെ, ദൈവത്തിന്റെ അരുളപ്പാടു ലഭിക്കുന്നതിനു മുമ്പേ യൗസേപ്പ് അംഗീകരിച്ചിരുന്നു.

മാനുഷികനീതിക്കപ്പുറം ഉയരേണ്ട ദൈവികനീതിയുടെ ചിന്തയാണ് യൗസേപ്പിന്. "നിങ്ങളുടെ നീതി നിയമജ്ഞരുടെയും ഫരിസേയരുടെയും നീതിയെ അതിശയിക്കുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ലെന്ന് ഞാൻ നിങ്ങളോടു പറയുന്നു" (മത്താ. 5,20). വിവാഹപൂർവമായി ഗർഭം ധരിച്ച മറിയത്തെ, ദൃശ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ, സമൂഹത്തിന്റെ വിധിത്തീർപ്പിനു വിട്ടുകൊടുക്കുക എന്നതാണ് ഇവിടെ മാനുഷികനീതി. അവളുടെ സാഹചര്യം തിരിച്ചറിഞ്ഞ്, അവളെ മനസ്സിലാക്കി ശരിയുടെ പാതയിലേക്കു കൈപിടിച്ചുനയിക്കുന്ന കരുണയുടെ പ്രകാശനമാണ് ദൈവികനീതി. പാപത്തിൽ പിടിക്കപ്പെട്ട സ്ത്രീയെയും (യോഹ. 8:1–11) സക്കേവൂസിനെയും (ലൂക്കാ 19:1–10) തന്നെ തള്ളിപ്പറയുന്ന പത്രോസിനെയും (മത്താ 26, 69–75) ഒറ്റിക്കൊടുക്കുന്ന യൂദാസിനെയും (മത്താ. 26,50) കരുണയുടെ കണ്ണുകൾകൊണ്ട് നോക്കുന്നതാണ് ദൈവികനീതിയുടെ മാതൃക.

സഹോദരന്റെ അയൽക്കാരന്റെ അവസ്ഥയും സാഹചര്യവും എന്തുകൊണ്ട് അവൻ/അവൾ അങ്ങനെ പെരുമാറുന്നുവെന്നു മനസ്സിലാക്കാൻ കഴിയുകയും ചെയ്യുന്നവൻ മാനുഷികനീതിയെ അതിലംഘിച്ച് ദൈവികനീതി പ്രവർത്തിക്കും. ഈശോയുടെ വളർത്തുപിതാവായ യൗസേപ്പിനെ ഇപ്രകാരം പ്രവർത്തിക്കുന്ന ഒരാളായി സുവിശേഷത്തിൽ നാം ദർശിക്കുന്നു.

കരുണയുടെ കണ്ണുകളോടെ മറിയത്തിന്റെ അവസ്ഥയെ മനസ്സിലാക്കുന്നവൻ ദൈവത്തിന്റെ അരുളപ്പാടോടെ തന്റെ തീരുമാനംതന്നെയാണ് ശരിയെന്നുറപ്പിക്കുന്നു. ജീവിതത്തിന്റെ കഠിനവും വ്യത്യസ്തവുമായ സാഹചര്യങ്ങളിൽ തീരുമാനമെടുക്കേണ്ടിവരുമ്പോൾ യൗസേപ്പായിരിക്കണം നമ്മുടെ മാതൃക. മറ്റുള്ളവരെ കുറ്റംവിധിച്ച് തള്ളിക്കളയാനുള്ള പ്രതികാരചിന്തയിൽ പ്രണയക്കൊലകളും മറ്റു തർക്കവിതർക്കങ്ങളും കുറ്റകൃത്യങ്ങളും വർധിച്ചുവരുന്ന ഇക്കാലത്ത് ദൈവികനീതിയുടെ ഉത്തമമാതൃകയായ യൗസേപ്പ് നമുക്കു മാതൃകയാകട്ടെ.

നീതിമാനായ യൗസേപ്പിനുണ്ടായിരുന്ന അടിസ്ഥാനലോകവീക്ഷണം, ദൈവികനീതിയുടെ കണ്ണുകളിലൂടെ ലോകത്തെ നോക്കിക്കാണുന്ന ശീലം നമുക്കുണ്ടായിരിക്കണം എന്നതാണ് പൗലോസ്ശ്ലീഹാ നമ്മോടാവശ്യപ്പെടുന്നത് (എഫേ. 5:5–21). "കർത്താവിന് പ്രസാദകരമായിട്ടുള്ളവ എന്തെന്നു വിവേചിച്ചറിയുവിൻ" (5,10–17). കർത്താവിനെ പ്രകാശമായി കാണുന്ന യോഹന്നാനെപ്പോലെ (യോഹ. 1,9) പൗലോസും ചിന്തിക്കുന്നുണ്ട്. കർത്താവാകുന്ന പ്രകാശത്തിന്റെ ഫലം 'സകല നന്മയിലും നീതിയിലും സത്യത്തിലുമാണ് പ്രത്യക്ഷപ്പെടുന്നത്' (5,9). അതിനാൽ, "പ്രകാശത്തിന്റെ മക്കളെപ്പോലെ പ്രവർത്തിക്കുവിൻ" (5,9).

ദൈവത്തിന്റെ ഹിതം വെളിപ്പെടുമ്പോൾ പൂർണമനസ്സോടെ സ്വീകരിക്കുന്ന മറിയവും അവിടുത്തെ ദർശനം ലഭിക്കുന്നതിനു മുമ്പേ ദൈവനീതിയെക്കുറിച്ചു വ്യക്തമായ ധാരണയുള്ള യൗസേപ്പും കൂടിച്ചേരുന്നതാണ് ക്രിസ്മസിന്റെ പ്രകാശത്തിന്റെ ഭവനം.

■

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



ആൻഡ്രീസാ ജോൺ
രാമപുരം

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



N.P.V.
Kurianad

# ഇയ്യോബിന്റെ ഗർഭിണികൾ

6-ാം പേജ് തുടർച്ച

പൊന്നി തലകുലുക്കി സമ്മതിച്ചു.

അങ്ങനെ പെണ്ണും ചെക്കനും യാത്രയാവുന്നത് ഈയ്യോബ് നിറകണ്ണുകളോടെ നോക്കി കണ്ടു. കല്യാണത്തിനു പുതിയൊരു വിശേഷവുമായാണ് ലിച്ചി വന്നത്.

ഗർഭാരിഷ്ടതകൾ അലട്ടിയിരുന്നതിനാൽ ലിച്ചിയോട് രണ്ടാഴ്ച കഴിഞ്ഞു പോകാമെന്ന് ലില്ലി ആവശ്യപ്പെട്ടു.

രണ്ടാനമ്മയുടെ സ്നേഹപരിചരണങ്ങൾ അനുഭവിക്കാനുള്ള കൊതി ലിച്ചിക്കുണ്ടായിരുന്നു.

"സൂസന്ന പോയെങ്കിലും അയിന്റൊരു കൊറവ് പൊന്നി അറിഞ്ഞില്ലാട്ടോ ലിച്ചിയേയ്. ലില്ലി കുടുമ്മം നോക്കാൻ മിടുക്കത്തിയാണ്."

ലിച്ചിയെ കാണാൻ വന്ന മാഞ്ചിയമ്മ പറഞ്ഞു. രണ്ടാഴ്ചക്കാലം ലില്ലിയുടെ സ്നേഹപരിചരണങ്ങൾ അനുഭവിച്ചശേഷം ലിച്ചി ഒരു വട്ടിനിറയെ കുഴലപ്പവും അച്ചപ്പവുമായി കെട്ട്യോന്റെ വീട്ടിലേക്കു പോയി.

പിന്നീടുള്ള ദിവസങ്ങളിൽ ലില്ലി തനിച്ചായിരുന്നു. പകൽ സമയം മുഴുവൻ അവളുടെ ചിന്തകൾ ഇയ്യോബിന്റെ ചുറ്റും അലഞ്ഞുതിരിഞ്ഞു. പണി കഴിഞ്ഞു വരുന്നപാടേ ഇയ്യോബ് പുഴയിറമ്പിലേക്കു പോകും. നിലാവു വെട്ടിത്തിളങ്ങുന്ന പുഴയോളങ്ങളിലേക്ക് ഏറെനേരം നോക്കിനിൽക്കും. കുളി കഴിഞ്ഞു വരുമ്പഴേക്കും ലില്ലി ചൂടുകഞ്ഞി നിറച്ച പിഞ്ഞാണം മേശപ്പുറത്തു മൂടിവെച്ചിട്ടുണ്ടാവും. "കഴിച്ചോ?" എന്നൊരു ചോദ്യത്തിൽ അന്നത്തെ രാത്രിയുടെ അന്വേഷണം തീർന്നു. പാത്രങ്ങൾ കഴുകി കമിഴ്ത്തിവച്ച് അടുക്കളയുടെ വാതിലുമടച്ച് കിടക്കാൻ ചെല്ലുമ്പോഴേക്കും ഈയ്യോബ് ഉറക്കം പിടിച്ചിട്ടുണ്ടാവും. സങ്കടപ്പെട്ടു നടക്കുന്ന ലില്ലിയെ നോക്കി മാഞ്ചിയമ്മ പറഞ്ഞു:

"ഇയ്യോബിതുവരെ സൂസന്നയെ മറന്നില്ല അല്ല്യോ? കഷ്ടം..."

ലില്ലി ഒന്നും മിണ്ടിയില്ല.

മറുപടിക്കുപകരം അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

പെട്ടെന്നായിരുന്നു ഇടവകയിലെ അന്തോണീസച്ചനു സുഖമില്ലാണ്ടായത്.

വൈദികഭവനത്തീന്ന് അച്ചൻ ഇയ്യോബിനെ വിളിപ്പിച്ചു.

"സുഖമല്ല്യോ ഇയ്യോബേ?"

"അതേച്ചോ..."

സംസാരിക്കുന്നതിനിടയിൽ നിർത്താതെ കിതച്ചും ചുമച്ചും അച്ചൻ വല്ലാതെ ബുദ്ധിമുട്ടുന്നതുകണ്ട് ഇയ്യോബ് നെഞ്ചു തിരുമ്മിക്കൊടുത്തു.

"മതിയെടാ. പോകുംമുമ്പ് നിന്നെയൊന്നു കാണണംന്നു തോന്നി. ലില്ലിയെയും. എനിക്കു സൂസന്ന തന്ന്യാ ലില്ലിയും. നിനക്കും അങ്ങനെതന്നെയായിരിക്കണം. പറഞ്ഞതു മനസ്സിലായില്ല്യോ?"

ഈയ്യോബ് തലയാട്ടി.

പള്ളിമേടയിൽനിന്ന് ഇറങ്ങിയപ്പോ നേരം സന്ധ്യകഴിഞ്ഞിരുന്നു.

വൃക്ഷലതാദികളുടെ താരുണ്യത്തിലേക്കു കുളിർപരത്തിക്കൊണ്ട് വീണുടയുന്ന മഴത്തുള്ളികൾ. കൂടും ചൂടും തേടി പറക്കുന്ന ഇണക്കുരുവികൾ.

തെളിഞ്ഞൊഴുകുന്ന നീർച്ചോലയിലേക്ക് അലിഞ്ഞു ചേരുന്ന കൈത്തോട്.

ആകാശത്തിനിപ്പോൾ കടുംനീലനിറമാണ്. മഴ വകവയ്ക്കാതെ ഒറ്റയ്ക്കു നടന്നപ്പോൾ ജോബിനു ലില്ലിയെ കാണണമെന്നു തോന്നി.

ഈയ്യോബ് വീടെത്തി.

അന്ന് ആദ്യമായി മനുഷ്യന്റെ നാവു മാത്രമല്ല, ശരീരത്തിന്റെ ഓരോ അവയവവും സംസാരിക്കുമെന്ന് ഈയ്യോബിനു മനസ്സിലായി. ഹൃദയത്തിലെ ഉറവകൾ പൊട്ടിയൊഴുകുന്നതായി ലില്ലിക്കു തോന്നി. ഒരു കൈക്കുമ്പിൾ ജലത്തിനുപകരം ഒരു തേനുറവ പൊട്ടി ഒഴുകിയിരിക്കുന്നു തന്റെ മുന്നിൽ.

"ലില്ലീ..."

"എന്തോ."

നവോഢയെപ്പോലെ ലില്ലി നാണിച്ചു വിളികേട്ടു. മാസം രണ്ടു കഴിഞ്ഞു.

മുറതെറ്റാതെ എത്തുന്ന എന്തിനേയോ ഈയ്യോബ് കവർന്നെടുത്തശേഷം വിലപ്പെട്ടതൊന്ന് തന്റെ ഉദരത്തിൽ സമ്മാനിച്ചത് ലില്ലി അറിഞ്ഞു.

അങ്ങനെയിരിക്കെയാണു പുതിയൊരു വിശേഷവുമായി പൊന്നി വരുന്നത്.

ഗർഭാലസ്യത നിറഞ്ഞ മുഖം. എങ്കിലും സന്തോഷവതിയാണ്.

"അപ്പാ... പൊന്നിക്ക് കൊറച്ചു ദിവസം വീട്ടിൽ വന്നു നിക്കാനൊരു കൊതി. എന്നും രാവിലെ ചെറിയൊരു ഛർദ്ദിയാണ്."

ഈയ്യോബ് ശ്രദ്ധിച്ചു കേട്ടു. റോണിച്ചൻ പറയുന്നതു നേരാണ്. കന്നിഗർഭമാണ്. അവൾക്കു ചെന്നുനിൽക്കാൻ വേറേ ഇടമില്ല. ലില്ലി വന്നതിൽപ്പിന്നെ അവൾ സൂസന്നയുടെ കുറവ് അറിഞ്ഞിട്ടില്ല. ഇപ്പോഴാണെങ്കിൽ ലില്ലിക്കും ക്ഷീണമാണ്. ലിച്ചിയുടെ അവസ്ഥയും മറിച്ചല്ല. ആര് ആരെ ശുശ്രൂഷിക്കും?

എങ്കിലും തന്റെ വയ്യായ്കകൾ പുറത്തുകാട്ടാതെ ലില്ലി പൊന്നിയെ നോക്കി.

വിശേഷമറിഞ്ഞ് മാഞ്ചിയമ്മ ഓടി വന്നു.

"ലോട്ടറിയടിച്ചല്ലോ ഇയ്യോബേ..."

ഹൃദയത്തിന്റെ ഒരു കോണിൽ സന്തോഷവും മറുകോണിൽ ചെറിയൊരു അസ്വസ്ഥതയും നീറിപ്പടരുന്നത് ഈയ്യോബറിഞ്ഞു. ആരും സഹായിക്കാനില്ല. പൊന്നി വന്നതിൽപ്പിന്നെ പോത്തിറച്ചിയും മീനും ഇല്ലാതെ ചോറുണ്ണില്ല. മിക്ക സമയവും കെട്ടിച്ചെന്ന വീട്ടിലെ സൗഭാഗ്യം വിളമ്പുകയാണ് അവളുടെ ജോലി. ഈയ്യോബിന് ലില്ലിയെ അടുക്കളയിൽച്ചെന്ന് സഹായിക്കണമെന്നുണ്ട്. പക്ഷേ, പൊന്നിയുടെ പ്രതികരണം ഓർക്കുമ്പോൾ വേണ്ടാന്നു വയ്ക്കും. ലില്ലിക്ക് പരാതികൾ ഇല്ലായിരുന്നു. ഈയ്യോബ് പകർന്നുനല്കുന്ന നെഞ്ചിലെ ചൂടിൽ ലില്ലി സംതൃപ്ത ആയിരുന്നു. മൂന്നു ഗർഭിണികൾ. മൂന്നുപേരും ഒരേപോലെ പ്രിയപ്പെട്ടവർ.

എന്നും രാത്രി ലില്ലിയുടെ നീരുവച്ചുവരുന്ന കാലിൽ ജോബ് കുഴമ്പുപുരട്ടി തിരുമ്മിക്കൊടുത്തു.

"സങ്കടമുണ്ടോ നിനക്ക്?

"ഇല്ല പൊന്നേ..."

ലില്ലി ഈയ്യോബിന്റെ നെഞ്ചിലേക്കു ചാഞ്ഞു.

മൂന്നു മാസത്തിനുള്ളിൽ മൂന്നു സ്ത്രീകളുടെ പ്രസവം. മൂന്ന് കൈക്കുഞ്ഞുങ്ങൾ...

വീട് ചെറിയൊരാശുപത്രി പോലെയായി.

മാഞ്ചിയമ്മ കൊണ്ടുവന്നു തന്ന ഒരു പണിക്കാരിപ്പെണ്ണിലാണ് വീട് ഓടുന്നത്.

ദിനങ്ങൾ ഒന്നൊന്നായി കുഞ്ഞുങ്ങളുടെ കരച്ചിലിൽ പൊട്ടിവിടരുന്നു. ചെലവുകൾ ദുസ്സഹമാവുന്നത് ഈയ്യോബറിഞ്ഞു. എന്തെങ്കിലുമൊരു മാർഗം കണ്ടെത്തണം. പ്രസവം കഴിഞ്ഞ് പൊന്നിയെയും ലിച്ചിയെയും പറഞ്ഞുവിടണമെങ്കിൽ നല്ലൊരു സംഖ്യ കൈയിൽ കരുതണം. അയാൾക്ക് അന്തോണീസച്ചനെ ഓർമ വന്നു. അച്ചനെ ഇപ്പോൾ കാണാൻ സാധിക്കുമോ? ഓർമ നഷ്ടപ്പെട്ടുവെന്ന് പറഞ്ഞുകേൾക്കുന്നു. പുതിയ വികാരിയച്ചനോടു കാര്യങ്ങൾ തിരക്കണം. സാധിക്കുമെങ്കിൽ തന്റെ കഷ്ടപ്പാട് പറയണം. എന്തെങ്കിലും പോംവഴി കണ്ടെത്തണം. പിറ്റേ ഞായറാഴ്ച കുർബാനമധ്യേ വികാരിയച്ചൻ അടുത്ത മാസം നടത്താൻ പോകുന്ന പെരുന്നാളിന്റെ ചെലവിനെക്കുറിച്ചും പള്ളിയുടെ വരുമാനമൊക്കെ കുറഞ്ഞുതുടങ്ങുന്നതിനെക്കുറിച്ചും പരിതപിച്ചു. പള്ളിയിലിരുന്നിട്ടും കുഞ്ഞുങ്ങളുടെ കരച്ചിൽ ഈയ്യോബിന്റെ ചെവിയിൽ മുഴങ്ങി. അതിന് അച്ചന്റെ പ്രസംഗത്തെക്കാൾ ഇരമ്പല് കൂടുതലായിരുന്നു. വികാരിയച്ചൻ പ്രസംഗം ഇപ്രകാരം പൂർത്തിയാക്കി:

"അതുകൊണ്ട് പിരിവിനു വരുമ്പോൾ നിങ്ങളാരും ഒഴികഴിവ് എന്റടുക്കൽ പറയണ്ട. നിങ്ങളുടെ ഓരോ കുടുംബത്തിലെയും വരുമാനം എനിക്കറിയാം. അതിനനുസരിച്ചിട്ടുള്ള വിഹിതം ഓരോരുത്തർക്കും നിശ്ചയിച്ചിട്ടുണ്ട്."

ഈയ്യോബ് ഞെട്ടി.

മൂന്നു കുഞ്ഞുങ്ങളുടെ കരച്ചിലിനോടൊപ്പം പൊന്നിയുടെ പിറുപിറുക്കലും ലിച്ചിയുടെ വീർത്ത മോന്തയും ലില്ലിയുടെ നിസ്സഹായത നിറഞ്ഞ മുഖവുംകൂടി ഈയ്യോബിന്റെ മുന്നിൽ തെളിഞ്ഞു വന്നു. ജോബ് നെറ്റിയിൽ കുരിശു വരച്ച് ക്രൂശിതരൂപത്തിനു നേരേ നോക്കി ഇങ്ങനെ പ്രാർത്ഥിച്ചു:

എല്ലാമറിയുന്നവനായ പിതാവേ...

ഇടവകജനത്തിന്റെ വരുമാനം വെളിപ്പെടുത്തിക്കൊടുത്തതിനോടൊപ്പം കുടുംബത്തിന്റെ ചെലവുകളുംകൂടി കമ്മിറ്റിക്കാർക്കു വെളിപ്പെടുത്തിക്കൊടുക്കേണമേ, ആമ്മേൻ. പള്ളിയിൽനിന്നിറങ്ങി പുറത്തേക്കു നടക്കുമ്പോൾ ഈയ്യോബിന്റെ ഹൃദയഭാരം കർത്താവ് കുരിശിലേക്കെടുത്തിരുന്നു. ■

# യന്ത്രങ്ങളല്ല ഹൃദയങ്ങളാണ് ഇന്നാവശ്യം



സാഗര എസ്.

മനസ്സുകൾക്കു കുറുകെ മതിലുകൾ പണിയുന്ന ഇക്കാലത്ത് സ്നേഹത്തെക്കുറിച്ചു സംസാരിക്കുന്നത് ഏറെ ഉചിതമാണ്. എന്റേതും നിന്റേതുമായ യാതൊന്നും ഒരിക്കലും നമ്മളുടേതാവില്ല എന്ന തിരിച്ചറിവിൽനിന്നാണ് ഇത്തരം മതിലുകൾ ഉയരുന്നത്. സ്വാർഥതയുടെ ഒരു വലിയ സമൂഹത്തിൽ നിന്നുകൊണ്ടാണ് നിസ്വാർഥതയുടെ ചില്ലുകൊട്ടാരം നിർമിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നത്. വരും തലമുറയുടെ കൈകളിൽ സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ നുറുങ്ങുവെട്ടം തെളിഞ്ഞുനിൽക്കുന്നതു കാണാൻ ഏറെ ആഗ്രഹിക്കുന്നു. നേട്ടങ്ങളെക്കുറിച്ചു മാത്രം സംസാരിക്കുമ്പോൾ കോട്ടമെന്നത് അനിവാര്യമാണെന്ന് പലപ്പോഴും നാം മറക്കുന്നു. എനിക്കു നേടേണ്ടതല്ല, അന്യന് ഉപയുക്തമായതുകൂടി എനിക്കു വേണം എന്ന ചിന്താഗതിയാണ് പലയിടത്തും ഉയർന്നുവരുന്നത്. അവനെപ്പോലെ, അവളെപ്പോലെ ആവണം എന്നു പറയുന്നവർ, സ്വന്തം യശസ്സുയർത്താൻ യന്ത്രത്തെപ്പോലെ പ്രവർത്തിക്കുന്ന ബാല്യത്തെ തീർക്കുന്ന മറ്റു ചിലർ...

സത്യം, സ്വാതന്ത്ര്യം എന്നിവ ഹനിക്കപ്പെടുമ്പോൾ ഇല്ലാതാവുന്നത് സമത്വസുന്ദരഭൂമിയാണ്. തോറ്റുകൊടുക്കാൻ, ഇല്ലാത്തവനുമായി പങ്കുവയ്ക്കാൻ, അപരന്റെ കണ്ണീരൊപ്പാൻ, മുഖത്തു നോക്കി പുഞ്ചിരിക്കാൻ നമ്മുടെ കുട്ടികൾ പലപ്പോഴും മറന്നുപോകുന്നില്ലേ? കണ്ണൊന്നടച്ച് ഒരു നിമിഷം ഈശ്വരനെ ധ്യാനിക്കാൻ ഇവർക്കാവുന്നില്ല. ശാസ്ത്രസത്യങ്ങൾക്കൊപ്പംതന്നെ മാനുഷികമൂല്യങ്ങൾക്കു വില നൽകുന്നില്ല. ഇങ്ങനെ ശങ്കിക്കുമ്പോൾത്തന്നെ പ്രത്യാശ നൽകുന്ന ചിത്രങ്ങളും ഏറെയുണ്ട്. കാണിച്ചുകൂട്ടലുകൾക്കല്ല, കണ്ടറിഞ്ഞു ചെയ്യുന്ന രഹസ്യങ്ങൾക്കാണ് പത്തരമാറ്റ് ഉണ്ടാവുകയെന്ന ബോധ്യം മനസ്സിന്റെ ഏതെങ്കിലും കോണിൽ ഉണ്ടാവണം. ഉണ്ണാത്തവനെ ഊട്ടാനും ഇല്ലാത്തവനെ രാജാവാക്കാനും നമുക്കാവണം. ഒരു പ്രളയദൂരത്തിനപ്പുറത്തേക്കു ഞാനില്ല, പക്ഷേ, നാമുണ്ട് എന്ന സത്യം എന്നും മുന്നിലുണ്ടാവണം. മനുഷ്യനുവേണ്ടിയാണ് വിദ്യയും വിദ്യാഭ്യാസവും. ഉള്ളിലെ നന്മയെ പുറത്തുകൊണ്ടുവരാനും അതു ലോകത്തിന് ഉപയുക്തമായിത്തീരാനും പഠിതാവിനെ പ്രാപ്തമാക്കാനുതകുന്നതാവണം ഓരോ വിദ്യാഭ്യാസതത്ത്വശാസ്ത്രവും. അറിവുകൾ വെറും പൊള്ളയാണെന്നു നാൾക്കുനാൾ വ്യക്തമായിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ ശാശ്വതമായ തിരിച്ചറിവുകൾ എല്ലാവർക്കുമുണ്ടാകണം. അപരനെ നോക്കി പുഞ്ചിരിക്കാനും ഹൃദയസംവാദം നടത്താനും ഉചിതമായി പങ്കുവയ്ക്കാനും അവന്റെ വേദനയിൽക്കൂടി കരഞ്ഞു കൈപിടിച്ച് സന്തോഷത്തിലേക്കു നടത്താനും എവിടെ കഴിയുന്നുവോ അവിടെ മാത്രമാണ് വിദ്യ ധനമാകുന്നത്. എല്ലാം നേടുന്നതിലല്ല; മറിച്ച്, നേടിയത് ഔചിത്യപൂർവം പ്രായോഗികമാക്കുന്നിടത്താണ് വിദ്യാഭ്യാസം പൂർണമാകുന്നത്.



യന്ത്രങ്ങളല്ല ഹൃദയങ്ങളാണ് ഇന്നാവശ്യം. മറന്നുപോകാൻ പാടില്ലാത്ത ബന്ധങ്ങളും ചെയ്തുതീർക്കേണ്ട ഉത്തരവാദിത്വങ്ങളും ഏറെയുണ്ട്. കടമകൾ മറക്കുന്നവരാണ് യഥാർഥ രാജ്യദ്രോഹികൾ എന്നു രാഷ്ട്രപിതാവ് ഓർമിപ്പിക്കുന്നു. സത്യസന്ധമായി കർമം ചെയ്യാനാണ് എല്ലാ മതങ്ങളും പഠിപ്പിക്കുന്നത്. അലസതയല്ല, കർമനിരതമായ മണിക്കൂറുകളാണ് ആവശ്യം. പൂർണതയിൽനിന്നല്ല, ശൂന്യതയിൽനിന്നു വിജയം നേടുമ്പോഴാണ് അതൊരു വിപ്ലവമാകുന്നത്. കുറവുകളിലേക്കല്ല, നിറവുകളിലേക്ക് ഒന്നു കണ്ണോടിച്ചാൽ തീരാവുന്ന അപകർഷതാബോധങ്ങളേ ലോകത്തെല്ലായിടത്തുമുള്ളൂ. ശരിയായ വിദ്യ തേടുന്നവരോട് പറയുവാൻ ഒന്നുമാത്രം: സ്നേഹിക്കുക... പുഞ്ചിരിക്കുക... സത്യസന്ധമായ കർമം ചെയ്യുക. ■

# അടപ്പൂരച്ചന്റെ ധന്യജീവിതവും അതിധന്യസർഗജീവിതവും



ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

**കേ**രളം കണ്ട ഏറ്റവും പ്രഗല്ഭനായ മതദാർശനികവൈജ്ഞാനികനായിരുന്നു വിടപറഞ്ഞു മറഞ്ഞ ജെസ്യൂട്ട് സന്ന്യാസിവൈദികൻ ഡോ. ഏബ്രഹാം അടപ്പൂർ. സന്ന്യസ്താശ്രമസീമകൾക്കപ്പുറത്തേക്കും പ്രതിഭാപ്രസാരണം നടത്തി അമരനായി മാറിയ ചിന്തകൻ, പ്രഭാഷകൻ, എഴുത്തുകാരൻ. മതമെന്നല്ല, സാഹിത്യവിചാരമായാലും തത്ത്വശാസ്ത്രസമീക്ഷകളായാലും പക്വമായൊരു വിപ്ലവജ്വാല പടർത്തിയ ധന്യമായൊരു ജീവിതകാണ്ഡമായിരുന്നു അടപ്പൂരച്ചന്റേത്. സൗമ്യനും മിതഭാഷിയുമായിരുന്നെങ്കിലും ആശയങ്ങളിലും ആദർശങ്ങളിലും വിട്ടുവീഴ്ചയ്ക്കും സന്ധിചെയ്യലിനും നിലപാടുകളിൽ രാജിയാവാനും അടപ്പൂരച്ചൻ സന്നദ്ധനായില്ല എന്നത് ആ സാത്വികനായ ശ്രേഷ്ഠവൈദികനെ ബഹുധാ പ്രതിഭിന്നനാക്കി. കടുത്ത വിയോജിപ്പുകൾ വാഗ്രൂപത്തിലാക്കുമ്പോൾപോലും മധുരമായി പുഞ്ചിരിക്കുമായിരുന്നു അടപ്പൂരച്ചൻ.

അടപ്പൂരച്ചന്റെ എഴുത്തുകളിലും പ്രസംഗങ്ങളിലും ധർമബോധവും തത്ത്വവിചാരവും സൗമ്യമായൊരു തണൽ വിടർത്തുന്നതിനു പൊതുസമൂഹവും കാലവും നേർസാക്ഷികളായി. ശബ്ദത്തിന് ഒരു നാസികാസ്വാധീനമുണ്ടായിരുന്നു. മയത്തിലും മൃദുശൈലിയിലുമാണ് പ്രസംഗവേദിയിൽ അദ്ദേഹം തിളങ്ങിയത്. പക്ഷേ, ആശയങ്ങളുടെ തീക്ഷ്ണതയും തീവ്രതയും മൂർച്ചയും മുഴക്കവും വ്യതിരിക്തമാണെന്നു കേൾവിക്കാർ തിരിച്ചറിഞ്ഞു. സംവാദവേദികളിൽ വിപക്ഷികളുടെ ആശയങ്ങളോടു വിയോജിക്കുമ്പോഴും അവരുടെ അധികംപേരും ശ്രദ്ധിക്കാതെ പോകുന്ന പ്രഭാഷണസൗഭഗങ്ങളെ അദ്ദേഹം ഏറെ വിലമതിച്ചിരുന്നു. ഇതരനിലെ വ്യക്തിഗരിമ അംഗീകരിക്കുന്ന കാര്യത്തിൽ അത്യുദാരനായിരുന്നു അദ്ദേഹം.

സന്ന്യാസിയെന്ന നിലയിൽ സഭാവിഷയങ്ങളിലായിരുന്നു അദ്ദേഹത്തിന്റെ പ്രഥമപരിഗണന. പൗരോഹിത്യശുശ്രൂഷയുടെ ആദ്യനാളുകളിൽ റോമിൽ ഈശോസഭാജനറലിന്റെ കേന്ദ്ര ഓഫീസിൽ കാര്യദർശിയായി. സ്തുത്യർഹമായിരുന്നു സേവനങ്ങൾ. കാത്തലിക് ഇന്റർനാഷണൽ കമ്മീഷൻ മെമ്പറായിരുന്നു, സക്രിയമായ ഏഴു വർഷങ്ങൾ. ആധുനികകാല സഭാചരിത്രത്തിന്റെ ശിരോലിഖിതം മാറ്റിക്കുറിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തീരുമാനങ്ങളും നടപടിക്രമങ്ങളും സമ്യക്‌രൂപേണ, സമഗ്രസ്വഭാവത്തോടെ റിപ്പോർട്ടു ചെയ്യാൻ നിയോഗിക്കപ്പെട്ടത് അടപ്പൂരച്ചന്റെ സുകൃതസാഫല്യം.

ഇതിനിടെ, അമേരിക്കയിൽനിന്ന് മനോവിജ്ഞാനീയശാഖയിൽ മാസ്റ്റർബിരുദവും ഫ്രാൻസിൽനിന്ന് ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റും നേടുകയുണ്ടായി. നൂതനാശയങ്ങളാലും അചുംബിതദർശനങ്ങളാലും നിബിഡസംഭൃതമായിരുന്ന ഗവേഷണപ്രബന്ധമെന്ന ഉപാധ്യായശ്ലാഘ, ഡോക്ടർ അടപ്പൂരിനു സ്വന്തമായി.



കേരളത്തിൽ കോഴിക്കോടും എറണാകുളവുമായിരുന്നു ശുശ്രൂഷാകേന്ദ്രങ്ങൾ. മുഖ്യധാരാമാധ്യമങ്ങളിലെ അംഗീകൃതലേഖകനായിരുന്നു അടപ്പൂരച്ചൻ. അവർക്കു സർവ്വദാ, സർവഥാ സ്വീകാര്യനായ എഴുത്തുകാരൻ. പ്രൗഢങ്ങളായിരുന്നു അച്ചന്റെ സൃഷ്ടികൾ. ഇരുപതിൽ താഴെ ഈടാർന്ന ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതായുണ്ട്. ഭിന്നമേഖലകളിലും വിഷയങ്ങളിലും അച്ചനുള്ള അവഗാഹം ഇവയെല്ലാം ദൃഷ്ടാന്തവത്കരിക്കുന്നുണ്ട്. കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തെക്കുറിച്ച് ഇത്രമേൽ ആഴത്തിലും സമഗ്രതയിലും പഠിച്ചെഴുതിയ അധികം ക്രൈസ്തവ എഴുത്തുകാർ നമുക്കില്ല. ആ തത്ത്വസംഹിതയുടെ മാസ്മരികമായ ആകർഷകത്വത്തിൽ മയങ്ങിയാണ് അധികം പേരും അതിൽ പതിക്കുന്നതെന്ന് അദ്ദേഹം നിരീക്ഷിച്ചു. അതിൽ പതിയിരിക്കുന്ന ചതികളെപ്പറ്റി യുക്തിബോധത്തോടെ അച്ചൻ ചിന്തിച്ചു. കമ്യൂണിസം: ഒരു ചരമക്കുറിപ്പ്, കമ്യൂണിസത്തിന്റെ തകർച്ച എന്നീ രണ്ടു കൃതികൾ അനുകൂലികളും പ്രതികൂലികളും വിശദപഠനത്തിനും സംവാദങ്ങൾക്കും ആധാരമാക്കിയെന്നതും എടുത്തുപറയണം. മനുഷ്യനും മൂല്യങ്ങളും, മൂല്യനിരാസം എന്ന പാപം പോലുള്ള രചനകൾ, ശരാശരി കേരളീയന്റെ ചിന്താപഥങ്ങളിൽപ്പോലും ആഘാതമുണർത്തുകയുണ്ടായി. അസ്തമിച്ചുകൊണ്ടിരിക്കുന്ന മൂല്യസങ്കല്പങ്ങളെക്കുറിച്ചുള്ള ആശങ്കകളും ആകുലങ്ങളും ചിന്താശീലരുടെ സത്വരപഠനങ്ങൾക്കും പ്രശ്നനിവാരണയത്നങ്ങൾക്കും നിമിത്തങ്ങളായി.

'അണുബോംബു വീണപ്പോൾ' എന്നതാണ് അടപ്പൂരച്ചന്റെ വരിഷ്ഠരചനയെന്നു ഞാൻ വിചാരിക്കുന്നു. ഹിരോഷിമയിലും നാഗസാക്കിയിലുമുണ്ടായ അണുബോംബുവർഷത്തിൽ നേർസാക്ഷിയാകാൻ വിധിക്കപ്പെട്ട ഒരു ഡോക്ടറുടെ രചനയുടെ വിവർത്തനമാണത്. മെഡിക്കൽ കോളജിൽ വിദ്യാർഥികൾക്കു ക്ലാസെടുകൊണ്ടിരിക്കേയാണ് കാമ്പസിന്റെ പര്യമ്പുറത്ത് ബോംബു വീണുപൊട്ടിയത്. ബോധം വന്നു നോക്കുമ്പോൾ സ്വപ്നങ്ങളുടെ സെമിത്തേരിപ്പറമ്പായി മാറിയിരുന്നു അവിടം. തന്റെ സഹപ്രവർത്തകരും പ്രിയപ്പെട്ട വിദ്യാർഥികളും പലരും കരിക്കട്ടകളായിരിക്കുന്നു. തകർന്ന ക്ലാസുമുറികളെല്ലാം വെറും ചാരക്കൂനയായിരിക്കുന്നു. അവിടെവിടെ ചിലർ അർധപ്രാണരായി ക്കിടക്കുന്നുണ്ട്. ഡോക്ടറും വേറെ ഒന്നുരണ്ടുപേരും മാത്രം പാതി ചത്തവരായി ഇപ്പോഴുമുണ്ട്. മരിച്ചുകൊണ്ടിരിക്കുന്ന പലരുടെയും ജീവൻ നിലനിറുത്താനുള്ള ചെറിയൊരു ശ്രമം നടത്താൻ വേണ്ടുന്ന പ്രാണനേ തന്നിൽ അവശേഷിക്കുന്നുള്ളൂ എന്ന തിരിച്ചറിവിൽ ഡോക്ടർ നീറുകയാണ്. ഇത്തിരിയെങ്കിലും ജീവനുള്ളവർക്ക് എന്തെങ്കിലും ശുശ്രൂഷ ചെയ്യാൻ ആവതും പരിശ്രമിക്കുകയാണ് ഡോക്ടർ. എല്ലാം ഒന്നു ശാന്തമായപ്പോൾ അദ്ദേഹം മക്കളെക്കുറിച്ചും പ്രിയതമയെക്കുറിച്ചും വീടിനെക്കുറിച്ചും ഓർക്കുന്നു. എന്നാൽ ആദിക്കെത്തുമ്പോൾ, എല്ലാം ശൂന്യമായിരിക്കുന്നു. വീടിരുന്ന സ്ഥലം ഒരു ചാരക്കൂമ്പാരം തന്റെ സ്വന്തമായ എല്ലാവരും കാറ്റിൽ പറക്കുന്ന ക്ഷാരധൂളികളായിരിക്കുന്നു. അദ്ദേഹത്തിനു കരയാൻപോലുമാവുന്നില്ല.

അണുബാധയുടെ തേങ്ങലുകളും വിങ്ങലുകളുമടക്കിയ ഡോക്ടറുടെ തുടർനാളുകൾ. ജീവന്റെ അഗോചരാണുക്കൾ കോശങ്ങളിലുള്ളിടത്തോളം നാളുകൾ സഹജീവികൾക്കു സുഖം നല്കാൻ ഉഴറുമ്പോൾ കരുണയുടെ സുകൃതജപങ്ങളായിരുന്നു ചുണ്ടുകളിൽ; നിത്യനിശ്ചലമാവുന്ന നിമിഷംവരെ!

വായനക്കാരനെ നിതാന്തവിശുദ്ധമായ ധ്യാനനിമിഷങ്ങളിൽ സ്നാനം ചെയ്യിക്കുന്ന ഈ ഒരു പുസ്തകം മാത്രം മതി അടപ്പൂരച്ചന്റെ സർഗജീവിതം ധന്യസുഗന്ധിയാകാൻ.

■



ഗദ്യകവിത
പീറ്റർ കുരിശിങ്കൽ

# ഹാപ്പി ക്രിസ്മസ്

അന്ന് രണ്ടായിരത്താണ്ടുകൾക്കപ്പുറത്ത്
ആ സന്ധ്യയിൽ ക്ഷീണിതരായിരുന്നു അവർ.
അവർ മൂന്നുപേരായിരുന്നു,
മറിയവും യൗസേപ്പും
മറിയം ഉദരത്തിൽ വഹിച്ചിരുന്ന കുഞ്ഞും.
നീണ്ടനീണ്ട നടപ്പിനൊടുവിൽ
സന്ധ്യയോടടുത്ത് അവർ നഗരത്തിൽ പ്രവേശിച്ചു.
ജന്മനാട്ടിൽ അവരെ സ്വീകരിക്കാൻ
ആരുമുണ്ടായിരുന്നില്ല
ആ നഗരത്തിലെ മനുഷ്യഹൃദയങ്ങളുടെ
കവാടങ്ങൾ എല്ലാം അടയ്ക്കപ്പെട്ടിരുന്നു,
ശക്തമായ സ്വാർഥതയുടെ കനത്ത പലകകൾകൊണ്ട്.
അവർക്കു മുന്നിൽ അടയ്ക്കപ്പെടാതെ,
ഒന്നു മാത്രം, ഒരു കാലിക്കൂട്,
അതിനുള്ളിൽ കുറച്ചു കച്ചിത്തുരുമ്പും.
ഇരുട്ടും ശൈത്യവും നിറഞ്ഞ ആ കാലിക്കൂട്ടിൽ
ആ ദിവ്യപ്രതിഭാസം പിറന്നു.
സ്നേഹപ്രകാശത്തിന്റെ പിറവി.
അവിടെ ഇളംചൂടു പരത്തിക്കൊണ്ട്
രണ്ടു ഹൃദയങ്ങളുടെ ഊഷ്മളത മാത്രം.
മറിയത്തിന്റെ മാതൃഹൃദയവും
യൗസേപ്പിന്റെ പിതൃഹൃദയവും!
നവജാതന് പക്ഷേ, ഈ ഊഷ്മളത
മാത്രം മതിയാകുമായിരുന്നു
ഇന്നും ശൈത്യം മനുഷ്യഹൃദയങ്ങളെ
ആവരണം ചെയ്യുന്നു
വിദ്വേഷത്തിന്റെയും സ്വാർഥതയുടെയും ശൈത്യം.
സ്നേഹരാഹിത്യത്തിന്റെ ശൈത്യം.
ഈ വിശുദ്ധരാത്രിയിൽ
പുൽത്തൊട്ടിക്കുചുറ്റും നില്ക്കാം.
ഊഷ്മളമായ രണ്ടു ഹൃദയങ്ങൾക്കൊപ്പം
സ്നേഹത്തിന്റെ ഊഷ്മളപ്രവാഹം പരത്താം.
ഹാപ്പി ക്രിസ്മസ് പാടാം
ഹാപ്പി ക്രിസ്മസ്. ഹാപ്പി ക്രിസ്മസ്.

# ഓട്ടിസം മനസ്സിനെ തളർത്തുമോ?



സി. നമിത
എസ്.എം.എസ്.

ഉണ്ണിക്കുട്ടൻ ആ വീട്ടിലെ ആദ്യത്തെ കൺമണിയാണ്. ഒത്തിരി സ്നേഹിച്ചും ലാളിച്ചും തങ്ങളുടെ ഓമനപ്പുത്രന് ആവശ്യമായതെല്ലാം നല്കാൻ മാതാപിതാക്കളും മുത്തച്ഛനും മുത്തശ്ശിയും ശ്രമിച്ചു. അവന്റെ കിളിക്കൊഞ്ചൽ ആ വീടിനെ സ്വർഗതുല്യം ആനന്ദപൂരിതമാക്കിയിരുന്നു. എന്നാൽ, മൂന്നു വയസ്സായപ്പോഴേക്കും 'വാ' നിറയെ സംസാരിച്ചിരുന്ന ഉണ്ണിക്കുട്ടൻ എല്ലാവരോടും അമിതമായി ദേഷ്യപ്പെടാനും എല്ലാ സാധനങ്ങളും നശിപ്പിക്കാനും മറ്റുള്ളവരെ ഉപദ്രവിക്കാനും തനിച്ചായിരിക്കാനുമൊക്കെ തുടങ്ങിയപ്പോൾ മാതാപിതാക്കൾ അവനുമായി ഒരു സൈക്കോളജിസ്റ്റിനെ കണ്ടു. ആ നിമിഷമാണ് അവരറിയുന്നത്, തങ്ങളുടെ കുട്ടി 'ഓട്ടിസം' വിഭാഗത്തിൽപ്പെടുന്ന ഒരു കുട്ടിയാണെന്ന്. പിന്നീടങ്ങോട്ട് ഇതിനുവേണ്ടിയുള്ള ചികിത്സകളായിരുന്നു. ഒന്നിനൊന്നു വഷളാകുന്നതല്ലാതെ ഒട്ടും കുറയുന്നില്ല. അങ്ങനെ ഇവർ ഒരു ഡോക്ടറിന്റെ നിർദേശപ്രകാരം ഒരു സ്പെഷൽ സ്കൂളിനെ ഉണ്ണിക്കുട്ടനുമായി സമീപിച്ചു. വ്യത്യസ്ത വൈകല്യങ്ങളുള്ള കുട്ടികളെ പരിശീലിപ്പിക്കുന്നതിനോടൊപ്പം അവിടെ ഉണ്ണിക്കുട്ടനെ പരിശീലിപ്പിച്ചു. അവനിൽ പ്രകടമായ മാറ്റങ്ങൾ കാണാൻ സാധിച്ചത് അവർക്കു സന്തോഷവും സമാധാനവും നല്കി.

**എന്താണ് ഓട്ടിസം?**

ഓട്ടിസമെന്നത് ഒരു രോഗമല്ല; അതൊരു അവസ്ഥയാണ്. തലച്ചോറുസംബന്ധമായ വ്യത്യസ്തതയാണ്. ഈ അവസ്ഥയെക്കുറിച്ച് സമൂഹത്തിൽ വളരെ ചെറിയ വിഭാഗത്തിനേ അറിവുള്ളൂ. പലർക്കും തെറ്റായ ധാരണയുമുണ്ട്. 1943 ൽ 'ലിയോ കറാർ' എന്ന മനോരോഗവിദഗ്ധനാണ് ഈ അവസ്ഥയെ ഓട്ടിസം എന്ന് ആദ്യമായി വിളിച്ചത്. ആശയവിനിമയം, ആശയഗ്രഹണം, സാമൂഹികരണം എന്നീ മേഖലകളിൽ സമപ്രായക്കാരിൽനിന്നു വളരെ പ്രകടമായ വ്യതിയാനത്തിൽ ജീവിക്കുന്ന കുട്ടി യഥാർഥലോകത്തിൽനിന്നു പിൻവാങ്ങി അവരുടേതായ സ്വപ്നലോകത്തായിരിക്കുന്ന അവസ്ഥയെയാണ് 'ഓട്ടിസം' എന്ന വാക്കുകൊണ്ട് അർഥമാക്കുന്നത്. ഓട്ടിസം എന്നാൽ ബുദ്ധിപരിമിതിയല്ല.

എന്നാൽ, ഓട്ടിസം ബാധിച്ചവരിൽ 70 ശതമാനം പേരും ബുദ്ധിപരിമിതിയിലുള്ളവരാണ്. ലോകത്ത് പതിനായിരം കുട്ടികൾ ജനിക്കുമ്പോൾ പത്തു പേർ ഓട്ടിസമുള്ള അവസ്ഥയിൽ കാണപ്പെടുന്നു. ഇതിൽ നല്ല ശതമാനവും ആൺകുട്ടികളാണ്.

**ആശയവിനിമയം**

തന്റെ ആവശ്യങ്ങളും ഇഷ്ടങ്ങളും ബുദ്ധിമുട്ടുകളും മാതാപിതാക്കളെ, പ്രധാനമായും അമ്മയെപ്പോലും അറിയിക്കാൻ കുട്ടികൾ പ്രയാസപ്പെടുന്നു. ഇങ്ങനെയുള്ള കുട്ടികൾക്ക് ആംഗ്യമുപയോഗിച്ചോ സംസാരിച്ചോ ആശയവിനിമയം നടത്താൻ പ്രയാസമാണ്. ഒരു കാര്യം ആവർത്തിച്ചാവർത്തിച്ച് എഴുതുന്നതും കണ്ണിൽ നോക്കി സംസാരിക്കാൻ സാധിക്കാത്തതും വിളിച്ചാലോ പുഞ്ചിരിച്ചാലോ അതിനോടു പ്രതികരിക്കാനുള്ള കഴിവില്ലായ്മയും ഇവരുടെ പ്രത്യേകതയാണ്.

**സാമൂഹിക ഇടപെടൽ**

ഓട്ടിസം കുട്ടികൾക്ക് സമൂഹത്തിൽ ഇടപെടാൻ പല ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുണ്ട്. ഇത്തരം കുട്ടികൾക്ക് സ്വന്തം മാതാപിതാക്കളെയോ സഹോദരങ്ങളെയോ വികാരങ്ങളെയോ പരിഗണിക്കുകയോ മാനിക്കുകയോ ചെയ്യുന്നതിനും സ്വന്തം വൈകാരികാവശ്യം പ്രകടിപ്പിക്കുന്നതിനും പരിമിതികളുണ്ട്. സമപ്രായക്കാരുമായി സൗഹൃദത്തിലാകാനും വളരെ പ്രയാസമാണ്.

**വൈകാരിക വ്യവഹാരപരിമിതികൾ**

മാതാപിതാക്കൾ ചുംബിക്കുകയോ ആശ്ലേഷിക്കുകയോ ചെയ്യുമ്പോൾ അതിനോടു പ്രതികരിക്കാൻ പലപ്പോഴും സാധിക്കുന്നില്ല. ഈ കുട്ടികൾ അമിതഭയം, ഉത്കണ്ഠ എന്നിവ പ്രകടിപ്പിക്കുന്നതായി കണ്ടുവരുന്നു. ദിനചര്യ മാറുന്നതോ സ്ഥലം മാറുന്നതോ ആയ ചെറിയ മാറ്റം പോലും വലിയ ബുദ്ധിമുട്ടിനു കാരണമാകും.

**വിവിധതരം ഓട്ടിസം**

1. ചൈൽഡ്ഹുഡ് ഓട്ടിസം
2. ആസ്പെർയേസ് സിൻഡ്രോം.
3. റെറ്റ്സ് സിൻഡ്രോം
4. ചൈൽഡ് ഹുഡ് ഡിസിന്റഗ്രേറ്റീവ് ഡിസോഡർ

**കാരണങ്ങൾ**

ഓട്ടിസം എന്തുകൊണ്ട്, എങ്ങനെയുണ്ടാകുന്നു എന്ന ചോദ്യത്തിനു വ്യക്തമായ ഉത്തരം നൽകാൻ വൈദ്യശാസ്ത്രത്തിന് ഇനിയും കഴിഞ്ഞിട്ടില്ല. ഗർഭിണിയായിരിക്കുന്ന സമയത്ത് മാതാവു കഴിക്കുന്ന ചിലയിനം മരുന്നുകൾ, ആഹാരവസ്തുക്കൾ, മെർക്കുറിയുടെ അംശം എന്നിവ ഓട്ടിസത്തിനു കാരണമാകാമെന്നു പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്.

കടൽവിഭവങ്ങളിൽനിന്നാണ് പ്രധാനമായും മെർക്കുറിയുടെ അംശം ശരീരത്തിൽ കലരുന്നത്. ആന്റിബയോട്ടിക് ഔഷധങ്ങളുടെ ശരിയല്ലാത്ത ഉപയോഗവും ഓട്ടിസത്തിനു കാരണമാകുന്നു. അപസ്മാരം, ഉറക്കത്തകരാറുകൾ, ബലമില്ലാത്ത പേശികൾ, മാനസികവളർച്ചക്കുറവ് എന്നിവയും കുട്ടികളിൽ ഓട്ടിസത്തിനു കാരണമാകുന്നുണ്ട്.

കുട്ടികളില്ലാത്തവർ അതിനുവേണ്ടി ചെയ്യുന്ന ഹോർമോൺ ചികിത്സയും മെർക്കുറികൾ കലർന്നിട്ടുള്ള മിശ്രിതംകൊണ്ട് പല്ലിന്റെ ദ്വാരമടയ്ക്കുന്നതും ഓട്ടിസത്തിലേക്കു നയിക്കാം.

ഓട്ടിസം ബാധിച്ച ഓരോ കുട്ടിയും വ്യത്യസ്തരാണ്. ഇവരുടെ ബുദ്ധിനിലവാരം നിർണയിക്കുന്നത് മൈൽഡ്, മോഡറേറ്റ്, സിവിയർ എന്നീ തലങ്ങളിലാണ്. ചിത്രരചന, സംഗീതം, പേരുകൾ ഓർത്തിരിക്കുക, വർഷങ്ങൾ ഓർത്തിരിക്കുക, ലേഖനങ്ങൾ എഴുതുക തുടങ്ങിയ വ്യത്യസ്തങ്ങളായ കഴിവുകളാണ് ഈ കുട്ടികളിൽ ഒളിഞ്ഞുകിടക്കുന്നത്.



ഈ കുട്ടികൾ ഒരു ഭാരമല്ല, അനുഗ്രഹമാണ് എന്നു പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. ഇവർ നാലു ചുവരുകൾക്കുള്ളിൽ അടഞ്ഞു കിടക്കേണ്ടവരല്ല; മറിച്ച്, സമൂഹത്തിന്റെ ഭാഗമായിത്തീരേണ്ടവരാണ്. ഈ കുട്ടികളെ എന്തിനു പഠിപ്പിക്കുന്നു അതുകൊണ്ട് എന്തു നേട്ടം എന്നു ചോദിക്കുന്നവരുണ്ട്. അതിനുള്ള ഉത്തരം ഈ കുട്ടികൾ അവരുടെ ലോകത്തു വ്യത്യസ്തരാണെന്നതാണ്.

എത്ര വലിയ പ്രശ്നം ജീവിതത്തിലുണ്ടായാലും ലളിതമായി നേരിടാൻ ഈ കുട്ടികളുടെ നിഷ്കളങ്കമായ പുഞ്ചിരി നമ്മെ സഹായിക്കും. നമ്മുടെയിടയിൽ ഈ അവസ്ഥയിലുള്ള ഒരു കുട്ടി ഉണ്ടെന്നിരിക്കട്ടെ. അവനെ/അവളെ മറ്റുള്ളവർക്കു കളിയാക്കാനുള്ള ഒരു കളിപ്പാവയായി കാണരുത്; മറിച്ച്, അവരിലും ഒരു വ്യക്തിത്വമുണ്ട്. വ്യത്യസ്തങ്ങളായ കഴിവുകളുണ്ട്. ഇങ്ങനെയുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക നമ്മുടെ കടമയാണ്; ഉത്തരവാദിത്വമാണ്.

ഈ ലക്ഷ്യത്തോടെയാണ് സ്പെഷൽ സ്കൂളുകൾ നിലകൊള്ളുന്നത്. ഓരോ സ്പെഷൽ ടീച്ചറിന്റെയും ഉത്തരവാദിത്വമെന്നത് ഒരു കുട്ടിക്കു ടീച്ചറായും ആയയായും അമ്മയായും നിലകൊള്ളാൻ സാധിക്കുകയെന്നതാണ്. ഇവരുടെ വ്യത്യസ്തങ്ങളായ കഴിവുകളെ കണ്ടെത്തുന്ന നല്ല അധ്യാപികയായും അവരുടെ ദൈനംദിനാവശ്യങ്ങൾ അറിഞ്ഞു സാധിക്കുന്ന നല്ല ആയയായും ചെറിയ കുസൃതിത്തരങ്ങൾ ക്ഷമിക്കുന്ന, പിടിവാശികൾ സാധിക്കുന്ന ഒരു അമ്മയായും ഒരു സ്പെഷൽ സ്കൂൾ അധ്യാപിക മാറണം. സാധാരണ അധ്യാപകരെ അപേക്ഷിച്ച് ഇവരെടുക്കുന്ന പ്രയത്നത്തെ എത്രമാത്രം അഭിനന്ദിച്ചാലും ആദരിച്ചാലും മതിവരില്ല. ■

## കേക്കുനിർമാണ പരിശീലനം

പാലാ: പാലാ രൂപത ഫാമിലി സെന്റർ നടത്തുന്ന മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡിസംബർ 12, 15, 17 തീയതികളിൽ കേക്കുനിർമാണപരിശീലനം നൽകും. ഓറഞ്ചുകേക്ക്, ഹോട്ട് മിൽക്കി കേക്ക്, പൈനാപ്പിൾ കേക്ക് തുടങ്ങിയ വിവിധയിനം കേക്കുകൾ ഉണ്ടാക്കുന്നതിൽ പരിശീലനം നൽകുന്നു. സമയം രാവിലെ 10 മുതൽ ഒരു മണി വരെ.
ഫോൺ : 7306293048,
: 9496571321

# ജി 20 ന് ഇന്ത്യൻ നായകത്വം

1-ാംപേജ് തുടർച്ച

സാമ്പത്തികസ്ഥിരത ഉറപ്പാക്കുന്നതും രാജ്യാന്തരനികുതികൾ യുക്തിസഹമാക്കുന്നതും ദരിദ്രരാജ്യങ്ങളുടെ കടബാധ്യതകൾ ഒഴിവാക്കുന്നതുമുൾപ്പെടെയുള്ള അനേകം മേഖലകളിൽ സ്വാധീനം ചെലുത്താൻ ഇതുവരെയുള്ള കാലയളവിൽ അധ്യക്ഷപദം അലങ്കരിച്ച 17 രാജ്യങ്ങൾക്കും കഴിഞ്ഞതായി വിലയിരുത്തപ്പെടുന്നുണ്ട്. എന്നാൽ, മുൻകാലങ്ങളിൽനിന്നു വ്യത്യസ്തമായി കൂട്ടായ്മയുടെ ഭാവിപരിപാടികൾ നിശ്ചയിക്കുന്നതിനുള്ള അവസരംകൂടിയാണ് ഇന്ത്യയ്ക്കു കൈവന്നിട്ടുള്ളത്.

അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയായതിനാൽ വികസ്വരരാജ്യങ്ങളുടെ യഥാർഥ പ്രതിനിധിയായി പ്രവർത്തിക്കാനും ഇന്ത്യയ്ക്കാകും. ഇക്കാര്യങ്ങൾ മനസ്സിൽവച്ച് കാലാവസ്ഥാധനകാര്യത്തിലും സാങ്കേതികവിദ്യയിലും മാത്രമല്ല, വികസ്വരരാജ്യങ്ങൾക്കുള്ള ഊർജസംരക്ഷണം ഉറപ്പുവരുത്താനും കഴിയുമെന്ന് പ്രധാനമന്ത്രിയുടെ പ്രത്യേക പ്രതിനിധിയായി നിയമിതനായ അമിതാഭ് കാന്ത് അഭിപ്രായപ്പെട്ടു. ലോകത്തെ ഏറ്റവും വലിയ ബയോമെട്രിക് തിരിച്ചറിയൽ സംവിധാനമായ 'ആധാർ' വിജയകരമായി നടപ്പാക്കിയതുവഴി ഡിജിറ്റൽ സാങ്കേതികവിദ്യയിൽ നമ്മുടെ രാജ്യം ഒന്നാംസ്ഥാനത്താണെന്നു തെളിയിച്ചിട്ടുണ്ടെന്നും അമിതാഭ് കാന്ത് സാക്ഷ്യപ്പെടുത്തി. കൃഷിമുതൽ വിദ്യാഭ്യാസംവരെയുള്ള വിവിധമേഖലകളിലെ സാങ്കേതികവിദ്യാധിഷ്ഠിതവികസനത്തിനു നൂതനമായ അറിവുകൾ ഇതര രാജ്യങ്ങളുമായി പങ്കുവയ്ക്കാൻ ഇന്ത്യയ്ക്കു കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

വൻശക്തിരാഷ്ട്രങ്ങൾ തമ്മിലുള്ള അസ്വാരസ്യങ്ങൾ വികസനഅജണ്ടകൾ നിഷ്പ്രഭമാക്കുമെന്ന ഭീഷണി നിലനില്ക്കുന്ന പശ്ചാത്തലത്തിലാണ് ജി 20 അധ്യക്ഷസ്ഥാനത്തേക്ക് ഇന്ത്യ നിയോഗിക്കപ്പെട്ടിരിക്കുന്നത്. ഇന്തോനേഷ്യയിലെ ബാലിയിൽ നടന്ന 17-ാമത് ഉച്ചകോടിയിൽ തയ്യാറാക്കിയ കരടു വിജ്ഞാപനത്തിൽ സമവായം രൂപപ്പെടുത്തുന്നതിലും നമ്മുടെ രാജ്യം നിർണായകപങ്കു വഹിച്ചു. 'ഇത് യുദ്ധത്തിന്റെ യുഗമല്ല' എന്നു പ്രഖ്യാപിച്ചുകൊണ്ട് സമാധാനത്തിന്റെ കാവലാൾ എന്ന നിലയിലുള്ള ഇന്ത്യയുടെ സ്ഥാനം ഉറപ്പിക്കാനും ബാലി വേദിയായി. അധ്യക്ഷപദവി ഏറ്റെടുത്ത ആദ്യദിവസം ഡൽഹിയിൽ സംഘടിപ്പിച്ച ചടങ്ങിൽ രാജ്യത്തെ 75 സർവകലാശാലകളിലെ വിദ്യാർഥികളുമായി വിദേശകാര്യമന്ത്രി എസ്. ജയശങ്കർ ആശയവിനിമയം നടത്തി. ആരോഗ്യം, കാലാവസ്ഥ, ഭക്ഷ്യസുരക്ഷ, ഊർജഭദ്രത എന്നിവയടക്കമുള്ള വിഷയങ്ങളിൽ ജി 20 വഴി ഇന്ത്യ സജീവ ഇടപെടൽ നടത്തുമെന്ന് അദ്ദേഹം ഉറപ്പുനൽകി. സമ്പന്നമായ ചരിത്രവും ലോകത്ത് ഏറ്റവും കൂടുതൽ യുവതയുമുള്ള രാജ്യമെന്ന നിലയിൽ (രാജ്യത്തെ ജനസംഖ്യയുടെ 52 ശതമാനം) ജനസംഖ്യാപരവും തന്ത്രപരവുമായ സ്വാധീനം ചെലുത്താൻ ഇന്ത്യയ്ക്കാകുമെന്നും ജയശങ്കർ പ്രത്യാശ പ്രകടിപ്പിച്ചു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ 100 സ്മാരകമന്ദിരങ്ങൾ വൈദ്യുതദീപങ്ങളാൽ പ്രകാശിപ്പിച്ചുകൊണ്ടാണ് സ്ഥാനമേറ്റെടുക്കുന്നതിന്റെ ആഘോഷങ്ങൾക്കു തുടക്കമിട്ടത്. ഡൽഹിയിലെ ചെങ്കോട്ട, കുത്തബ് മീനാർ അടക്കമുള്ള ചരിത്രസ്മാരകങ്ങളിലും കേരളത്തിൽ മട്ടാഞ്ചേരി ഡച്ചുകൊട്ടാരത്തിലും ഫോർട്ടുകൊച്ചിയിലുള്ള വിശുദ്ധ ഫ്രാൻസിസ് സേവ്യർ പള്ളിയിലും ദീപാലങ്കാരങ്ങളുണ്ടായിരുന്നു. 2023 സെപ്റ്റംബർ 9 നും 10 നും ഡൽഹിയിൽ ചേരുന്ന ജി 20 ഉച്ചകോടിയുമായി ബന്ധപ്പെട്ട ആദ്യസമ്മേളനം രാജസ്ഥാനിലെ ഉദയ്പൂരിൽ ഈയാഴ്ച സംഘടിപ്പിച്ചുവരുന്നു. ഇവിടെ നടക്കുന്ന സമ്മേളനങ്ങൾ രണ്ടു തരത്തിലാണു ചേരുന്നത്. അംഗരാജ്യങ്ങളിലെ രാഷ്ട്രത്തലവന്മാരുടെ പ്രതിനിധികളായ 'ഷെർപകൾ' നയിക്കുന്ന സമ്മേളനങ്ങളും (ഷെർപ ട്രാക്ക്) ധനമന്ത്രിമാരും സെൻട്രൽ ബാങ്ക് ഗവർണർമാരും നയിക്കുന്ന 'ഫിനാൻസ് ട്രാക്കു'കളുമാണ് അവ. ഇന്ത്യയുടെ പ്രതിനിധിയായി നിതി ആയോഗിന്റെ മുൻ സി ഇ ഒ അമിതാഭ് കാന്ത് പങ്കെടുക്കുന്നു. ഏഴു കൃത്രിമതടാകങ്ങളാൽ ചുറ്റപ്പെട്ട ഉദയ്പൂർനഗരം സിസോദിയ രാജവംശജനായ ഉദയ്സിംഗ് രണ്ടാമൻ 1559 ൽ നിർമിച്ചതാണ്. നഗരത്തിലെ കൊട്ടാരങ്ങളും ചരിത്രസ്മാരകങ്ങളും സമ്മേളനവേദികളാകും. ആരോഗ്യപരിപാലനവുമായി ബന്ധപ്പെട്ട ആദ്യയോഗം ജനുവരി 18 മുതലുള്ള മൂന്നു ദിവസങ്ങളിൽ തിരുവനന്തപുരത്താണു ചേരുന്നത്.

ഭാവിതലമുറകൾക്ക് പ്രത്യാശ നല്കുന്നതിനും വൻശക്തിരാഷ്ട്രങ്ങളുടെ കൈവശമുള്ള നശീകരണായുധങ്ങൾ ഉയർത്തുന്ന അപകടസാധ്യതകൾ ഇല്ലാതാക്കുന്നതിനും രാജ്യങ്ങൾ സമവായത്തിനു തയ്യാറാകേണ്ടതുണ്ട്. ഇന്ത്യയുടെ ജി 20 അജണ്ട എല്ലാവരെയും ഉൾക്കൊള്ളുന്നതും പ്രവർത്തനകേന്ദ്രീകൃതവും അഭിലാഷപൂർണവുമാണ്. 2023 ലെ ജി 20 ന്റെ അധ്യക്ഷപദവി ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും മാതൃക നല്കുമെന്ന് നമുക്കു പ്രത്യാശിക്കാം. ■




*കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചു പെൺമക്കളിൽ മൂത്തവളാണ് ഇന്ദുലേഖ. അവൾക്കു ദൂരെ ഒരു സ്കൂളിൽ റ്റീച്ചറായി ജോലി കിട്ടി. ജോയിൻ ചെയ്യാൻ ട്രെയിനിൽ പോകുമ്പോൾ യാദൃച്ഛികമായി അഭിഷേക് എന്ന യുവാവിനെ പരിചയപ്പെട്ടു. ഇന്ദുവിന്റെ സ്കൂൾമാനേജരുടെ മകനായിരുന്നു അഭിഷേക്. പിന്നീട് അവർ നല്ല സൗഹൃദത്തിലായി. ഇതിൽ അസൂയ പൂണ്ട സ്നേഹലതറ്റീച്ചർ ഇരുവരും തമ്മിൽ പ്രണയമാണെന്നു മാനേജരെ തെറ്റിദ്ധരിപ്പിച്ചു. സാഹചര്യത്തെളിവുകൾ നിരത്തിയപ്പോൾ അതു സത്യമാണെന്ന് മാനേജർക്കും തോന്നി. ഇന്ദുവിനെ ജോലിയിൽനിന്നു പിരിച്ചുവിട്ടു. ഇന്ദു അഭിഷേകിനെ വിളിച്ചപ്പോൾ ഫോൺ സ്വിച്ച് ഓഫ്. അന്വേഷിച്ചപ്പോൾ അയാൾ അമേരിക്കയിൽ സഹോദരനെ സന്ദർശിക്കാൻ പോയി എന്നറിഞ്ഞു. സഹപ്രവർത്തകരോടു യാത്ര പറഞ്ഞ് കണ്ണീരോടെ ഇന്ദു വീട്ടിലേക്കു മടങ്ങി. (തുടർന്നു വായിക്കുക)*

ട്രെയിനിലിരിക്കുമ്പോൾ ഇന്ദുലേഖയുടെ മനസ്സുനിറയെ ആകുലതയുടെ അഗ്നിനാളങ്ങളായിരുന്നു. ജോലി നഷ്ടപ്പെട്ടു എന്നു പറഞ്ഞാൽ അച്ഛനതു താങ്ങാനുള്ള കരുത്തുണ്ടാവില്ല. തത്കാലം എന്തെങ്കിലും നുണ പറഞ്ഞു പിടിച്ചുനിൽക്കാം.

വീട്ടിലെത്തിയപ്പോൾ മണി മൂന്നര. ചേച്ചി നടന്നുവരുന്നത് ദൂരെനിന്നേ പാർവതി കണ്ടു. അവൾ ഓടി ഇന്ദുവിന്റെ അടുത്തെത്തി, കൈയിൽ നിന്നു ബാഗു വാങ്ങി.

പൂമുഖത്തേക്കു കയറിയപ്പോൾ ദേവകി വെളിയിലേക്ക് ഇറങ്ങിവന്നിരുന്നു.

"എന്തേ മോളേ ഇപ്പ വന്നേ? സ്കൂളിൽ പഠിത്തമില്ലേ?"

"കുറച്ചുദിവസം അവധിയെടുത്തു അമ്മേ. അച്ഛന്റെ കിടപ്പു കണ്ടിട്ട് പോയതല്ലേ. കുറച്ചു ദിവസം അച്ഛന്റെ അടുത്തു നിൽക്കണമെന്നു തോന്നി ലീവെടുത്തുപോന്നതാ."

"അതെന്തിനാ ലീവെടുത്തേ? ഇവിടെ ഞങ്ങളൊക്കെയില്ലേ അച്ഛനെ നോക്കാൻ."

"നിക്കണംന്നു തോന്നി, പോന്നു. അത്രേയുള്ളൂ."

അവൾ നേരേ അച്ഛന്റെ മുറിയിലേക്കു നടന്നു. പാതിമയക്കത്തിലായിരുന്ന നാരായണൻ നമ്പൂതിരിയെ അവൾ വിളിച്ചുണർത്തി.

"ന്റെ മോളു വന്നോ? ഇന്ന് ചൊവ്വാഴ്ചയല്ലേ? എന്തേ ഇന്ന്? സ്കൂളില്ലേ?"

അമ്മയോടു പറഞ്ഞതു തന്നെ അവൾ ആവർത്തിച്ചു.

"ന്റെ മോൾക്ക് എന്നോട് ഇത്രേം സ്നേഹമുണ്ടെന്നു വിചാരിച്ചില്ലാട്ടോ." അതു കേട്ടപ്പോൾ അവളുടെ കണ്ണുകൾ പൊട്ടിയൊഴുകി. ജോലി നഷ്ടപ്പെട്ട കാര്യം അച്ഛൻ ഒരിക്കലും അറിയാതിരിക്കട്ടെ.

"എന്റെ മോൾക്കു ജോലി കൊടുത്തതിന് എന്നും ഞാൻ ഗുരുവായൂരപ്പനോടു നന്ദി പറയുന്നുണ്ട്. ഒരു വഴിപാട് നേർന്നിട്ടുണ്ട്. അതു നിറവേറ്റണം ട്ടോ."

"ഉം." അവൾ തലയാട്ടി.

"ശമ്പളം കിട്ടാൻ തുടങ്ങിയോ?"

"ഇല്ല. കുറെ വൈകുമെന്നു പറഞ്ഞു."

"കടം തന്നോര് ശല്യം ചെയ്തോണ്ടിരിക്ക്വാ. ഞാൻ മരിച്ചുപോയാൽ കാശു കിട്ടുമോന്ന് അവർക്കു പേടിയാ. ഞാൻ പറഞ്ഞു ഞാൻ മരിച്ചാലും എന്റെ മോള് കടം വീട്ടുമെന്ന്. എന്നാലും വിശ്വാസം വന്നിട്ടില്ല ചിലർക്കൊക്കെ. ശമ്പളം കിട്ടിയാൽ ആദ്യം അവരുടെ കടം തീർക്കണം മോളെ. ഒരുപാട് വൈകില്ലായിരിക്കും അല്ലേ?"

"ഉം."

"സീതയ്ക്ക് അവിടെ എന്തെങ്കിലുമൊരു ജോലി തരപ്പെടുത്താൻ പറ്റ്വോ മോളെ? ഇവിടെ വെറുതെ നിൽക്കുവല്ലേ? നിനക്കവിടെ ഒരു കൂട്ടുമാവും."

"നോക്കാം അച്ഛാ."

കൂടുതൽ സംസാരിക്കാനവസരം കൊടുക്കാതെ അവൾ എണീറ്റ് അടുത്ത മുറിയിലേക്കു നടന്നു. വേഷം മാറിയിട്ട് നേരേ അടുക്കളയിലേക്കു ചെന്നു. ദേവകി ഭക്ഷണം വിളമ്പുകയായിരുന്നു. നല്ല വിശപ്പുണ്ട്. കൈ കഴുകിയിട്ട് അവൾ ഡൈനിംഗ് റൂമിലെ കസേരയിൽ വന്നിരുന്നു.



ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ സീതയും ശ്രീക്കുട്ടിയും നന്ദിനിയും അടുത്തുവന്നിരുന്ന് സ്കൂളിലെ വിശേഷങ്ങൾ തിരക്കി.

"ഇവിടെല്ലാരും പറയും ചേച്ചി ഭാഗ്യവതിയാണ്. ഇക്കാലത്ത് ഒരു സർക്കാർജോലി കിട്ടുകാന്നു പറഞ്ഞാൽ ലോട്ടറിയടിക്കുന്നപോലല്ലേ!"

ഇന്ദു മിണ്ടിയില്ല. ഭക്ഷണം കഴിച്ചിട്ട് എണീറ്റു. നേരേ കിടപ്പുമുറിയിലേക്കു പോയി കട്ടിലിലേക്കു ചാഞ്ഞു. ഒന്നുറക്കെ കരയണമെന്ന് അവൾക്കുതോന്നി. മനസ്സിലെ വേദന കണ്ണീരിലൂടെയെങ്കിലും ഒന്ന് ഒഴുകിപ്പോയിരുന്നെങ്കിൽ!

എത്ര ദിവസം നുണ പറഞ്ഞു പിടിച്ചുനിൽക്കാൻ പറ്റും? ഏറിയാൽ ഒരാഴ്ച. അതു കഴിഞ്ഞും മടങ്ങുന്നില്ലെങ്കിൽ സംശയം തോന്നില്ലേ എല്ലാവർക്കും. അച്ഛന്റെ സ്വപ്നങ്ങളും മോഹങ്ങളും പൂവണിയില്ലെന്നറിയുമ്പോൾ...! എന്തൊരു ഭാഗ്യദോഷിയാണു താൻ. ഓരോന്നോർത്തു കിടന്ന് അവൾ ഉറക്കത്തിലേക്കു വീണു.

* * *

ഒരാഴ്ച പിന്നിട്ടു. ഇന്ദു മടങ്ങിപ്പോകാനുള്ള തയ്യാറെടുപ്പുകളൊന്നും നടത്തുന്നില്ലെന്നു കണ്ടപ്പോൾ നാരായണൻനമ്പൂതിരി ചോദിച്ചു:

"ലീവു തീർന്നില്ലേ മോളേ? മടങ്ങിപ്പോകണ്ടേ?'

"അച്ഛനെ ഈ നിലേലിട്ടിട്ട് പോകാൻ മനസ്സു വരണില്ല."

"എന്റെ കാര്യോർത്ത് മോള് വിഷമിക്കണ്ട. ലീവെടുത്തു വെറുതെ ശമ്പളം കളയണ്ട. ചെല്ല്, ചെന്ന് ജോലി ചെയ്യ്. മോടെ ശമ്പളംകൊണ്ടു വേണം ഇനി ഈ കുടുംബം മുമ്പോട്ടു പോകാൻ."

ഇന്ദു ധർമസങ്കടത്തിലായി. എങ്ങോട്ടു പോകും? ആലോചിച്ചിട്ട് ഒരു വഴിയും കാണുന്നില്ല. പഴയ പത്രങ്ങൾ മുറിയുടെ ഒരു കോണിൽ അടുക്കിവച്ചിരിക്കുന്നത് അവളുടെ കണ്ണിൽപ്പെട്ടു. ഇന്ദു അതെടുത്ത് ഓരോന്നും മറിച്ചുനോക്കി. അധ്യാപകരുടെ വേക്കൻസി ഏതെങ്കിലും സ്കൂളിൽ ഉണ്ടോ എന്നാണ് കണ്ണുകൾ പരതിയത്.

പെട്ടെന്ന് ഒരു പരസ്യം അവളുട കണ്ണിൽ ഉടക്കി: വൃദ്ധദമ്പതികളെ നോക്കാനും ഗൃഹജോലി ചെയ്യാനും സന്നദ്ധയായ യുവതിയെ ആവശ്യമുണ്ട്. മാസം 20000 രൂപ ശമ്പളം. ഭക്ഷണവും താമസവും സൗജന്യം.

ഇന്ദു ഫോൺ നമ്പർ കുറിച്ചെടുത്തു. വീടിനു വെളിയിലിറങ്ങിയിട്ട് അവൾ അപ്പോൾത്തന്നെ ആ നമ്പരിൽ വിളിച്ചു.

തിരുവല്ലയിലുള്ള ഒരു ക്രിസ്ത്യാനിക്കുടുംബമാണ്. പ്രായം ചെന്ന ദമ്പതികൾ. മക്കളെല്ലാം അമേരിക്കയിലാണ്. ഒപ്പം താമസിച്ച് ഭക്ഷണമുണ്ടാക്കിക്കൊടുത്തും സമയാസമയം മരുന്നെടുത്തുകൊടുത്തും അവരെ പരിചരിക്കണം.

ഇന്ദു ആലോചിച്ചു. പോകണോ? തത്കാലം വീട്ടിൽനിന്നു മാറി നിന്നേ പറ്റൂ. വീട്ടിലേക്കു പണവും അത്യാവശ്യമാണ്. പോകാം. സ്കൂളിലേക്കാണെന്നു പറഞ്ഞു നേരേ അങ്ങോട്ടു പോകാം. വീട്ടുജോലി ചെയ്താണെങ്കിലും കുറെ പണം ഉണ്ടാക്കണം. കുടുംബം നോക്കാൻ വേറാരുണ്ട്? പിറ്റേന്നു വരാമെന്നു പറഞ്ഞിട്ട് അവൾ ഫോൺ കട്ട് ചെയ്തു.

അടുത്തദിവസം അവൾ പോകാൻ റെഡിയായി. അച്ഛനോടു യാത്ര ചോദിക്കുമ്പോൾ മനസ്സിൽ കുറ്റബോധമായിരുന്നു.

"ശമ്പളം എത്രയും വേഗം ശരിയാക്കിത്തരാൻ മാനേജരോടു പറയണം കേട്ടോ മോളെ! കടം മേടിച്ചു മടുത്തു." സ്കൂളിലേക്കു മടങ്ങുകയാണെന്നാണ് അച്ഛൻ ധരിച്ചിരിക്കുന്നത്.

"ഉം."

"എന്നാ വൈകണ്ട. പുറപ്പെട്ടോ."

ഇന്ദു ബാഗുമായി പടിയിറങ്ങി. അവളുടെ മിഴികൾ നിറഞ്ഞൊഴുകിയത് ആരും കണ്ടില്ല. നഗരത്തിലെ ബസ്സ്റ്റാൻഡിൽ വന്നിറങ്ങിയിട്ട് അവൾ നേരേ തിരുവല്ലയ്ക്കുള്ള ബസിൽ കയറി. ബസിലിരിക്കുമ്പോൾ ആലോചിച്ചു. സീതാലക്ഷ്മിക്കു വല്ല സംശയവും തോന്നി സ്കൂളിലേക്കെങ്ങാനും വിളിച്ചാൽ കള്ളി വെളിച്ചത്താവില്ലേ? സാവകാശം സീതയോടു സത്യം തുറന്നുപറയണം. അവൾക്ക് തന്നെ മനസ്സിലാക്കാനുള്ള കഴിവുണ്ട്.

തിരുവല്ല ടൗണിൽനിന്ന് മൂന്നു കിലോമീറ്റർ ദൂരെയാണ് വീട്. വഴി കൃത്യമായി ചോദിച്ചു മനസ്സിലാക്കിയിരുന്നതിനാൽ വീട് കണ്ടുപിടിക്കാൻ ബുദ്ധിമുട്ടേണ്ടി വന്നില്ല. ആനന്ദ് വില്ല എന്ന് ഗേറ്റിൽ മലയാളത്തിൽ ബോർഡ് വച്ചിട്ടുണ്ടായിരുന്നു.

വലിയ ഗേറ്റ് തള്ളിത്തുറന്ന് ഇന്ദു സാവകാശം വീട്ടിലേക്കു നടന്നു. പെട്ടെന്ന് ഒരു നായ കുരച്ചുകൊണ്ട് അവളുടെ നേരേ ചാടി. ഇന്ദു ഭയന്ന് പിന്നോട്ടോടി റോഡിലിറങ്ങി. നായയുടെ കുര കേട്ടിട്ടാവണം ഒരു വൃദ്ധൻ സിറ്റൗട്ടിലേക്ക് ഇറങ്ങിവന്നു. ഇന്ദുവിനെ കണ്ടതും അയാൾ നായയെ അടുത്തേക്കു വിളിച്ചു.

ഇന്ദു സാവധാനം വീണ്ടും ഗേറ്റ് കടന്നു വീട്ടിലേക്കു നടന്നടുത്തു. ഗൃഹനാഥൻ സിറ്റൗട്ടിൽ നില്പുണ്ടായിരുന്നു. ഇന്ദു പരിചയപ്പെടുത്തിയപ്പോൾ അദ്ദേഹം അവളെ അകത്തേക്കു വിളിച്ചു.

വലിയ വീടാണ്. മനോഹരമായ സജ്ജീകരണങ്ങൾ. എല്ലാ ഫോറിൻ മയം.

"തനിച്ചാണോ വന്നത്?"

അച്ഛന്റെ രോഗാവസ്ഥ അവൾ വിശദീകരിച്ചു. അഞ്ചു പെൺമക്കളിൽ മൂത്ത അംഗമാണെന്നു കേട്ടപ്പോൾ വൃദ്ധൻ സഹതാപത്തോടെ നോക്കി. സ്കൂളിൽ ജോലികിട്ടിയതും പിരിച്ചു വിട്ടതും മിണ്ടിയതേയില്ല.

"അതിപ്പോ ഒരു നമ്പൂരിക്കുട്ടി ഇവിടെ ജോലിക്കു നിന്നാ ശരിയാകോ? ഇറച്ചീം മീനുമൊക്കെ വയ്ക്കണ വീടാ." വൃദ്ധൻ സംശയം പ്രകടിപ്പിച്ചു.

"ഒക്കെ ഞാൻ പഠിച്ചോളാം. തിരിച്ചുപോകാൻ പറയരുത്." ഇന്ദു കെഞ്ചി.

"ഇവിടെ ഞാനും എന്റെ ഭാര്യേം മാത്രേയുള്ളൂ. എന്റെ പേര് ചാണ്ടിക്കുഞ്ഞ്. ഭാര്യ ത്രേസ്യാ. മക്കള് നാലുപേരാ. നാലും അമേരിക്കേലാ."

ചാണ്ടിക്കുഞ്ഞ് കുടുംബചരിത്രം വിശദീകരിച്ചു.

"ഇവിടെ ഒരുപാട് പേര് ജോലിക്കുനിന്നതാ. ഒന്നോ രണ്ടോ മാസം നിന്നിട്ട് കാശും വാങ്ങി സ്ഥലം വിടും. പിന്നെ കാണില്ല. ഒന്നിനും ജോലി ചെയ്യാൻ കഴിയില്ല. കാശുമാത്രം മതി. പറയുന്ന ജോലിയെല്ലാം കൃത്യായിട്ടു ചെയ്യാമെങ്കിൽ ഇവിടെ നിന്നോ. അല്ലെങ്കിൽ പൊയ്ക്കോ."

"എല്ലാ ജോലീം ചെയ്യാം."

"പാചകമൊക്കെ അറിയ്വോ?"

"ഉം."

"നമ്പൂരിക്കുട്ടികളൊക്കെ ഇപ്പം വീട്ടുജോലിക്കു പോകാനും തുടങ്ങിയോ. കാലം പോയ പോക്കേ! ങ്ഹാ... ആ ഡൈനിംഗ് റൂമിലിരുന്നോ. ത്രേസ്യാ പുറത്തേക്കു പോയതാ. അവളു വന്നിട്ട് അവൾക്കിഷ്ടപ്പെട്ടാ ഇവിടെ നിറുത്തും. ഇല്ലെങ്കിൽ പറഞ്ഞുവിടും. വീട്ടുജോലിക്കാരെയൊക്കെ ഇന്റർവ്യൂ നടത്തി നിയമിക്കുന്നത് അവളാ."

ചാണ്ടിക്കുഞ്ഞ് ഇന്ദുവിനെ ഡൈനിങ് റൂമിലെ കസേരയിൽ കൊണ്ടുപോയി ഇരുത്തി.

*(തുടരും)*

# അംഗപരിമിതർ അടിമകളെന്നോ?

*(ഒന്നാം പേജ് തുടർച്ച)*

ഭിന്നശേഷിക്കാരുടെ മേഖലയെക്കുറിച്ച് ഒരു പഠനവും നടത്താതെ ആയിരക്കണക്കിനുപേർക്കു സാമൂഹികക്ഷേമപെൻഷൻ നിഷേധിച്ചുകൊണ്ടു സർക്കാർ പുറത്തിറക്കിയ ഉത്തരവാണിതെന്ന ആരോപണം ശക്തമാണ്. വരുമാന പരിധി നോക്കാതെ ഭിന്നശേഷി



ക്കാരായ മുഴുവൻ കുട്ടികൾക്കും പെൻഷൻ അനുവദിക്കണമെന്ന് ഈ രംഗത്തെ സംഘടനകൾ നിരന്തരം ആവശ്യപ്പെടുന്നതിനിടെയാണ് പുതിയ ഉത്തരവെന്നതു പ്രസക്തമാണ്.

**യുഡിഐഡി കാർഡ് കാത്ത്**

ഭിന്നശേഷിയുള്ള ഒരാൾക്കു യുണീക് ഡിസെബിലിറ്റി ഐഡി കാർഡ് (യുഡിഐഡി) കിട്ടണമെങ്കിൽ പതിനെട്ടു വയസ്സാകണമെന്നാണ് നിലവിലെ നിയമം. അതുവരെ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ പരിശോധനയ്ക്കും മെഡിക്കൽ ബോർഡിലെ ഡോക്ടർമാർ കുട്ടിയുടെ അവസ്ഥ സ്ഥിരീകരിച്ച് ഉറപ്പാക്കിയതിനുംശേഷം താത്കാലിക സർട്ടിഫിക്കറ്റുകളാണു നൽകുന്നത്. ഒരു വയസ്സുമുതൽ അഞ്ചു വയസ്സു വരെയാണ് ആദ്യഘട്ടത്തിൽ സർട്ടിഫിക്കറ്റ് നൽകുക. പിന്നീട് 5–10, 10–18 വയസ്സുകളിലും താത്കാലികസർട്ടിഫിക്കറ്റ് നൽകും.

കേന്ദ്രസർക്കാർ നൽകുന്ന യുഡിഐഡി കാർഡിൽ സ്ഥിര വൈകല്യം രേഖപ്പെടുത്തുന്നത് 18 വയസ്സിനു ശേഷമാണ്. അതുകൊണ്ടുതന്നെ 18 വയസ്സിനുശേഷമാകും ഇനി ഭിന്നശേഷിക്കാർക്ക് പെൻഷനും അർഹതയുണ്ടാകുക. ഇത് ആയിരക്കണക്കിനു ഗുണഭോക്താക്കൾക്കു തിരിച്ചടിയാകും.

**സ്വാവലംബൻ സ്വാഹ!**

ഭിന്നശേഷിക്കാർക്കു മാത്രമായി കേന്ദ്രസർക്കാർ കൊട്ടിഘോഷിച്ചു തുടങ്ങിയ ഇൻഷ്വറൻസ് പദ്ധതിയാണു സ്വാവലംബൻ. എന്നാൽ, കഴിഞ്ഞ ആറു വർഷത്തോളമായി പദ്ധതി നിലച്ചിരിക്കുകയാണ്. ഒരു വർഷം മാത്രമായിരുന്നു പദ്ധതിയുടെ ആയുസ്സ്.

180 രൂപ മാത്രം വാർഷിക പ്രീമിയം അടച്ച് രണ്ടു ലക്ഷം രൂപവരെ കാഷ്‌ലെസ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി സംസ്ഥാനത്ത് അനേകർക്കു പ്രയോജനം ചെയ്തതാണ്. കേരളത്തിൽ നാഷണൽ ഇൻഷ്വറൻസ് കമ്പനിയും സഹൃദയയും ചേർന്ന് ഏകോപിപ്പിച്ച പദ്ധതിയിൽ 2200 ഓളം പേർ അംഗങ്ങളായിരുന്നു. മുന്നറിയിപ്പൊന്നുമില്ലാതെയാണ് കേന്ദ്രസർക്കാർ പദ്ധതി നിറുത്തലാക്കിയത്.

**സ്കോളർഷിപ്പുകളും വെട്ടി!**

സ്പെഷൽ സ്കൂളുകളിൽ പരിശീലനം തേടുന്ന വിദ്യാർഥികൾക്ക് തദ്ദേശസ്ഥാപനങ്ങളിലൂടെ ലഭിക്കുന്ന സ്കോളർഷിപ്പുതുക ചില പഞ്ചായത്തുകളിൽ വെട്ടിക്കുറച്ചതും ഭിന്നശേഷിക്കാരോടുള്ള അവഗണനയ്ക്ക് മറ്റൊരു ഉദാഹരണമാണ്.


കൊവിഡ് കാലത്ത് സ്കൂൾ പ്രവർത്തിക്കുന്നില്ലെന്ന കാരണത്തിലാണ് സ്കോളർഷിപ്പുതുകയിൽ കുറവുവരുത്തിയത്. മഹാമാരിക്കാലത്ത് എല്ലാ വിഭാഗങ്ങളുടെയും ആനുകൂല്യങ്ങൾ വർധിപ്പിച്ചു നൽകിയപ്പോഴാണ് ഏറ്റവും പരിഗണന അർഹിക്കുന്ന ഈ കുട്ടികളോട് അധികൃതർ ഇത്തരത്തിൽ അവഗണന കാട്ടിയത്. വെട്ടിക്കുറച്ച സ്കോളർഷിപ്പ് കൊവിഡിനുശേഷവും പല പഞ്ചായത്തുകളിലും പുനഃസ്ഥാപിച്ചിട്ടില്ല. ■

## ജനസംഖ്യയിൽ 2.21 ശതമാനം ഭിന്നശേഷിക്കാർ

വികലാംഗരുടെ അവകാശങ്ങൾക്കായുള്ള ഐക്യരാഷ്ട്ര സംഘടനയുടെ കൺവെൻഷൻപ്രകാരം ശാരീരികമോ, മാനസികമോ, ബുദ്ധിപരമോ, സംവേദനപരമോ ആയ ബലഹീനതകൾ ഉള്ളവരും, ഇത്തരം ബലഹീനതകൾ കാരണം മറ്റുള്ളവർക്കൊപ്പം തുല്യയളവിൽ, സമൂഹത്തിൽ പൂർണവും ഗുണപരവുമായ ഇടപെടലുകൾ നടത്താൻ കഴിയാത്തവരുമാണ് ഭിന്നശേഷിക്കാർ എന്ന ഗണത്തിൽ ഉൾപ്പെടുക.

സെൻസസ് രേഖകൾപ്രകാരം ഇന്ത്യയിലെ ജനസംഖ്യയിൽ 2.21 ശതമാനം ഭിന്നശേഷിക്കാരുണ്ടെന്നാണ് കണക്ക്. എന്നാൽ, യഥാർഥത്തിൽ ഇതു പത്തു മുതൽ 15 വരെ ശതമാനം ഉണ്ടാകാമെന്ന് ഈ രംഗത്തു പ്രവർത്തിക്കുന്നവർ സാക്ഷ്യപ്പെടുത്തുന്നു. അതായത്, 13 മുതൽ 20 കോടിയോളം വരുന്ന വലിയ ജനവിഭാഗം. രാജ്യത്തെ പൊതുമേഖലാ തൊഴിൽരംഗത്ത് വെറും ഒരു ശതമാനം മാത്രമാണ് ഭിന്നശേഷിക്കാരുടെ പ്രാതിനിധ്യം. മൂന്നു ശതമാനം ജോലി ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്യുന്ന നിയമം നിലനില്ക്കുമ്പോഴാണിതെന്നുകൂടി ഓർക്കാം.

# 'സ്വർണം അഗ്നിയിലെന്നപോലെ' പ്രകാശനം ചെയ്തു




**ഡോ.** ജോർജ് തയ്യിൽ രചിച്ച 'സ്വർണം അഗ്നിയിലെന്നപോലെ – ഒരു ഹൃദ്രോഗവിദഗ്ധന്റെ ജീവിതസഞ്ചാരക്കുറിപ്പുകൾ' എന്ന ഗ്രന്ഥം ഡിസംബർ രണ്ടിന് എറണാകുളം ലൂർദ് ആശുപത്രി കോൺഫെറൻസ് ഹാളിൽ വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ പ്രകാശനം ചെയ്തു.

എഴുപതുകളുടെ ആദ്യം കൈയിലൊരു ഡിഗ്രിസർട്ടിഫിക്കറ്റുമായി മ്യൂണിക് എന്ന മഹാനഗരത്തിലെത്തിയ ഒരു ഇന്ത്യൻ വിദ്യാർഥിയെ സ്വന്തം കുടുംബത്തോടു ചേർത്തുവച്ച ഒരു മഹാവ്യക്തിയോടുള്ള ആദരപൂജയാണ് 'സ്വർണം അഗ്നിയിലെന്നപോലെ.' നാലു പതിറ്റാണ്ടിലേറെ നീണ്ട അത്യപൂർവമായ ഒരു ഹൃദയബന്ധത്തിന്റെ ആവിഷ്കാരവുമാണിത്. ആ മഹാവ്യക്തി പിൽക്കാലത്ത് ബെനഡിക്ട് പതിനാറാമൻ മാർപാപ്പായായതും വിദ്യാർഥി ലോകപ്രശസ്തനായ ഹൃദ്രോഗവിദഗ്ധനായതും കാലത്തിന്റെ സവിശേഷകാരുണ്യം.

ബെനഡിക്ട് പതിനാറാമന്റെ ഇതുവരെ ലോകം കേട്ടിട്ടില്ലാത്ത ഒട്ടുവളരെ സവിശേഷതകൾ ഡോ. തയ്യിൽ തന്റെ ജീവിതസഞ്ചാരക്കുറിപ്പുകൾക്കൊപ്പം ഈ ഗ്രന്ഥത്തിൽ അനാവരണം ചെയ്യുന്നു. ഇരുപതു കൊല്ലത്തിലേറെയാണ് അദ്ദേഹം റാറ്റ്സിംഗറുടെ കുടുംബത്തിലെ ഒരംഗമെന്നോണം കഴിഞ്ഞിരുന്നത്.

അതീവചാരുതയുള്ള ഭാഷയാണ് ഡോ. തയ്യിൽ ഈ ഗ്രന്ഥരചനയ്ക്ക് ഉപയോഗിച്ചിരിക്കുന്നത്. കാല്പനികവും ഒപ്പം ഗഹനവുമാണ് അദ്ദേഹത്തിന്റെ എഴുത്തുരീതി.




*ഡോ. ജോർജ് തയ്യിൽ രചിച്ച 'സ്വർണം അഗ്നിയിലെന്നപോലെ – ഒരു ഹൃദ്രോഗവിദഗ്ധന്റെ ജീവിതസഞ്ചാരക്കുറിപ്പുകൾ' എന്ന ഗ്രന്ഥം വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ സംസ്കൃതസർവകലാശാല മുൻവൈസ്ചാൻസലർ ഡോ. കെ.എസ്. രാധാകൃഷ്ണനു നൽകി പ്രകാശനം ചെയ്യുന്നു. ജസ്റ്റീസ് സിറിയക് ജോസഫ്, ഡോ. എബ്രാഹം ഇരിമ്പിനിക്കൽ, ഫാ. ഷൈജു അഗസ്റ്റിൻ തോപ്പിൽ, ഡോ. പോൾ പുത്തൂരാൻ എന്നിവർ സമീപം.*

പഠിക്കുന്ന കാലത്തുതന്നെ എഴുത്തിൽ തിളങ്ങിയിരുന്ന ഒരു പ്രതിഭയാണ് ഡോ. ജോർജ് തയ്യിൽ. പത്രപ്രവർത്തകനും എഴുത്തുകാരനും കഥാകൃത്തുമായി ജീവിതമാരംഭിച്ച ഡോ. ജോർജ് തയ്യിൽ എന്ന ഹൃദ്രോഗവിദഗ്ധന്റെ അതിമനോഹരവും അതേസമയം ഒട്ടേറെ വിഷയങ്ങളുടെ വൈപുല്യംകൊണ്ടു ഗൗരവമേറിയതുമായ ഒരു ഗ്രന്ഥമാണിത്.

സംസ്കൃതസർവകലാശാല മുൻ വൈസ്ചാൻസലർ ഡോ. കെ. എസ്. രാധാകൃഷ്ണനാണ് ഈ ഗ്രന്ഥത്തിന് അവതാരിക രചിച്ചിരിക്കുന്നത്. ഡി. സി. ബുക്സ് / കറന്റ് ബുക്സ് ആണ് പ്രസാധകർ. വില–299 രൂപ.

# മനുഷ്യനെ സ്നേഹിച്ച ആത്മാവച്ചൻ

## ദൈവദാസൻ ഫാ. ബ്രൂണോ കണിയാരകത്ത് അന്തരിച്ചിട്ട് ഡിസംബർ 15 ന് മുപ്പത്തിയൊന്നു വർഷം



ജോസ് വട്ടപ്പലം



**പ്രാർഥനയും പാപസങ്കീർത്തനവുമായിരുന്നു ബ്രൂണോ അച്ചന്റെ ജീവിതവ്രതം. തനിക്കുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും ലോകം മുഴുവനുംവേണ്ടിയും പ്രാർഥിക്കുന്ന പ്രാർഥനയുടെ മനുഷ്യൻ. പ്രാർഥിക്കൂ; പശ്ചാത്തപിക്കൂ എന്നു വിലപിച്ചിരുന്ന മനുഷ്യസ്നേഹി.**

**പാപസങ്കീർത്തനത്തിനായി മണിക്കൂറുകൾതന്നെ ചെലവിട്ടിരുന്നു അദ്ദേഹം. കുമ്പസാരിക്കുന്ന ചെറിയ പാപികൾക്ക് ചെറിയ പ്രായശ്ചിത്തം. കൊടുംപാപികൾക്കു പ്രായശ്ചിത്തം നൽകുമെങ്കിലും അത് ഏറ്റെടുത്തു ചെയ്യുന്നത് പലപ്പോഴും കുമ്പസാരക്കാരനായ അച്ചനാവും. സ്വന്തം വേദനകൾ പോരാഞ്ഞ് മറ്റുള്ളവരുടെ വേദനകൾകൂടി കടമായി ചോദിച്ചുവാങ്ങിയിരുന്ന വിശുദ്ധ അൽഫോൻസാമ്മയെപ്പോലെ ബ്രൂണോ അച്ചനും മറ്റുള്ളവരുടെ പ്രായശ്ചിത്തങ്ങൾകൂടി ഏറ്റെടുക്കുകയായിരുന്നു.**

**ആ**ശ്രമദൈവാലയത്തിനു സമീപമുള്ള സെമിത്തേരിയുടെ വാതിലുകൾ മലർക്കെ തുറന്നേ കിടന്നു. അവിടെ ആത്മാക്കളുറങ്ങുന്ന കബറിടങ്ങൾ. ആകെ മൂകതമുറ്റിയ അന്തരീക്ഷം.

വാടാമലരുകളാൽ അലങ്കരിച്ച കബറിടത്തിനു ചുറ്റും ചെറിയ ഒരാൾക്കൂട്ടം. കൂട്ടത്തിൽ കുട്ടികളുണ്ട്, മുതിർന്നവരുണ്ട്, സ്ത്രീകളും പുരുഷന്മാരുമുണ്ട്. കബറിടത്തിൽ മുട്ടുകുത്തിനിന്ന്, കത്തുന്ന മെഴുതിരിനാളങ്ങൾക്കൊപ്പം കണ്ണും കരങ്ങളും കൂപ്പി പ്രാർഥിക്കുകയാണവർ; ആരോഗ്യത്തിനും ആയുസ്സിനുംവേണ്ടി.

ധ്യാനലീനരായിനിന്ന് അനുഗ്രഹം യാചിക്കുന്ന അവരുടെ മനോമുകുരത്തിൽ ഒരു ചിത്രം നിഴൽപോലെ തെളിയുന്നു. വന്ദ്യവയോധികനായ ഒരു വൈദികൻ. ചുക്കിച്ചുളിഞ്ഞ മുഖം. ഒട്ടിയ കവിളുകൾ. പരിക്ഷീണമെങ്കിലും തിളക്കം മായാത്ത കണ്ണുകൾ. ഈ രൂപം തങ്ങളുടെ പ്രിയപ്പെട്ട ആത്മാവച്ചന്റേതാണെന്ന് വിശ്വാസികൾ തിരിച്ചറിയുന്നു.

ഇടറുന്ന സ്വരത്തിൽ അവർ വിളിക്കുന്നു; "ആത്മാവച്ചാ..."

ആ വിളികേട്ടതുപോലെ പ്രസാദാത്മകമായ സ്വരത്തിൽ ആത്മാവ് പ്രതികരിച്ചു:

"മക്കളേ, ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്നുണ്ട്. നിങ്ങൾ എനിക്കുവേണ്ടിയും പ്രാർഥിക്കണേ..."

മനുഷ്യരുടെ ദാസനായി ജീവിച്ചുമരിച്ച ദൈവദാസൻ ഫാ. ബ്രൂണോ കണിയാരകത്ത് സി.എം.ഐ. കണ്ടറിഞ്ഞ കാലം മുതൽ ഏവരും സ്നേഹപൂർവം ആത്മാവച്ചൻ എന്നു വിളിക്കുന്ന പുണ്യചരിതൻ. ലളിതമായിരുന്നു ആ ജീവിതം. ഒൻപതു പതിറ്റാണ്ടിലേറെ ഈ ഭൂമിയിൽ പുണ്യം ചെയ്തുജീവിച്ച അദ്ദേഹത്തിന്റെ ആയുസ്സിന്റെ മുക്കാൽപങ്കും സന്ന്യാസത്തിലായിരുന്നു.

മുപ്പതുവർഷം മുമ്പായിരുന്നു അച്ചന്റെ സ്വർഗയാത്ര. തന്റെ ജീവിതസായാഹ്നം ചെലവിട്ട കുര്യനാട് സെന്റ് ആൻസ് ആശ്രമത്തിലായിരുന്നു അന്ത്യം. ഒരു വർഷം മുമ്പ് ദൈവദാസൻ എന്നു വിളിക്കപ്പെട്ട ആ ആത്മീയതേജസ്സിന്റെ കബറിടം സ്ഥിതിചെയ്യുന്ന കുര്യനാട് ആശ്രമംസെമിത്തേരി ഇന്നു പുണ്യഭൂമിയും തീർഥാടനകേന്ദ്രവുമായി മാറിയിരിക്കുന്നു. ദിവസംതോറും അന്യനാടുകളിൽനിന്നുപോലും ഒട്ടേറെപ്പേർ അച്ചന്റെ കബറിടം സന്ദർശിക്കാനും പ്രാർഥിക്കാനുമായി ഇവിടെ എത്തുന്നുണ്ട്.

കൈയിൽ സുഗന്ധമലരുകളും കരളിൽ സുകൃതമഞ്ജരികളുമായി എത്തുന്നവർ എല്ലാം അച്ചന്റെ ആത്മാവിനു സമർപ്പിച്ചു പ്രാർഥിക്കുന്നു. കബറിടം തൊട്ടു ചുംബിച്ച് നേർച്ചപ്പൂവിന്റെ ഒരിതൾ നെഞ്ചോടു ചേർത്തുപിടിച്ച് നന്ദിനിറഞ്ഞ മനസ്സോടെ തിരികെനടക്കുമ്പോൾ മൗനമായി പറയുന്നു:

"ആത്മാവച്ചാ, പോവട്ടെ; ഇനിയും വരാം."

നൂറ്റിയേഴു വർഷംമുമ്പ് പാലാ രൂപതയിലെ രാമപുരം ഇടവകയിൽ കണിയാരകത്ത് ആഗസ്തി – ഏലിയാമ്മ ദമ്പതികളുടെ മകനായി പിറന്ന ദേവസ്യാ, സി.എം.ഐ. സന്ന്യാസസഭയിൽ ചേർന്ന് ബ്രൂണോ അച്ചനായി; പിന്നെ ആത്മാവച്ചനായി; ഇപ്പോൾ ദൈവദാസകിരീടം അണിഞ്ഞുനിൽക്കുന്നു.

ഒരു സാധാരണ വൈദികനായി, അധികമാരാലും അറിയപ്പെടാതെ ജീവിച്ച ആത്മാവച്ചൻ. ജീവിതത്തിന്റെ ശേഷിപ്പുകൾ ഒന്നും ബാക്കിവയ്ക്കാതെ കടന്നുപോയ ആ വലിയ വൈദികനെക്കുറിച്ചുള്ള ഇന്നലെകളുടെ ഓർമകൾ മാത്രമാവും ഇനിയുള്ള കാലത്ത് അദ്ദേഹത്തിന്റെ തിരുശ്ശേഷിപ്പുകൾ.

ഒരു വൈദികൻ എന്തായിരിക്കണമെന്നും എങ്ങനെ സമൂഹത്തിൽ ജീവിക്കണമെന്നും സ്വന്തം ജീവിതത്തിലൂടെ സമൂഹത്തിനു കാണിച്ചുകൊടുത്ത, സ്വയം വഴിയും വഴികാട്ടിയുമായി മാറിയ ശ്രേഷ്ഠവൈദികനായിരുന്നു ബ്രൂണോ അച്ചൻ. പേരിനും പ്രശസ്തിക്കുംവേണ്ടി അദ്ദേഹം ഒന്നും ചെയ്തില്ല; പക്ഷേ, അദ്ദേഹം പ്രവർത്തിച്ചതെല്ലാം മനുഷ്യനന്മയ്ക്കുവേണ്ടിയായിരുന്നു.

ആദ്യം അന്വേഷിക്കേണ്ടതും കണ്ടെത്തേണ്ടതും ദൈവത്തെയല്ല, മനുഷ്യനെയാണെന്നും ആ മനുഷ്യനിലൂടെയേ ദൈവത്തെ കണ്ടെത്താൻ കഴിയൂ എന്നും ആ വലിയ മനുഷ്യൻ സമൂഹത്തെ പഠിപ്പിച്ചു. അദ്ദേഹം വലിയ പ്രഭാഷകനോ വിദ്യാഭ്യാസവിദഗ്ധനോ ഒന്നുമായിരുന്നില്ല. പക്ഷേ, അദ്ദേഹം ചെയ്ത കൊച്ചുകൊച്ചുകാര്യങ്ങൾ, കാണിച്ചുതന്ന ചെറിയ ചെറിയ മാതൃകകൾ ആയിരം പ്രസംഗങ്ങളെക്കാളും നൂറുനൂറു പരീക്ഷണങ്ങളെക്കാളും വിലപ്പെട്ടതായിരുന്നു.

എളിമയുടെ, വിനയത്തിന്റെ, വിധേയത്വത്തിന്റെ, അനുസരണയുടെ ആൾരൂപമായിരുന്നു ആത്മാവച്ചൻ. സ്വന്തം ആത്മാവിനു കുടികൊള്ളുവാൻ മാത്രമുള്ള ശരീരമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. അതിനു മാത്രമുള്ള ഭക്ഷണമേ അദ്ദേഹം കഴിച്ചിരുന്നുള്ളൂ.

പ്രാർഥനയും പാപസങ്കീർത്തനവുമായിരുന്നു ബ്രൂണോ അച്ചന്റെ ജീവിതവ്രതം. തനിക്കുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും ലോകം മുഴുവനുംവേണ്ടിയും പ്രാർഥിക്കുന്ന പ്രാർഥനയുടെ മനുഷ്യൻ. പ്രാർഥിക്കൂ; പശ്ചാത്തപിക്കൂ എന്നു വിലപിച്ചിരുന്ന മനുഷ്യസ്നേഹി.

പാപസങ്കീർത്തനത്തിനായി മണിക്കൂറുകൾതന്നെ ചെലവിട്ടിരുന്നു അദ്ദേഹം. കുമ്പസാരിക്കുന്ന ചെറിയ പാപികൾക്ക് ചെറിയ പ്രായശ്ചിത്തം. കൊടുംപാപികൾക്കു പ്രായശ്ചിത്തം നൽകുമെങ്കിലും അത് ഏറ്റെടുത്തു ചെയ്യുന്നത് പലപ്പോഴും കുമ്പസാരക്കാരനായ അച്ചനാവും. സ്വന്തം വേദനകൾ പോരാഞ്ഞ് മറ്റുള്ളവരുടെ വേദനകൾകൂടി കടമായി ചോദിച്ചുവാങ്ങിയിരുന്ന വിശുദ്ധ അൽഫോൻസാമ്മയെപ്പോലെ ബ്രൂണോ അച്ചനും മറ്റുള്ളവരുടെ പ്രായശ്ചിത്തങ്ങൾകൂടി ഏറ്റെടുക്കുകയായിരുന്നു.

സന്ന്യാസം സ്നേഹസങ്കീർത്തനമാക്കിയ മഹാത്മാവാണ് ആത്മാവച്ചൻ. സ്നേഹത്തോളം വരുന്ന നിധി ജീവിതത്തിൽ വേറെ ലഭിക്കാനില്ലെന്നും സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുമ്പോഴാണ് സ്നേഹം സാർഥകമാവുന്നതെന്നും ആ സ്നേഹഗായകൻ നമ്മെ പഠിപ്പിച്ചു. മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുന്നിടങ്ങളിലാണ് ദൈവം പിറക്കുന്നതെന്ന് തന്റെ എളിയ സന്ന്യാസജീവിതത്തിലൂടെ അദ്ദേഹം കാണിച്ചുതന്നു. ജീവിക്കുക; ജീവിക്കാൻ അനുവദിക്കുക എന്നതാണ് ജീവിതതത്ത്വം. എന്നാൽ, സ്വന്തം കാര്യത്തിൽ ജാഗ്രത കാണിക്കുന്നവർ മറ്റുള്ളവരുടെ കാര്യത്തിൽ പലപ്പോഴും ഉദാസീനരാവുകയാണു പതിവ്. ഇതു ശരിയല്ലെന്നും ആരുടെയും ജീവിതത്തിന് ഒരേ വിലയേ ഉള്ളൂവെന്നും ഒരു തത്ത്വചിന്തകനെപ്പോലെ അദ്ദേഹം സമൂഹത്തെ ഉപദേശിച്ചിരുന്നു. ചെറിയ ചെറിയ കാര്യങ്ങൾ ചെയ്താലും ലഭിക്കുക വലിയ വലിയ നേട്ടങ്ങളാവുമെന്ന് അച്ചൻ പറയുമായിരുന്നു.

ആരോടും ഒന്നിനോടും പരാതിയില്ലാത്ത പരിപൂർണ സന്ന്യാസിയായിരുന്നു ബ്രൂണോ അച്ചൻ. അറുപത്തിയേഴു വർഷത്തെ സന്ന്യാസജീവിതത്തിൽ ഒരിക്കലെങ്കിലും ആരോടെങ്കിലും പരാതി പറയുകയോ പരിഭവപ്പെടുകയോ ചെയ്തിട്ടില്ലെന്ന് അച്ചനെ അടുത്തറിയാവുന്നവർ സാക്ഷ്യപ്പെടുത്തുന്നു. പ്രാർഥനയായിരുന്നു ബ്രൂണോ അച്ചന്റെ കൈമുതൽ. ആര്, എപ്പോൾ ആവശ്യപ്പെട്ടാലും അവർക്കുവേണ്ടി പ്രാർഥിക്കാൻ പ്രാർഥനയുടെ ആ ദാസൻ സന്നദ്ധനായിരുന്നു. കൊച്ചുകുട്ടികൾ ഉൾപ്പെടെയുള്ളവർ അദ്ദേഹത്തോട് പ്രാർഥനാസഹായം തേടിയെത്തുമായിരുന്നു.

ലാളിത്യമായിരുന്നു ആത്മാവച്ചന്റെ ജീവിതശൈലി. അലങ്കാരങ്ങളിൽനിന്നും ആഡംബരങ്ങളിൽനിന്നും അദ്ദേഹം അകന്നുനിന്നു. ശരീരമോ സൗന്ദര്യമോ അല്ല ആത്മാവാണു വലുതും അമൂല്യവുമെന്ന് ആത്മാവച്ചൻ സമൂഹത്തെയും സന്ന്യസ്തരെയും ഓർമപ്പെടുത്തി. ജീവിതത്തിൽ സമ്പൂർണസംതൃപ്തനായിരുന്നു ബ്രൂണോ അച്ചൻ.

"എല്ലാം ദൈവതിരുമനസ്സ്; അതിനനുസരിച്ച് എല്ലാം നിറവേറി. എനിക്കു ജീവിതത്തിൽ സന്തോഷമായിരുന്നു. ദുഃഖങ്ങളും ഉണ്ടായിട്ടുണ്ട്. ജീവിതം അങ്ങനെയാണല്ലോ. സന്ന്യാസവും അങ്ങനെതന്നെ." ഒരു അഭിമുഖത്തിൽ ബ്രൂണോ അച്ചൻ പറഞ്ഞു.

മൗനത്തിന്റെ മഹത്ത്വമറിഞ്ഞ താപസനായിരുന്നു ആത്മാവച്ചൻ. അദ്ദേഹം ആരോടും അധികം സംസാരിക്കാറില്ലായിരുന്നു. ആവശ്യത്തിനുമാത്രം പറയും; അതും ഉപദേശരൂപത്തിൽ. അധികം കേൾക്കാനോ പറയാനോ ഇഷ്ടപ്പെട്ടിരുന്നില്ല. പ്രാർഥനയ്ക്കായിരുന്നു എപ്പോഴും എവിടെയും മുൻഗണന. അച്ചന്റെ ദീർഘമായ സന്ന്യാസജീവിതം കുമ്പസാരക്കൂട്ടിലും അൾത്താരയ്ക്കു ചുവട്ടിലുമായാണ് ചെലവഴിച്ചത്. ആ ജീവിതത്തിലൂടെ നമ്മെ പഠിപ്പിച്ചത് 'തിന്മ ചെയ്യാതിരിക്കുക, ആവുന്നത്ര നന്മകൾ ചെയ്യുക' എന്ന തത്ത്വമാണ്.

ഈ ലോകത്തിൽ ചെറിയവനായി, മനുഷ്യരുടെ ദാസനായി ജീവിച്ചു മരിച്ച ആത്മാവച്ചൻ മടങ്ങിവന്നിരിക്കുന്നു; വലിയവനായി, ദൈവത്തിന്റെ ദാസനായി. ബലിഷ്ഠമായ ആ കരങ്ങളിൽ കരുണയുടെ പൂക്കളുണ്ട്. ഹൃത്തടത്തിൽ പ്രാർഥനയുടെ കരുത്തുണ്ട്. മനുഷ്യനെ സ്നേഹിച്ച, അവനുവേണ്ടി പ്രാർഥിച്ച പുണ്യവാനച്ചനെ ദൈവം വാഴ്ത്തപ്പെട്ടവരുടെയും വിശുദ്ധരുടെയും ഗണത്തിലേക്ക് ഉയർത്തുന്ന നാളുകൾക്കായി നമുക്കു പ്രാർഥിക്കാം; കാത്തിരിക്കാം.

■

# അവൾ യാചിച്ചു; അവൻ ഉത്തരമരുളി



ജോസ് വഴുതനപ്പിള്ളി

**കാ**നായിലെ വിവാഹവിരുന്നു സമയത്തു വീഞ്ഞുതീർന്നപ്പോൾ അമ്മ മേരി മകനോടു പറഞ്ഞു, ആ കുടുംബത്തെ മാനഹാനിയിൽനിന്നു രക്ഷിക്കാൻ. അദ്ഭുതങ്ങൾ പ്രവർത്തിച്ചുതുടങ്ങാൻ ഇനിയും സമയമായിട്ടില്ലെന്നാണ് യേശു കരുതിയത്. എന്തിനാണ് എന്നെ ഇതിൽ ഇടപെടുത്തുന്നത് എന്നാണ് അവിടുന്നു ചോദിച്ചത്. ഒടുവിൽ അമ്മ മേരി തന്റെ മകന്റെ മനസ്സു മാറ്റിയെടുക്കുന്നു. ആചാരത്തിന്റെ ഭാഗമായി ശരീരശുദ്ധിക്കായി വച്ചിരുന്ന ആറു കൽഭരണികൾ അവിടെ ഉണ്ടായിരുന്നു. അതിലൊക്കെ വെള്ളം നിറച്ചു കൊണ്ടുവരാൻ അവിടുന്ന് ആജ്ഞാപിക്കുന്നു. അത് കലവറക്കാരനെ ഏല്പിക്കുന്നു. കലവറക്കാരനെ അദ്ഭുതപ്പെടുത്തിയകാര്യം വെള്ളം ഒന്നാംതരം വീഞ്ഞായി രൂപാന്തരം പ്രാപിച്ചു എന്നതായിരുന്നു. സാധാരണ അതിഥികൾക്ക് എല്ലാവരും നല്ല വീഞ്ഞ് ആദ്യം വിളമ്പും. ലഹരി പിടിച്ചുകഴിയുമ്പോൾ മോശം വീഞ്ഞും. ഇവിടെയാകട്ടെ ഒന്നാംതരം വീഞ്ഞാണ് അവസാനം വരെ വിളമ്പുന്നത്. അങ്ങനെ മനുഷ്യപുത്രന്റെ ആദ്യത്തെ അദ്ഭുതം നടന്നു. അതിനു കാരണമായത് അമ്മ മേരിയുടെ നിർബന്ധപൂർവമായ ഇടപെടലാണെന്നു നമുക്കറിയാം.

**ഏലിയാപ്രവാചകനും വിധവയും**

പഴയനിയമത്തിൽ പട്ടിണിപ്പാവമായ ഒരു പാവം വിധവയുടെ കഥയുണ്ട്. സറേഫാത് എന്നൊരു സ്ഥലത്താണു സംഭവം. നല്ല വേനലിൽ അവിടത്തെ അരുവി ഉണങ്ങിവരണ്ടു. പർവതനിരകളിൽ മഴ പെയ്യാതിരുന്നതാണു പ്രശ്നമായത്. അങ്ങനെയിരിക്കുമ്പോഴാണ് ഏലിയായോട് ദൈവം അവിടേക്കു പോകാൻ കല്പിക്കുന്നത്. അവിടെയുള്ള ഒരു പാവപ്പെട്ട വിധവയോട് ഏലിയായ്ക്കുവേണ്ട ഭക്ഷണം നല്കാൻ ഏർപ്പാടുചെയ്തിരുന്നു. ഗ്രാമത്തിൽ ചെല്ലുമ്പോൾ അവിടെ വിറകുചില്ലകൾ ശേഖരിക്കുന്ന ഒരു വിധവയെ ഏലിയാ കണ്ടു. കുടിക്കാൻ കുറെ വെള്ളവും ഭക്ഷിക്കാൻ റൊട്ടിയും ചോദിച്ചു. ഇതുകേട്ട വിധവ പറഞ്ഞു: റൊട്ടി തരാൻ യാതൊരു നിർവാഹവുമില്ല. ഭരണിയുടെ മൂട്ടിൽ ഒരല്പം ധാന്യമാണു ബാക്കി. പാത്രത്തിൽ കുറച്ചുമാത്രം എണ്ണയും. ഈ വിറകുകൊണ്ട് ഞാൻ പോയി ഭക്ഷണം പാചകം ചെയ്യട്ടെ. ഞാനും എന്റെ മകനും ഞങ്ങളുടെ അവസാനത്തെ ഭക്ഷണം കഴിച്ചു മരിക്കാൻ ഒരുങ്ങുകയാണ്.

ഇതുകേട്ട് ഏലിയാ അവളെ സാന്ത്വനപ്പെടുത്തി: നീ ഒരു കാര്യം ചെയ്യുക. നീ ആദ്യം എനിക്കൊരു കൊച്ചുറൊട്ടി ചുട്ടെടുക്കുക. ബാക്കിയുള്ളതുകൊണ്ട് നിങ്ങൾക്കുള്ളതു തയ്യാറാക്കുക. ഇസ്രായേലിന്റെ ദൈവം കല്പിച്ചരുളിയിരിക്കുന്നു, ഇനി ഒരു മഴ പെയ്യുന്നതുവരെ ഈ ഭരണിയിലെ ധാന്യവും പാത്രത്തിലെ എണ്ണയും തീരുകയില്ല. വിധവ ഏലിയാ പറഞ്ഞതുപോലെതന്നെ ചെയ്തു. അദ്ഭുതം! എത്രയോ പ്രാവശ്യം റൊട്ടി ഉണ്ടാക്കിയിട്ടും ധാന്യവും എണ്ണയും തീർന്നില്ല. വിധവയ്ക്കും മകനും ഏലിയായ്ക്കും അങ്ങനെ ആ ക്ഷാമകാലത്തും സുഭിക്ഷമായി ഭക്ഷിക്കാൻ സാധിച്ചു.

വയലുകൾ ഉണങ്ങിവരണ്ടു ഭക്ഷിക്കാൻ ഒന്നുമില്ലാത്ത അവസ്ഥയിൽ പാവം വിധവ നിരാശയിലായിരുന്നെങ്കിലും പിന്നീടവൾ ദൈവവചനത്തിൽ പൂർണമായി വിശ്വസിക്കുന്നു. പുണ്യയോഗ്യതകൾ നിറഞ്ഞ അത്തരം ധാരാളം വനിതകളെ നാം ബൈബിളിൽ കണ്ടെത്തുന്നുണ്ട്.

**ഹന്നായുടെ പ്രാർത്ഥന**

അതീവദുഖത്തിലായിരുന്നു ഹന്നാ. അവൾ ദൈവത്തോട് അപേക്ഷിക്കുമ്പോഴൊക്കെ കണ്ണുകൾ നിറഞ്ഞൊഴുകുമായിരുന്നു. ദൈവത്തിങ്കലേക്കു മനസ്സിനെ ഉയർത്തി അവൾ ഉള്ളുരുകി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. "ദൈവമേ, എന്റെ ദുഃഖം കാണണമേ. എന്റെ പ്രാർഥന കേൾക്കണമേ. എനിക്കു നീയൊരു പുത്രനെ തരൂ. പ്രായപൂർത്തിയാകുമ്പോൾ ഞാൻ അവനെ നിനക്കുതന്നെ തിരിച്ചുതരാം. അവൻ ജീവിതകാലം മുഴുവൻ നിന്റെ പാദസേവ ചെയ്യും. സമർപ്പിതൻ എന്നറിയിക്കുവാൻ അവൻ മുടി വളർത്തും."

ഇതു കണ്ടുനിന്ന പുരോഹിതൻ തെറ്റിദ്ധരിച്ചു. ചുണ്ടുകൾ അനങ്ങുന്നുണ്ടെങ്കിലും ശബ്ദമൊന്നും കേൾക്കാനില്ല. അവൾ മദ്യപിച്ചുവന്നതായിരിക്കും.

"അയ്യോ! എന്നെ തെറ്റുദ്ധരിക്കല്ലേ. ഞാൻ ഏറെ വിഷമത്തിലാണ്. ദുഖാർത്തയായ ഞാൻ ഉള്ളുരുകി പ്രാർഥിക്കുകയായിരുന്നു. ഒരു കുഞ്ഞിനുവേണ്ടി അപേക്ഷിക്കുകയായിരുന്നു." അപ്പോൾ ആ പുരോഹിതൻ മൊഴിഞ്ഞു: "എങ്കിൽ നീ സമാധാനത്തോടെ പോകുവിൻ. ദൈവം നിന്റെ പ്രാർഥന ശ്രവിച്ചിരിക്കുന്നു."

മുട്ടിപ്പായി പ്രാർഥിച്ചതിനൊടുവിൽ ഫലമുണ്ടായി. അവൾക്കു ദൈവം ഒരു ഓമനക്കുഞ്ഞിനെ നൽകി അനുഗ്രഹിച്ചു. അക്ഷീണം, അവിരാമം വീണ്ടും വീണ്ടും പ്രാർഥിച്ചപ്പോഴാണ്, ദൈവത്തിൽ നിരന്തരം ശരണം പ്രാപിച്ചപ്പോഴാണ് സ്വർഗം തുറന്നത്. തോൽക്കാൻ അവൾക്കു മനസ്സുണ്ടായിരുന്നില്ല.

**നെയ്നിലെ വിധവ**

കഫർണാമിൽനിന്ന് 25 മൈൽ അകലെയുള്ള നെയിൻ എന്ന ഗ്രാമത്തിലേക്കാണ് യേശുവും ശിഷ്യന്മാരും പോയത്. ലൂക്കാ 7:12 ൽ നാം ഈ സംഭവം വായിക്കുന്നുണ്ട്. പ്രധാനകവാടത്തിൽ എത്തിയപ്പോഴേക്കും ശബ്ദമുഖരിതമായി അന്തരീക്ഷം. വലിയ ഒച്ചപ്പാടും ബഹളവുമായിരുന്നു. പെട്ടെന്നാണ് ഒരു മൃതദേഹവുംപേറി ഒരു സംഘമാളുകൾ വരുന്നതു കണ്ടത്. അതോടെ ഒച്ചപ്പാടും അവസാനിച്ചു. ജനം നിശ്ശബ്ദരായി ആ കാഴ്ച കണ്ടുനിന്നു. മരിച്ച യുവാവിന്റെ അമ്മ കരഞ്ഞുകൊണ്ട് ശവമഞ്ചത്തിനു പിന്നാലെയുണ്ടായിരുന്നു. മരിച്ചത് ആ വിധവയുടെ ഏക ആശ്രയമായിരുന്ന പുത്രനായിരുന്നു. ഇനി അവൾക്കു താങ്ങും തണലുമായി ആരുമില്ല.

അവളുടെ ദുഃഖം പൂർണമായും ഉൾക്കൊള്ളാൻ യേശുവിനു കഴിഞ്ഞു. അവിടുന്ന് അവളെ നോക്കി. എന്നിട്ടു പറഞ്ഞു: "നീ കരയേണ്ട." വലിയ അനുകമ്പയോടും ഹൃദയാർദ്രതയോടുംകൂടി അവൻ അവളുടെ അടുത്തേക്കു ചെന്നു. അപ്പോഴേക്കും എല്ലാവരും നിശ്ശബ്ദരായി. ഒരു യഹൂദപുരോഹിതനും ഒരു ശവശരീരത്തിൽ തൊടാറില്ല. ഇവിടെ ഇതാ യേശു അവനെ സ്പർശിക്കുന്നു. എന്നിട്ട് അവനോട് എഴുന്നേൽക്കുവാൻ കല്പിക്കുന്നു. മരിച്ചവൻ അവന്റെ സ്വരം കേട്ടു. അവൻ അനുസരിച്ചു. എന്നിട്ട് എഴുന്നേറ്റിരുന്നു സംസാരിക്കാൻ തുടങ്ങി. നിരാലംബയായ ആ വിധവയുടെ ദുഃഖരോദനം അവൻ കേട്ടു. അവളുടെ തേങ്ങലുകളിൽ ആശ്വാസമേകാൻ ഈശോ വന്നു.

**രക്തസ്രാവക്കാരി**

ലൂക്കാ 8:43 ൽ നാം പന്ത്രണ്ടുവർഷമായി കഷ്ടപ്പെടുന്ന ഒരു രക്തസ്രാവക്കാരിയെപ്പറ്റി വായിക്കുന്നു. ഒട്ടേറെ പണം ചെലവഴിച്ച് അവൾ പലയിടങ്ങളിലും ചികിത്സ തേടിയെങ്കിലും ഫലമൊന്നുമുണ്ടായില്ല. ആൾക്കൂട്ടത്തിനിടയിലൂടെ നടന്നുചെന്ന് അവൾ യേശുവിന്റെ വസ്ത്രാഞ്ചലത്തിൽ സ്പർശിച്ചു. തത്ക്ഷണം അവളുടെ രക്തസ്രാവം നിലച്ചു അവൾ സുഖപ്പെട്ടു. യേശു ചോദിച്ചു: "ആരാണെന്നെ സ്പർശിച്ചത്?" അപ്പോൾ പത്രോസ് പറഞ്ഞു: "ഈ തിക്കിലും തിരക്കിലും ആരു തൊട്ടു എന്നെങ്ങനെ പറയാനാകും?" "ആരോ എന്നെ സ്പർശിച്ചിരിക്കുന്നു. എന്നിൽനിന്നു ശക്തി പ്രവഹിച്ചു എന്നു ഞാൻ അറിയുന്നു." സ്വയം മറയ്ക്കാൻ ആവില്ലെന്നു മനസ്സിലാക്കി അവൾ വേപഥുപൂണ്ട് യേശുവിന്റെ മുമ്പിലേക്കു വന്ന് അവന്റെ കാൽപാദങ്ങളിലേക്കു വീണു. താൻ എന്തിനാണു സ്പർശിച്ചതെന്നും പൂർണമായി സൗഖ്യംപ്രാപിച്ച കാര്യവും അവൾ പറഞ്ഞു. 'മകളേ, നിന്റെ വിശ്വാസം നിന്നെ സുഖപ്പെടുത്തിയിരിക്കുന്നു; നീ സമാധാനത്തോടെ പോകുവിൻ' എന്നു പറഞ്ഞ് യേശു അവളെ പറഞ്ഞയച്ചു.

യേശുവിന്റെ വസ്ത്രങ്ങളിൽ തൊടാൻപോലും ഭയപ്പെട്ടിരുന്ന അവൾക്കു പക്ഷേ, വിശ്വാസമുണ്ടായിരുന്നു. ദൈവത്തിന് അസാധ്യമായത് ഒന്നുമില്ല. അങ്ങനെയാണവൾ ആ വലിയ സാഹസത്തിനൊരുങ്ങിയത്. ആ അടിയുറച്ച വിശ്വാസം അവളെ രക്ഷിക്കുകയും ചെയ്തു.

**നീതിരഹിതനായ ന്യായാധിപൻ**

ഒരിക്കൽ ഒരിടത്ത് ഒരു ന്യായാധിപനുണ്ടായിരുന്നു. അയാൾക്കു ദൈവഭയമോ നീതിബോധമോ ഉണ്ടായിരുന്നില്ല. ആ നാട്ടിലെ ഒരു പാവം വിധവ ഏറെക്കാലമായി ന്യായത്തിനായി അപേക്ഷിച്ചുകൊണ്ടിരുന്നു. പക്ഷേ, ഇതൊന്നും ഈ ന്യായാധിപൻ തെല്ലും ശ്രദ്ധിച്ചതേയില്ല. വിധവ വീണ്ടും വീണ്ടും തന്റെ ആവശ്യമുണർത്തിച്ചുകൊണ്ടിരുന്നു. ഒടുവിൽ, ഈ വിധവയുടെ നിരന്തരമായ ശല്യം ഒഴിവാക്കാനായി അയാൾ നീതി നടപ്പാക്കിക്കൊടുക്കുന്നു. ഒരുപക്ഷേ, ഈ ന്യായാധിപന്റെ മനസ്സൊന്നു മാറ്റിയെടുക്കാൻ അവൾ ദൈവത്തോടു പ്രാർഥിച്ചിരുന്നിരിക്കും. നീതിബോധം തൊട്ടുതീണ്ടാത്ത ഒരു ജഡ്ജിക്കുപോലും വിധവയുടെ യാചന കേൾക്കേണ്ടിവന്നു. അപ്പോൾ നീതിമാനായ ദൈവം നമ്മുടെ പ്രാർഥനകൾ കേൾക്കാതെ വരുമോ?

മർക്കോസ് 24:7 ൽ പിശാചുബാധിച്ച മകളെ രക്ഷിക്കാനായി ഒരു കാനാൻകാരി യേശുവിനെ സമീപിക്കുന്നു. ഇസ്രായേൽമക്കൾക്കുള്ള അപ്പങ്ങൾ നായകൾക്കു മുമ്പിൽ എറിഞ്ഞുകളയാനാവില്ലെന്നു പറഞ്ഞിട്ടും അവൾ നിരാശപ്പെടുന്നില്ല. മേശപ്പുറത്തുനിന്നു വീഴുന്ന അപ്പക്കഷണങ്ങൾകൊണ്ടും നായകൾ ജീവിക്കുന്നില്ലേ എന്നാണവൾ ചോദിച്ചത്. ഒടുവിൽ യേശു പറയുന്നു, നിന്റെ ആഗ്രഹം നിറവേറട്ടെ എന്ന്.



ആ സ്ത്രീയുടെ നിശ്ചയദാർഢ്യത്തിനു മുമ്പിൽ യേശുവിനു സമ്മതംമൂളേണ്ടിവന്നു. ഒടുവിൽ പുറംജാതിക്കാരെ മുഴുവൻ രക്ഷയുടെ മാർഗത്തിലെത്തിക്കാനും യേശു സമ്മതിക്കുന്നു.

സന്തതസഹചാരിയായിരുന്ന മറിയം മഗ്ദലേന യേശുവിന്റെ കുരിശിന്റെ വഴിയിൽ അവനെ അനുഗമിക്കുന്നുണ്ട്. ക്രൂരന്മാരായ റോമാക്കാരുടെ മുമ്പിൽ യേശുവിനോട് എന്തെങ്കിലും സഹതാപം കാണിക്കുന്നത് അപകടമാണെന്ന് അറിയാമായിരുന്നിട്ടും അവൾ തന്റെ കടമകൾ ചെയ്യുന്നു. മൂന്നാംനാൾ ആദ്യമായി പ്രത്യക്ഷപ്പെടുന്നതും അവൾക്കുമുമ്പിലാണ്. യേശു ഉയിർത്തെണീറ്റുവെന്നു ലോകത്തോടാദ്യമായി പ്രഖ്യാപിക്കാൻ അവൾക്കു ഭാഗ്യം ലഭിച്ചതും അങ്ങനെയാണ്.

**സ്ത്രീ ശക്തിമതിയാണ്**

നിശ്ചയദാർഢ്യമുള്ള, മനോബലമുള്ള കുടുംബിനികൾ കുടുംബത്തിന്റെ കെടാവിളക്കാണ്. സത്യവിശ്വാസത്തിന്റെ അടിത്തറയിട്ടുകൊണ്ട് മക്കളെ നല്ല വഴിക്കു തിരിക്കുന്ന അമ്മമാരാണ് കുടുംബങ്ങളുടെ അനുഗ്രഹമാകുന്നത്. മോനിക്കാപ്പുണ്യവതിയുടെ നിരന്തരമായ പ്രാർഥനകളായിരുന്നു സെന്റ് അഗസ്റ്റിനെ നല്ല വഴി തേടാൻ സഹായിച്ചത്. നല്ല അമ്മമാർ ധാരാളമായി കുടുംബങ്ങളിൽ ഉണ്ടാവാൻ നമുക്കു പ്രാർഥിക്കാം.

■

# നമുക്കിടയിലെ ചില പുരുഷന്മാർ അഥവാ ഭർത്താക്കന്മാർ




മുന്നൊരുക്കങ്ങൾ ആവശ്യമില്ലാതെ ഏർപ്പെടാൻ കഴിയുന്ന ഒരു വ്യവസ്ഥിതിയാണോ കുടുംബം? ഒരു ഡോക്ടറാകാൻ, വക്കീലാകാൻ, വൈദികനോ സന്ന്യാസിനിയോ ആകാൻ എന്തിനേറെ, ഒരു ലാബ് ടെക്നീഷ്യനോ ഡ്രൈവറോ അധ്യാപകനോ ഒക്കെയാകാൻ നിശ്ചിതകാലത്തെ പരിശീലനവും അതിനെ അടിസ്ഥാനമാക്കി നടത്തുന്ന പരീക്ഷയിലുള്ള വിജയവും അത്യാവശ്യമാണ്. പക്ഷേ, അത്തരത്തിലുള്ള യാതൊരുവിധ ഒരുക്കങ്ങളുമില്ലാതെ, തയ്യാറെടുപ്പുകളില്ലാതെയാണ് ഇന്ന് വിവാഹം എന്ന അതിപ്രധാനപ്പെട്ട ഒരു ഉടമ്പടിയിലേക്കു ഭൂരിപക്ഷം ചെറുപ്പക്കാരും പ്രവേശിക്കുന്നത്.

കത്തോലിക്കർക്കിടയിലുള്ള വിവാഹ ഒരുക്ക സെമിനാർ മാത്രമാണ് ഇതിന് അപവാദമായിട്ടുള്ളത്. അതും രണ്ടോ മൂന്നോ ദിവസം മാത്രം. അതിൽനിന്ന് എന്തു മനസ്സിലാക്കാൻ? റോഡിലിറങ്ങി വണ്ടിയോടിക്കുമ്പോൾ മാത്രമാണല്ലോ ഒരു ഡ്രൈവറുടെ മികവു വെളിവാകുന്നത്. ഓടിക്കാത്ത വണ്ടിയിലിരിക്കുമ്പോൾ അയാളുടെ മികവും കരുതലും ആർക്കും മനസ്സിലാവാതെ പോകും.

പൊതുനിരത്തിൽ പാലിക്കേണ്ട മര്യാദകളും ഡ്രൈവിങ്ങിനെ സംബന്ധിച്ച നിയമങ്ങളും അയാൾ തീർച്ചയായും മനസ്സിലാക്കിയിരിക്കണം. അതുകൂടി മനസ്സിലായിക്കഴിഞ്ഞാൽ മാത്രമേ അയാൾ എന്തുമാത്രം മികച്ച ഡ്രൈവറാണെന്നു പറയാൻ കഴിയൂ.

ദാമ്പത്യജീവിതത്തിന്റെ കാര്യവും ഇങ്ങനെ തന്നെയാണ്. അതിലേക്കു പ്രവേശിക്കാൻ തീരുമാനിച്ചിരിക്കുന്ന ഒരാൾ അത്യാവശ്യം ചില കാര്യങ്ങളൊക്കെ മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്. ഇണയോടുള്ള ആരോഗ്യപരമായ സമീപനം, കുടുംബജീവിതത്തിന്റെ ലക്ഷ്യം തിരിച്ചറിയൽ, പരസ്പരം ബഹുമാനിക്കേണ്ടതിന്റെ ആവശ്യകത, ഒരേപോലെയുള്ള ലൈംഗികാഭിരുചി, പങ്കാളിക്കു നല്കുന്ന സ്വാതന്ത്ര്യം, തുല്യത... ഇവയെല്ലാം ദാമ്പത്യജീവിതത്തിന്റെ വിജയം ഉറപ്പാക്കുന്ന ചില അടിസ്ഥാനഘടകങ്ങളാണ്. ഇവയിലേതെങ്കിലും ഒന്നിൽ അറിവു കുറയുമ്പോൾ അല്ലെങ്കിൽ ഇണയെ പരിഗണിക്കാനോ മനസ്സിലാക്കാനോ ഉള്ള കഴിവില്ലാതാകുമ്പോൾ, ഏകപക്ഷീയമായ ലൈംഗികത അടിച്ചേല്പിക്കുമ്പോൾ കുടുംബജീവിതം അസ്വസ്ഥമാകും. പങ്കാളികളിൽ ഒരാളുടെ ഈഗോയും സ്വാർഥതയും വൃത്തികേടുകളും ലൈംഗികാരാജകത്വവും കുടുംബജീവിതത്തിന്റെ കെട്ടുറപ്പു ദുർബലമാക്കും.

മലയാളത്തിൽ സാമ്പത്തികവിജയമുൾപ്പെടെ കരസ്ഥമാക്കി ശ്രദ്ധേയമായ ചില സിനിമകളിലെ നായകന്മാരെ അപഗ്രഥിക്കുമ്പോൾ ഇക്കാര്യമാണു മനസ്സിലാവുന്നത്. വെറുതെ ഒരു ഭാര്യ എന്ന അക്കു അക്ബറിന്റെ സിനിമയിലെ സുഗുണൻ എന്ന നായകൻ തന്നെയാവട്ടെ ആദ്യം.

ഓവർസീയറായ അയാൾ ഭാര്യ ബിന്ദുവിനെ ഒരു ലൈംഗികോപകരണം മാത്രമായിട്ടാണു കാണുന്നത്. കുടുംബത്തിൽ തന്റെ സന്തോഷങ്ങൾക്കപ്പുറം ബിന്ദുവിന്റെ സന്തോഷങ്ങൾ അയാളെ സംബന്ധിച്ചിടത്തോളം അപ്രധാനമാണ്. അവൾക്കിഷ്ടപ്പെട്ട വസ്ത്രം ധരിക്കാനോ എന്തിനേറെ രോഗിയായ സ്വന്തം അമ്മയെ ചെന്നുകാണാനോപോലുമുള്ള സ്വാതന്ത്ര്യം അവൾക്കില്ല. അടുക്കളജോലി മുഴുവൻ ഒറ്റയ്ക്കു നിർവഹിച്ച് പരമ്പരാഗത സ്ത്രീ-കുടുംബിനിസങ്കല്പങ്ങളുടെ വാർപ്പുമാതൃകയിൽ ജീവിക്കുന്ന അവൾ ഭർത്താവുമായി രതി പങ്കിടുന്നതുപോലും അയാൾക്കുവേണ്ടി മാത്രമായിട്ടാണ്.

പുരുഷകേന്ദ്രീകൃതമായ അടിച്ചമർത്തൽനയം ഇങ്ങനെ സമർഥമായി നടപ്പാക്കി കുടുംബം വിജയിപ്പിച്ചെടുക്കാൻ ശ്രമിക്കുകയാണ് സുഗുണൻ. അതുകൊണ്ടാണ് അയാളോട് ഒരിക്കൽ അമ്മായിയച്ഛൻ ചോദിക്കുന്നത്, യാതൊരു ഗുണവുമില്ലാത്ത നിനക്ക് ആരാടാ സുഗുണൻ എന്നു പേരിട്ടിരിക്കുന്നതെന്ന്.

ഭാര്യയുടെ എല്ലാവിധ അധ്വാനത്തെയും വില കുറച്ചുകാണുന്ന അയാൾ കരുതുന്നത് അവളില്ലെങ്കിലും കുടുംബത്തിൽ ഒരു കുറവും സംഭവിക്കില്ലെന്നാണ്. ഏറെനാളായി അനുഭവിക്കുന്ന അടിമത്തത്തിനു പിന്നിലെ സംഘർഷത്തിനൊടുവിൽ അയാളെ വിട്ട് ബിന്ദു സ്വന്തം വീട്ടിലേക്കു പോകുന്നു. ബിന്ദുവിന്റെ അഭാവത്തിൽ മകളുടെ ഭാവിപോലും അപകടാവസ്ഥയിലെത്തുന്നുവെന്ന് അയാൾ മനസ്സിലാക്കുകയും എത്ര ശ്രമിച്ചിട്ടും തനിക്കു ഭാര്യയുടെ അഭാവം പരിഹരിക്കാനാവില്ലെന്നു തിരിച്ചറിയുകയും ആത്മസംഘർഷങ്ങളുടെയൊടുവിൽ അയാൾക്കു സമനിലതന്നെ തെറ്റിത്തുടങ്ങുകയും ചെയ്യുന്നു.

എല്ലാ സോദ്ദേശ്യസിനിമകളിലുമെന്നപോലെ വെറുതെയല്ല ഭാര്യ എന്ന് സുഗുണൻ തിരിച്ചറിയുന്നിടത്താണ് സിനിമ അവസാനിക്കുന്നത്. വെറുതെ ഭാര്യ മാത്രമല്ല ഭർത്താവും എന്ന് ഇതിനോടു ചേർത്തു വായിക്കണം.

ഇണയെ പരിഗണിക്കാൻ കഴിയാത്ത, മനസ്സിലാക്കാൻ തയ്യാറല്ലാത്ത, ആദരിക്കാനും സ്നേഹിക്കാനും മനസ്സില്ലാത്ത ഒരാൾക്ക് ഒരു നല്ല പങ്കാളിയാകാൻ കഴിയില്ല. അത് പുരുഷനായാലും സ്ത്രീയായാലും. പരസ്പരബഹുമാനവും അംഗീകാരവുമാണ് ദാമ്പത്യജീവിതം വിജയിപ്പിക്കുന്നതിലെ പ്രധാന ഘടകം. അടിസ്ഥാനപരമായ ഈ ഗുണം ഇല്ലാത്ത രണ്ടുപേർ തമ്മിലുള്ള കുടുംബജീവിതം അസ്വസ്ഥതയുടെ പുകപടലങ്ങളായിരിക്കും സമ്മാനിക്കുന്നത്.



ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ എന്ന സിനിമയിലെ പേരില്ലാത്ത നായകൻ സ്വഭാവഗുണംകൊണ്ട് സുഗുണന്റെ ചേട്ടനോ അനിയനോ ഒക്കെയായി വരും. കാരണം, ഭാര്യയുടെ അധ്വാനത്തെ അയാൾ സുഗുണനെപ്പോലെ വകവയ്ക്കുന്നില്ലെന്നു മാത്രമല്ല വില കുറച്ചാണു കാണുന്നതും. മൂന്നുപേർ മാത്രമുള്ള ഒരു കുടുംബത്തിൽ നായികയുടെ അടുക്കളജോലിസംബന്ധമായ കാര്യങ്ങളിൽ കുറെയേറെ അതിശയോക്തി കലർന്നിട്ടുണ്ടെങ്കിലും അയാളുടെ പൊതുസമീപനം ഭാര്യയെ വീട്ടുജോലിക്കാരിയായി മാത്രം കാണുന്നുവെന്നതാണ്. അവളുടെ വീക്ഷണത്തിൽ കാര്യങ്ങൾ കാണാൻ, അവളെയൊന്നാശ്വസിപ്പിക്കാൻ, പോട്ടെയെന്നു പറയാൻ, അവളുടെ സ്വപ്നങ്ങൾക്കു കൂട്ടിരിക്കാൻ അയാൾ തയ്യാറാകുന്നില്ല. ഏതുനേരവും തിരക്കിട്ടു ജോലി ചെയ്തു നടക്കുകയാണ് അവൾ. ആ തിരക്കിനിടയിൽ അയാൾക്ക് അവളെ ആവശ്യമായി വരുന്നത് കിടപ്പറയിൽ മാത്രമാണ്.

എന്നാൽ, സെക്സിനൊപ്പം ഫോർപ്ലേകൂടിയാവാം എന്ന അവളുടെ നിർദേശം അയാളുടെ ആണഹന്തയ്ക്ക് ഏല്പിക്കുന്നത് കനത്ത ആഘാതമാണ്. ഇതൊക്കെ അറിയാം അല്ലേ എന്ന അയാളുടെ ചോദ്യത്തിൽ പലതരത്തിലുള്ള മുനകളുമുണ്ട്. അധ്യാപകനായ അയാൾ സൽസ്വഭാവിയാണ്. മാതാപിതാക്കന്മാരെ സ്നേഹിക്കുന്നവനാണ്. വിശ്വാസിയാണ്, ജനകീയവിഷയങ്ങളിൽ ഇടപെടുന്നവനും സമൂഹജീവിയുമാണ്.

പക്ഷേ, ഭർത്താവ് എന്ന പദവിയിലെത്തുമ്പോൾ അയാൾ പരാജയപ്പെടുന്നു. അതായത്, ഭാര്യ ആഗ്രഹിക്കുന്ന രീതിയിലുള്ള പരിഗണന കൊടുക്കുന്ന ഒരു ഭർത്താവാകാൻ അയാൾക്കു കഴിയുന്നില്ല. ദാമ്പത്യബന്ധത്തിലെ വലിയൊരു അപചയംതന്നെയാണിത്. ഭർത്താവ് എത്ര സൽഗുണസമ്പന്നനായിരുന്നാലും തന്നെ പരിഗണിക്കാത്ത ഒരാൾക്കൊപ്പം ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ ഇന്നത്തെ കാലത്തെ ഒരു പെൺകുട്ടി തയ്യാറാവുകയില്ല. പൊട്ടിയൊലിക്കുന്ന പൈപ്പ് ഇതുവരെയും തനിക്ക് നന്നാക്കിത്തരാത്ത ഭർത്താവിന്റെ തലയിൽ അതേ പൈപ്പിൽനിന്നു വരുന്ന ശേഖരിച്ചുവച്ചിരിക്കുന്ന ചെളിവെള്ളം കോരിയൊഴിച്ച് അവൾ ഓടിരക്ഷപ്പെടുന്നു. അയാളുടെ നോട്ടവും കരവും എത്താത്ത മറ്റൊരു ജീവിതത്തിലേക്ക്.

ജയജയജയ ജയഹേയിലെ രാജേഷാണ് മറ്റൊരു ഭർത്താവ്. സ്വഭാവവൈകല്യമുള്ള ഒരു കഥാപാത്രമാണ് അയാൾ. സ്വാർഥതയുടെ മുഴുരൂപം. മുൻകോപമാണ് അയാളുടെ മുഖമുദ്ര. കോഴിഫാം നടത്തുന്ന അയാൾ പെണ്ണുകാണാൻ വരുമ്പോൾ ചോദിക്കുന്ന ചോദ്യത്തിൽ തന്നെയുണ്ട് അയാൾ ഭാര്യയെ എങ്ങനെയാണ് കാണുന്നതെന്ന്. അതിന്റെ പ്രത്യക്ഷതെളിവുകളോടെയാണ് പിന്നീടുള്ള അവളുടെ ജീവിതം മുന്നോട്ടുപോകുന്നതും.

സിനിമയ്ക്കും ഔട്ടിങ്ങിനുമെല്ലാം ഭാര്യയെ കൊണ്ടുപോകുമ്പോഴും അഭിപ്രായം അവളോടു ചോദിച്ചിട്ടും അതിനെ പരിഗണിക്കാതെ അവളുടെ ഇഷ്ടങ്ങളുടെമേൽ സ്വന്തം ഇഷ്ടങ്ങൾ അടിച്ചേല്പിക്കുകയാണ് രാജേഷ്. ഇഷ്ടപ്പെട്ട ഭക്ഷണംപോലും കഴിക്കാൻ അവൾക്ക് അവസരങ്ങളില്ലാതെയാകുന്നു. മുൻകോപം ഒരു സ്വഭാവപ്രത്യേകതയാണെങ്കിലും അതിനെ സഹിഷ്ണുതയോടെ ആരും സ്വീകരിക്കാറില്ല. കുടുംബജീവിതത്തിൽ മാത്രമല്ല ഔദ്യോഗികജീവിതത്തിൽപോലും മുൻകോപിയായ ഒരാളുടെ ഒപ്പമുള്ള സഹവാസം ദുഷ്കരമായിരിക്കും. ദാമ്പത്യത്തിലെത്തുമ്പോൾ ഈ മുൻകോപം മറ്റൊരു തലത്തിലേക്കുകൂടി മാറും.

ഇണയെ ദേഹോപദ്രവം ഏല്പിക്കുക എന്നതാണ് അത്. അടികൊള്ളാൻ വിധിക്കപ്പെട്ടവളാണു ഭാര്യയെന്നാണ് ഇത്തരക്കാരുടെ ധാരണ. ദേഷ്യം കെട്ടടങ്ങിക്കഴിയുമ്പോൾ സോറി പറയുന്നതോടെ ഭാര്യ തന്നെ താൻ ആഗ്രഹിക്കുന്നതുപോലെ സ്നേഹിക്കുകയും തന്നോടു പെരുമാറുകയും വേണമെന്നും ഇവർക്കു ശാഠ്യമുണ്ട്. ഭാര്യയെ അടിമയെപ്പോലെ സമീപിക്കുന്നവരാണ് ഇവർ. രാജേഷിന്റെ ഈ അടിച്ചമർത്തൽസ്വഭാവവും സ്വാർഥതയും ഏറ്റവും നിന്ദ്യമായ അവസ്ഥയിലെത്തുന്നത് അയാൾ പ്രണയം നടിച്ച് ഭാര്യയെ വശത്താക്കുകയും അവളെ ആസൂത്രിതമായരീതിയിൽ ഗർഭവതിയാക്കുകയും ചെയ്യുമ്പോഴാണ്. കുട്ടിയായിക്കഴിയുമ്പോൾ പിന്നീടൊരിക്കലും ഭാര്യയ്ക്കു സ്വന്തമായി അസ്തിത്വമുണ്ടാവില്ലെന്നും കുഞ്ഞുങ്ങളുമായി ജീവിതകാലം മുഴുവനും തന്റെ അടിയും ഇടിയും തൊഴിയുമേറ്റ് അവൾ ജീവിച്ചുകൊള്ളുമെന്നും വിചാരിക്കുന്നിടത്താണ് രാജേഷ് പുരുഷവർഗത്തിനു മുഴുവൻ അപമാനമാകുന്നത്.

പക്ഷേ, രാജേഷിന്റെ അത്തരം ധാരണകളെ കായികമായും കച്ചവടപരമായും നേരിട്ട് സ്വന്തംകാലിൽ നില്ക്കാൻ പ്രാപ്തിയുള്ളവളായി ജയ മാറുന്നിടത്താണ് ചിത്രം അവസാനിക്കുന്നത്.

വിദ്യാഭ്യാസംകൊണ്ടും തൊഴിൽകൊണ്ടും ഉന്നതനിലവാരമുണ്ടായിരുന്നിട്ടും ഇന്നും പല പുരുഷന്മാർക്കും തങ്ങളുടെ ഭാര്യമാർക്ക് അവർ അർഹിക്കുന്ന രീതിയിലുള്ള ആദരവോ തുല്യതയോ നല്കാൻ കഴിയുന്നില്ല. ജെൻഡർ ഈക്വാലിറ്റി ദാമ്പത്യബന്ധത്തിൽ ഇനിയും നടപ്പാകാത്ത ഒരു യാഥാർഥ്യമാണ്.

മലയപർവതത്തിൽനിന്നു പറിച്ചുനടപ്പെട്ട മുല്ലവള്ളികളാണ് ഓരോ സ്ത്രീയും. പിതൃഗൃഹത്തിൽനിന്ന് ഭർത്തൃഗൃഹത്തിലേക്ക് അവൾ പറിച്ചുനടപ്പെടുമ്പോൾ അവൾക്കു വേണ്ടത് കൈപിടിച്ചവന്റെ കരുതലും കരുണയും ലാളനയും സ്നേഹവുമാണ്. അതിനു കോട്ടം സംഭവിക്കുമ്പോൾ അവൾ തകരും. അവളെ സന്തോഷിപ്പിക്കാതെയും പരിഗണിക്കാതെയും കുടുംബജീവിതത്തിന്റെ ശാന്തിയും സമാധാനവും ഉറപ്പുവരുത്താനാവില്ല.

അതേ, ഏതൊരു ഭാര്യയും ആഗ്രഹിക്കുന്നത് ഭർത്താവിന്റെ പരിചരണവും കരുതലും സ്നേഹവുമാണ്. അതവർ ആഗ്രഹിക്കുന്നതുപോലെ ലഭിക്കുന്നുണ്ടെങ്കിൽ കുടുംബജീവിതത്തിലെ ഏതു വെല്ലുവിളിയെയും സധൈര്യം നേരിടാൻ അവൾക്കു കരുത്തുണ്ടാകും.

■

Deepanalam Weekly
RNI No : 16998/68
Vol. 55 No. 40 Date of Publication 8 dec 2022
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org